
KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 33 / Issue: 7 July 2022 ₹:10/-



# MOR IGNATIOUS EDUCATIONAL CHARITABLE SOCIETY, KURICHY REG.No. K 46/09

ആകെ അംഗങ്ങൾ: 168 — ആരംഭിച്ചത്: 14-01-2009

വിദ്യാഭ്യാസ സഹായം ലഭിച്ചവർ: 141 — ആകെ കൊടുത്ത തുക: 38,80,600

## എൻഡോവ്മെന്റ് ഫണ്ടുകൾ

| എൻഡോവ്മെന്റ് ഫണ്ടുകൾ | |
|---|---|
| 1. സി. കെ തോമസ് ചെറുവേലിൽ | 25,000 |
| 2. വിജയ ഏബ്രഹാം വിനോദ്ഭവൻ | 25,000 |
| 3. തോമസ് പോത്തൻ, പുതിയാറ, കുറ്റൂർ | 50,000 |
| 4. വി.സി. കുരുവിള & ചിന്നമ്മ കുരുവിള, വാഴൂത്ര | 35,000 |
| 5. കുറിയാക്കോസ് & സാറാമ്മ കുറിയാക്കോസ് കൊച്ചുപുരയ്ക്കൽ | 25,000 |
| 6. തൊമ്മൻ അന്ത്രയോസ്, ചക്കാലയിൽ | 50,000 |
| 7. നീതു തോമസ് അയിരൂർ | 25,000 |
| 8. പേരകത്ത് എൻഡോവ്മെന്റ് | 2,45,000 |
| 9. ചാച്ചി ഉതുപ്പാൻ പേരകത്ത് | 1,00,000 |
| 10. ഉലഹന്നാൻ ഉതുപ്പാൻ പേരകത്ത് | 1,40,000 |
| 11. ഏലിയാമ്മ ഉതുപ്പാൻ പേരകത്ത് | 75,000 |
| 12. പി. ഒ. ചാക്കോ പേരകത്ത് | 50,000 |
| 13. ഷിബു ജോൺ പേരകത്ത് | 1,00,000 |
| 14. ഉലഹന്നാൻ & അന്നാമ്മ ഉലഹന്നാൻ, പേരകത്ത് | 50,000 |
| | 9,95,000 |

## നീക്കിയിരിപ്പ് as on 31-03-2022

| നീക്കിയിരിപ്പ് as on 31-03-2022 | |
|---|---|
| Fixed Deposit SBI, Kurichy | 21,37,000 |
| Fixed Deposit Federal Bank, Kurichy | 1,50,000 |
| Savings A/c SBI Kurichy | 62,826 |
| Savings A/c Federal Bank, Kurichy | 1,29,718 |
| Cash in hand | 343 |
| **Total** | **24,78,887** |

## ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | റവ. ഡോ. ജയിംസ് ജേക്കബ് തോടത്തിൽ |
| വൈ. പ്രസിഡന്റ് | : | റവ. ഫാ. ബിനോജ് കുറിയാക്കോസ്, തുണ്ടിയിൽ |
| സെക്രട്ടറി | : | ഷിനു കുറിയാക്കോസ്, പടിഞ്ഞാറേതിൽ |
| ജോ. സെക്രട്ടറി | : | ശ്യാം ബാബു കളക്കാട്ട് |
| ട്രഷറർ | : | പി. ഒ. ഉലഹന്നാൻ പേരകത്ത് |
| ജോ. ട്രഷറർ | : | പുന്നൂസ് ചാക്കോ തേമ്പാറയിൽ |

### കമ്മിറ്റി മെമ്പേഴ്സ്

ബിനോ കുറിയാക്കോസ് കരിമ്പന്നൂർ
റ്റി. ജെ ജോസഫ് തുണ്ടിയിൽ
സജി സ്കറിയ കരിമ്പന്നൂർ
തോമസ് കുരുവിള അയിരൂർ
തോമസ് ജേക്കബ് കണ്ണാട്ട്പറമ്പിൽ
സജി ഏബ്രഹാം ചക്കാലയിൽ
രാജൻ കുര്യൻ തൈപ്പറമ്പിൽ
സഖറിയ ജോസഫ് പിച്ചകപ്പള്ളിൽ

### പ്രത്യേക ക്ഷണിതാക്കൾ

ഫാ. ജേക്കബ് കല്ലുകുളം
(വികാരി മോർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി, കുറിച്ചി)
ബിജുമോൻ ചാക്കോ തേമ്പാറയിൽ
സാജൻ തോമസ് പരവഞ്ചേരിൽ

# ക്നാനായ ദീപം

SINCE 1989

2022 ജൂലൈ പുസ്തകം 33 ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ക്രിയാത്മക മനോഭാവം 08
റ്റി.സി. തോമസ് തോപ്പിൽ

പരോപകാരാർത്ഥം 10
ഏബ്രഹാം കല്ലിശ്ശേരി

സറുഗിലെ മാർ യാക്കോബ് 19
ലീലാമ്മ ഏബ്രഹാം പാലക്കുടിയിൽ

ജോലിയില്ലാത്ത എഞ്ചിനീയറും.... 21
സുനിൽ ഡി. കുരുവിള

നോമ്പ് 22
ജെയിനമ്മ മർക്കോസ്

ഒന്നുകൊണ്ടാലേ പഠിക്കൂ 23
ലിഷ സിജോ വിലങ്ങൻപാറ

മാതൃകാ കുടുംബജീവിതം 24
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഏവൻഗേലിയോൻ ദീപം 27
ഫാ. ജിനു മാത്യു മേലേൽ

ആകെ അല്പനേരം മാത്രം 31
അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

32 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

37 മരണം ഒരു യാഥാർത്ഥ്യം
ആൻഡ്രൂസ് പി. ജോർജ്ജ്, പ്ലാതോടത്തിൽ, ഓതറ

39 കെ.സി. ഉണ്ണിട്ടൻ അനുസ്മരണം
ഫാ. റോയ് മാത്യൂസ് മുളമൂട്ടിൽ

40 സ്പോക്കൺ ഇംഗ്ലീഷ്

44 നശ്വരം
പുളിങ്കുന്ന് ലൂക്കാ

45 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**നല്ലവനും വിശ്വസ്തനുമായ ദാസൻ എന്ന വിളിക്ക് യോഗ്യനായിത്തീരണമെന്ന നിർബന്ധ ബുദ്ധിയോടും തീരുമാനത്തോടും പ്രവർത്തിക്കുമെങ്കിൽ സഭാജനങ്ങളിൽ അത് വളരെ സ്വാധീനം ചെലുത്തുമെന്നതിന് സംശയമില്ല.**

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച രക്ഷിക്കപ്പെട്ടവരുടെകൂട്ടമായ സഭ ഒന്നേയുള്ളുവെങ്കിലും ഇന്ന് വിവിധ സഭാവിഭാഗങ്ങൾ നിലനിൽക്കുകയാണ്. അതു കൊണ്ട് ക്രിസ്തീയ വിശ്വാസികൾ സഭയിൽ അംഗമായിരിക്കാൻ നിർബന്ധിതരായിത്തീരുന്നു. ദൈവത്തോടും മാതാപിതാക്കളോടും ഗുരുക്കന്മാരോടും ഉള്ളതുപോലെയുള്ള സ്നേഹം സഭയോടും ഉണ്ടായിരിക്കേണ്ടതാണ്. ദൈവത്തിൽ നിന്നും മാതാപിതാക്കളിൽനിന്നും ഗുരുക്കന്മാരിൽനിന്നും നമുക്ക് ലഭിക്കുന്നതുപോലെ ഉള്ള നന്മ മറ്റാരിൽനിന്നും ലഭിക്കുകയില്ല. പക്ഷേ മേൽപ്പറഞ്ഞവരിൽനിന്ന് നമുക്ക് ശാസനകളും ശിക്ഷകളും ലഭിക്കാറുണ്ട്. അത് സഹിക്കുന്നവർക്കാണ് അനുഗ്രഹം പ്രാപിക്കാൻ കഴിയുക. സഭയിലും നമുക്ക് ആത്മീക അനുഗ്രഹങ്ങൾക്കൊപ്പം രുചിക്കാത്ത പല അനുഭവങ്ങളും ഉണ്ടായി എന്നുവരാം. വിവിധ സ്വഭാവക്കാരും അഭിപ്രായക്കാരും സമ്പന്നരും ദരിദ്രരും പണ്ഡിതന്മാരും ഒക്കെയുള്ള സഭയെ ചിട്ടയായി നിലനിർത്തുന്നതിന് ഭരണഘടന പല വ്യവസ്ഥകളും വച്ചിട്ടുണ്ട്. അത് പാലിക്കുവാൻ ഓരോ അംഗത്തിനും കടമയുണ്ട്. സഭാ നേതൃത്വത്തെ അംഗീകരിച്ചും അനുസരിച്ചും കൂട്ടായ്മയിലും ഐക്യത്തിലും സ്നേഹത്തിലും പ്രവർത്തിക്കുന്നവരാണ് ഉത്തമ വിശ്വാസികൾ. സഭാനേതൃത്വത്തെ കുറ്റം പറഞ്ഞും പട്ടക്കാരനേയും പള്ളികമ്മിറ്റിയേയും കുറ്റം പറഞ്ഞും വിശ്വാസികൾ തമ്മിൽ പിണങ്ങിയും സഭയെ ഉപേക്ഷിക്കുന്നത് ഉചിതമല്ല. കാരണം സഭ ക്രിസ്തുവിന്റെ ശരീരവും വിശ്വാസികൾ അതിലെ അവയവങ്ങളും സഭയുടെ തല ക്രിസ്തുവും ആണ്. ഓരോ വിശ്വാസിയും ക്രിസ്തുവുമായുള്ള അചഞ്ചലമായ ബന്ധവും ആശ്രയവും കൊണ്ടാണ് സഭയിൽ അംഗമാകുന്നത്. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും ഒരു ശക്തിക്കും നമ്മെ വേർപിരിക്കാൻ കഴിയുകയില്ല എന്ന് വി. പൗലോസ് പറയുന്നതുപോലെ സഭാസ്നേഹത്തിൽനിന്നും എന്നെ വേർപിരിക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്നുള്ള ദൃഢനിശ്ചയം ഉണ്ടായിരിക്കണം. അല്ലെങ്കിൽ അതിനെ ആൾക്കൂട്ടമെന്നേ വിളിക്കുകയുള്ളു. ദൈവത്തേയും ജനത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പുരോഹിതനാണ്. ജനത്തിന്റെ ഏത വസ്ഥയിലും അനുഭവത്തിലും ദൈവസാന്നിദ്ധ്യവും ദൈവീക ബോധവും വിശ്വാസവും പ്രത്യാശയും നൽകി വിശ്വാസിയെ നടത്തുന്ന അതിമഹത്തായ ശുശ്രൂഷയാണ് പുരോഹിതനുള്ളത്. ദൈവപ്രസാദമുള്ള ഒരു പുരോഹിതന് അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ നിർവ്വഹിക്കാനും വിശ്വാസികളെ സഭാസ്നേഹത്തിൽ വളർത്തിയെടുക്കാനും കഴിയുമെന്നതിനു സംശയമില്ല. സഭയിൽ ക്രിസ്തുവിനും പരിശുദ്ധാത്മാവിനുമാണ് കേന്ദ്രസ്ഥാനമുള്ളത്.

“സത്യവചനത്തെ യഥാർത്ഥമായി വിഭാഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നിൽപ്പാൻ ശ്രമിക്കാം'' എന്ന് പൗലോസ് ഉദ്ബോധിപ്പിക്കുന്നു. ഇതിന്റെ ആത്മീകാർത്ഥം എഫേസ്യ ലേഖനത്തിൽ കാണാം. ദൈവജനം ആത്മീക ഗൃഹമായി പണിയപ്പെടുന്നു. 1 പത്രോ. 2:5, എഫേ. 2:20 എത്ര വലിയ കടമയാണ് ദൈവം തന്റെ ദാസന്മാരുടെ പക്കൽ ഏല്പിച്ചിരിക്കുന്നത്. ഇപ്രകാരം ശരിയായി വചനം വിഭാഗിക്കുന്നവർ ദൈവത്തിന്റെ അഭിനന്ദനം പ്രാപിക്കും, ഒരിക്കലും ലജ്ജിക്കേണ്ടിവരികയില്ല. അഭിമാനിക്കുവാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുന്ന പുരോഹിതന് അഭിമാനിക്കാൻ വകയുണ്ട്. നല്ലവനും വിശ്വസ്തനുമായ ദാസൻ എന്ന വിളിക്ക് യോഗ്യനായിത്തീരണമെന്ന നിർബന്ധ ബുദ്ധിയോടും തീരുമാനത്തോടും പ്രവർത്തിക്കുമെങ്കിൽ സഭാജനങ്ങളിൽ അത് വളരെ സ്വാധീനം ചെലുത്തുമെന്നതിന് സംശയമില്ല.

നമ്മുടെ സഭയ്ക്ക് പ്രശംസിക്കാവുന്ന പല മേന്മകൾ ഉണ്ടെങ്കിലും സഭാംഗങ്ങൾ ആത്മീക ജീവിതത്തിൽ ഉയരുന്നതിനുള്ള യത്നങ്ങളിൽ വളരെ പിന്നോക്കം സ്ഥിതി ചെയ്യുന്നു എന്നുള്ളത് മറച്ചുവയ്ക്കാവുന്ന കാര്യമല്ല. എന്നാൽ സഭയുടെ ചൈതന്യത്തിന്റെയും, വളർച്ചയുടെയും ഉരകല്ല് സഭാംഗങ്ങളായ ഏവരുടെയും ജീവിതത്തിലുള്ള ആത്മീകാനുഭവമാണെന്നു പറയാവുന്നതാണ്. വ്യക്തികളിൽ ജീവിതമേന്മയും, ആഴമായ ദൈവഭക്തിയും ഉൾപ്രവേശിപ്പിക്കുവാൻ സഭയ്ക്ക് ചുമതലയുണ്ട്. നമ്മുടെ മലങ്കര സഭയുടെ ദീർഘകാല ചരിത്രത്തിൽ വിശുദ്ധന്മാരുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടിട്ടുള്ളവർ വളരെ കുറവാണ്. ഭൂമിയിലെ വിശുദ്ധന്മാരായിത്തീരുവാൻ തക്കവണ്ണം നമുക്ക് ദൈവത്തോടു ചേർന്നു നടക്കാം. ഏതു മനുഷ്യന്റെയും ജീവിതത്തിന്റെ യഥാർത്ഥമായ തൂക്കവും ആക്കവും ദൈവത്തിനു മാത്രമേ അറിയുവാൻ കഴിയുകയുള്ളു. അവന്റെ മുമ്പാകെ കുറ്റമില്ലാത്തവരായി നിൽക്കാൻ ശ്രമിക്കണം. വിശ്വാസ ഉപദേശങ്ങൾ, വി. കൂദാശകൾ, ആചാരാനുഷ്ഠാനങ്ങൾ, മുതലായ കാര്യങ്ങളിൽ സഭ നിഷ്കർഷ കാണിക്കുന്ന പ്രശംസനീയമായ പാരമ്പര്യം വ്യക്തികളുടെ ജീവിത വിശുദ്ധിയിലും സശ്രദ്ധം പാലിപ്പാൻ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മൂന്നു വിധത്തിലുള്ള ജനവിഭാഗങ്ങളെ നമ്മുടെ സഭയിൽ കാണാൻ കഴിയും.

1. സഭയുടെ വിശ്വാസാചാരങ്ങൾ പാലിച്ച് ഭക്തിയിൽ ജീവിക്കുന്നവർ.

2. സഭാ നിയമങ്ങൾ ബാഹ്യമായി പേരിനുവേണ്ടി ആചരിക്കുമെങ്കിലും ആന്തരിക വ്യതിയാനം ഇല്ലാത്തവർ.

*(ശേഷം പേജ് 9-ൽ)*



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**"പൂർവ്വപിതാക്കന്മാർ നമുക്ക് നൽകിയ വിശ്വാസമാതൃക നമ്മൾ ഓരോരുത്തരിലൂടെയും പിൻതുടരുവാൻ നമുക്ക് പ്രാർത്ഥിക്കാം."**

**വാത്സല്യ മക്കളെ,**

ഫ്രാൻസിന്റെ ചക്രവർത്തിയായിരുന്ന നെപ്പോളിയൻ ബോണപ്പാർട്ട് യൂറോപ്പിലെ പ്രമുഖ രാജ്യങ്ങളെയെല്ലാം കീഴടക്കി. ഫ്രാൻസിന്റെ സൈനിക ശക്തിയെ ചെറുത്തു നിൽക്കുവാൻ ആർക്കും കഴിഞ്ഞില്ല. യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളും നെപ്പോളിയന്റെ ഫ്രഞ്ച് സൈന്യത്തിന് മുൻപിൽ കീഴടങ്ങി. അങ്ങനെയിരിക്കെ റഷ്യയെ കീഴടക്കുവാനുള്ള മോഹം അദ്ദേഹത്തിലുണർന്നു. ഒരു വലിയ സൈന്യത്തെയും കൊണ്ട് അദ്ദേഹം റഷ്യയിലേയ്ക്ക് നീങ്ങി. നെപ്പോളിയന്റെ വരവറിഞ്ഞ് റഷ്യക്കാർ തങ്ങളുടെ വയലുകളും ധാന്യങ്ങളുമെല്ലാം തീവെച്ച് നശിപ്പിച്ചു. അവർ കന്നുകാലികളെയും കൊണ്ട് ഭവനങ്ങളുപേക്ഷിച്ച് പിൻവാങ്ങി.

റഷ്യയിലേയ്ക്ക് ചെന്നപ്പോൾ ശൂന്യമായ നഗരങ്ങളും ഗ്രാമങ്ങളും, തീവെച്ചു നശിപ്പിച്ച വയലുകളും മാത്രമാണ് ഫ്രഞ്ച് സൈന്യം കണ്ടത്. റഷ്യക്കാർ കന്നുകാലികളെയെല്ലാം കൊണ്ടുപോയതിനാൽ മാംസമില്ല. വയലുകൾ തീവെച്ചു നശിപ്പിച്ചതിനാൽ ധാന്യവുമില്ല. ലക്ഷക്കണക്കിനു വരുന്ന സൈന്യം പട്ടിണിയിലായി. പലരും മരിച്ചുവീണു. സൈന്യം മോസ്ക്കോയിലെത്തിയപ്പോൾ കത്തിയെരിയുന്ന പട്ടണമാണ് കണ്ടത്. തണുപ്പുകാലം ആരംഭിച്ചതിനാൽ ആവശ്യത്തിന് വസ്ത്രങ്ങളുമില്ലാത്തതിനാൽ സൈനികർ ക്ഷീണിച്ചു തളർന്നു. ഒടുവിൽ സൈന്യത്തെ ഫ്രാൻസിലേക്ക് തിരിച്ചു നയിക്കാൻ നെപ്പോളിയൻ നിർബന്ധിതനായി.

ഏകദേശം അഞ്ചുലക്ഷത്തോളം സൈനികർ പട്ടിണിയും തണുപ്പുംമൂലം മരിച്ചു വീണു. നെപ്പോളിയന്റെ സൈന്യത്തിന്റെ ശക്തി ചോർന്നു എന്നു മനസ്സിലാക്കിയ ശത്രുക്കൾ നെപ്പോളിയനെതിരെ പോരാടി ഫ്രഞ്ചു സൈന്യത്തെ കീഴടക്കി.

നെപ്പോളിയന്റെ സൈനികശക്തി ദുർബലമായതു റഷ്യൻ ജനതയുടെ യുദ്ധതന്ത്രം മൂലമാണ്. ഭക്ഷണക്ഷാമവും കടുത്ത തണുപ്പും ഫ്രഞ്ച് സൈന്യത്തെ പരാജയപ്പെടുത്തി.

റഷ്യൻ ജനത ഫ്രഞ്ച് സൈന്യത്തോട് നേരിട്ട് യുദ്ധം ചെയ്യാതെ തന്ത്രത്തിലൂടെ അവരെ പരാജയപ്പെടുത്തിയപോലെയാണ് ആത്മീയലോകത്ത് സാത്താൻ തന്ത്രങ്ങളിലൂടെ വിശ്വാസികളെ പരാജയപ്പെടുത്തുന്നത്. പരി. കുർബ്ബാനയോടും (കൂദാശ ജീവിതത്തോടും) തിരുവചനത്തിലധിഷ്ഠിതമായ ജീവിതത്തോടും, പ്രാർത്ഥനാ ജീവിതത്തോടുമുള്ള താൽപര്യമില്ലായ്മ വിശ്വാസികളിലുണർത്തി അവരുടെ വിശ്വാസം ദുർബ്ബലപ്പെടുത്തുന്ന തന്ത്രമാണ് ഈ കാലഘട്ടങ്ങളിലെ നരകശക്തികളുടെ യുദ്ധമുറയെന്ന് വിശ്വാസികൾ തിരിച്ചറിയണം.

ആത്മീയ ഭക്ഷണമില്ലെങ്കിൽ എത്ര ശക്തരാണെങ്കിലും നമ്മൾ തകർന്നു പോകുമെന്ന് എപ്പോഴും നാം ഓർത്തിരിക്കണം. യേശു തമ്പുരാൻ തന്നെ ഇപ്രകാരം വെളിപ്പെടുത്തി "മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടു മാത്രമല്ല, പിന്നെയോ ദൈവവദനത്തിൽ നിന്നും പുറപ്പെടുന്ന എല്ലാ വചനം കൊണ്ടും അത്രെ എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്തായി 4:4). കഴിഞ്ഞ തലമുറയുടെ എല്ലാ അനുഗ്രഹങ്ങളുടെയും ശക്തിസ്രോതസ്സ് അവരുടെ ശക്തമായ ദൈവകേന്ദ്രീകൃതമായ ജീവിതമായിരുന്നു. കുടിയേറ്റ ജനതയായ ക്നാനായ സമൂഹത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെ എല്ലാക്കാലത്തുമുള്ള ഈ ജനതയുടെ ദൈവവിശ്വാസതീക്ഷ്ണതയാണ്. ദൈവത്തിന് പ്രഥമ പരിഗണന നൽകി ജീവിച്ച ഒരു സമൂഹവും നശിച്ചുപോയിട്ടില്ലെന്നു മാത്രമല്ല അവർ വളർന്നു ശക്തിപ്രാപിച്ച ചരിത്രമാണ് ഇന്നോളം നമുക്ക് കാണാൻ സാധിക്കുന്നത്. ഇസ്രായേൽ ജനതയുടെ ചരിത്രംതന്നെ അതിനുദാഹരണമാണ്.

അനേകം പ്രതിസന്ധികളും പ്രതിബന്ധങ്ങളുമുള്ള ഈ കാലഘട്ടത്തിൽ പൂർണ്ണമായും ദൈവത്തിലാശ്രയിക്കുന്ന ജീവിതം നയിക്കുവാനും, ദൈവത്തിൽ പൂർണ്ണമായും ശരണം പ്രാപിക്കുന്ന ജീവിതം നയിക്കുവാൻ അടുത്ത തലമുറകളെ പരിശീലിപ്പിക്കാനും നമുക്ക് പരിശ്രമിക്കാം. തിരുവചനത്തിലൂടെ യേശു തമ്പുരാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. "എന്നെക്കാൾ അധികമായി പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോജിക്കുന്നവനല്ല. എന്നെക്കാൾ അധികമായി പുത്രനെയോ, പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്കു കൊള്ളാവുന്നവനല്ല" (മത്തായി 10:37).

നമ്മുടെ ജീവിതത്തിൽ നാം ഓരോരുത്തരും പ്രഥമസ്ഥാനം നൽകേണ്ടത് ദൈവത്തിനാണെന്ന് യേശു

*(ശേഷം പേജ് 9-ൽ)*



# സമുദായ വാർത്തകൾ

റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

സമുദായം ഇന്ന് ഒരു പുതിയ പാതയിൽക്കൂടി യാത്ര ചെയ്യുകയാണ്. ഏതൊരു ക്നാനായക്കാരനും അന്ത സ്സോടെ പറയുവാനും അഭിമാനത്തോടെ ചൂണ്ടിക്കാണി ക്കുവാനും സാധിക്കുന്ന വികസനപ്രവർത്തനങ്ങൾ ആണ് ഈ കമ്മിറ്റി നടത്തിയിരിക്കുന്നത്. അത് എല്ലാവർക്കും അറിയാവുന്നതാണ്. ക്നാനായ സമൂഹം ഞങ്ങളെ ഏല്പിച്ച ചുമതല അതിന്റേതായ ഉത്തരവാദിത്വത്തോടെ ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ക്നാനായ കമ്മിറ്റി ആവുന്ന വിധം സമുദായ ത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കു ന്നു. അസ്സോസിയേഷൻ കാലാവധി ഇനിയും ഒന്നേകാൽ വർഷം കൂടി മാത്രമേയുള്ളൂ. ഈ സമയത്തിനിടയിൽ ഞങ്ങൾ രാഷ്ട്രീയ ആപ്തവാക്യം കടമെടുത്തു പറയട്ടെ "അതിവേഗം ബഹുദൂരം" ക്നാനായ കമ്മിറ്റി പ്രവർത്തി ച്ചുകൊണ്ടിരിക്കുന്നു. മോർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിന്റെ എക്സ്റ്റൻഷൻ ജോലികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു അതുപോലെ സേവേറിയോസ് ക്നാനായ കോളേജിന്റെ നിർമ്മാണവും വളരെ പെട്ടെന്ന് തന്നെ ആരംഭിച്ചു കഴിഞ്ഞു. ബാംഗ്ലൂരിൽ സമുദായത്തിന് സ്ഥലം ഉണ്ടായിരുന്നു എന്നു മാത്രമേ ഞങ്ങൾക്ക് അറിവുണ്ടായിരുന്നുള്ളൂ. എന്നാൽ സ്ഥലം എവിടെയാണെന്നോ, അതിന്റെ ഡോക്യുമെന്റുകൾ എവി ടെയാണ് എന്നൊന്നും കമ്മിറ്റിയ്ക്ക് അറിയില്ലായിരുന്നു. എന്നാൽ 2020-ൽ ഞങ്ങൾ ബാംഗ്ലൂരിൽ പോയി അതിന്റെ രേഖകൾ കണ്ടുപിടിച്ച്, ആ സ്ഥലം ലൊക്കേറ്റു ചെയ്തു രേഖകൾ ക്രമപ്പെടുത്തി സമുദായത്തിന്റെ കൈവശത്തി ലാക്കി, അവിടെ ഒരു പ്രോജക്ട് നടത്തുന്നതിനുവേണ്ടി യുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. ഓഗസ്റ്റ് മാസത്തോടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കാം എന്നു ദൈവത്തിൽ ശരണപ്പെടുന്നു. ഈ പ്രോജക്ട് പ്രാവർത്തി കമാക്കുമ്പോൾ ക്നാനായ സമുദായത്തിന് ഏതാണ്ട് എട്ടു കോടി രൂപയുടെ ആസ്തിയാണ് ഉണ്ടാകുവാൻ പോകു ന്നത്. ഇതിനുവേണ്ടി സഹകരിച്ചുകൊണ്ടിരിക്കുന്ന മുൻ മന്ത്രി ശ്രീ ജോർജുകുട്ടി കേളച്ചന്ദ്രയോടും ശ്രീ. റ്റി. വി. ഏലിയാസ് ബാംഗ്ലൂരിനോടുമുള്ള നന്ദി അറിയിക്കുന്നു. അതുപോലെ സമുദായത്തിന് ഉണ്ടായിരുന്ന കുറിച്ചി തോ ട്ടവും മന്ദിരം സ്കൂളും ഇന്നും സമുദായത്തിന്റെ അധീന തയിൽ അല്ല. അത് സമുദായത്തിനു തിരികെ ലഭിക്കുന്ന തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കമ്മിറ്റി ആരംഭിച്ചു കഴിഞ്ഞു. ഈ കാര്യങ്ങൾക്കെല്ലാം സമുദായ ജനങ്ങളുടെ പിന്തുണയും പ്രാർത്ഥനയും കമ്മിറ്റി അഭ്യർത്ഥിക്കുന്നു. 14-06-2022-ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയിൽ 2022-2023-ലെ സമുദായ ബഡ്ജറ്റ് അവത രിപ്പിച്ചു. 117570000/- രൂപ വരവും 117233500/- രൂപ ചിലവും 336500/- രൂപ മിച്ചവുമുള്ള ബഡ്ജറ്റ് സമുദായ ആക്ടിംഗ് ട്രസ്റ്റി കമ്മിറ്റിയിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചയ്ക്കുശേഷം ബഡ്ജറ്റ് പാസ്സാക്കി. സമുദായത്തിലെ സഹായമെത്രാപ്പോലീത്താമാർക്ക് ടി.എ. കൊടുക്കുന്നതി നുള്ള തുകയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 14-06-2022-ൽ കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ക്നാനായ സമുദായ ത്തിന്റെ പുതിയ സംരംഭമാണ് ''സേവേറിയോസ് ക്നാനായ ഹൗസിംഗ് കോംപ്ലക്സ്'' എന്ന പ്രോജക്ട്. കമ്മിറ്റിയുടെ തീരുമാനപ്രകാരം സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ് മറ്റയ്ക്കാട്ട്, മാനേജിംഗ് കമ്മിറ്റിയംഗം ആലിച്ചൻ ആറൊ ന്നിൽ എന്നിവരുടെ നേതൃത്വത്തിൽ റാന്നി മോതിരവയ ലിൽ സമുദായത്തിനുള്ള സ്ഥലം സന്ദർശിച്ചു. ഇവിടെ സേവേറിയോസ് ക്നാനായ ഹൗസിംഗ് കോംപ്ലക്സ് എന്ന പ്രോജക്ട് ചെയ്യുന്നതിനാണ് ക്നാനായ കമ്മിറ്റി തീരുമാ നമെടുത്തത്. ഇതിന്റെ രൂപകല്പന ലോകപ്രസിദ്ധ Architect പത്മശ്രീ ഡോക്ടർ ജി. ശങ്കർ ചെയ്തു തരാം എന്ന് സമ്മതിച്ചിട്ടുണ്ട്. മനോഹരവും പ്രകൃതിരമണീയ വുമായ ഈ സ്ഥലം സമുദായത്തിന് സംഭാവന നൽകിയ തോമസ് മാമ്മൻ പുത്തൻപുരയ്ക്കലിനോട് ക്നാനായ സമുദായത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. ക്നാനായ സമുദായത്തിന്റെ ചിരകാല അഭിലാഷമായ സേവേറിയോസ് ക്നാനായ സയൻസ് ആൻഡ് ആർട്സ് കോളേജിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചോ ഇല്ലയോ എന്ന സിദ്ധാന്തീകരണം സോഷ്യൽ മീഡിയയിൽ കൂടി ചില ദോഷൈകദൃക്കുകൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. പണിയുന്ന കെട്ടിടം കോളേജിന് പകരം ഗോഡൗൺ ആക്കാമെന്നും കോഴിഫാം ആക്കാം എന്നും അനാഥാലയം ആക്കാമെന്നു മൊക്കെ പറഞ്ഞ് അപമാനിച്ചുകൊണ്ടിരുന്നു. തന്നെയു മല്ല എം.ജി. യൂണിവേഴ്സിറ്റിയിൽ ഈ കോളേജിന് അനു മതി കൊടുക്കരുത്, ഇത് തട്ടിപ്പാണെന്നു തുടങ്ങി സമുദാ യത്തെ താറടിച്ചു കാണിച്ചുകൊണ്ട് ധാരാളം കള്ള പെറ്റീ ഷനുകളുടെ പ്രവാഹം തന്നെ ആയിരുന്നു. അപ്പോഴപ്പോൾ യൂണിവേഴ്സിറ്റി അധികൃതർ ഇത് ഞങ്ങളെ അറിയിച്ചി രുന്നു. ഒരു വ്യക്തി വിവരാവകാശത്തിൽ ചോദിച്ച വിവര വും, അവർ കൊടുത്ത മറുപടിയും വരെ സോഷ്യൽ മീഡി

യയിൽ കാണുവാനിടയായി. യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരെ നേരിട്ട് ഫോണിൽക്കൂടി വിളിച്ച്, വിളിക്കുന്ന ആളിന്റെ താല്പര്യത്തിന് അനുസരിച്ചുള്ള ഉത്തരം ലഭിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതും, ആ വോയിസ് ക്ലിപ്പ് അവരുടെ അനുവാദമില്ലാതെ സോഷ്യൽ മീഡിയയിൽക്കൂടി പ്രചരിപ്പിക്കുക എന്ന മ്ലേച്ഛമായ കാര്യവും നമ്മൾ കണ്ടതാണ്. സമുദായത്തെ സ്നേഹിക്കുന്ന സമുദായ അംഗങ്ങൾക്കും അസ്സോസിയേഷൻ അംഗങ്ങൾക്കും ക്നാനായ കമ്മിറ്റിയിൽ വിശ്വാസമുണ്ടെന്ന് ഞങ്ങൾക്കറിയാം. ഒന്നും കാണാതെയല്ല ക്നാനായ കമ്മിറ്റിയും സമുദായ സെക്രട്ടറിയും പ്രവർത്തിക്കുന്നത് എന്ന് വിവരം ഉള്ളവർക്ക് മനസ്സിലാകും. അത് സമുദായ മെത്രാപ്പോലീത്തായ്ക്കും അറിയാം. എന്നാൽ പ്രിയപ്പെട്ടവരെ, ക്നാനായ കമ്മിറ്റിയെ അപമാനിച്ചുകൊണ്ടിരുന്ന സമയത്തുതന്നെ ഈ കോളേജിന് എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ അനുഭവം വച്ച് ഞങ്ങൾ അത് പരസ്യമാക്കിയില്ല. കോളേജിന് എതിരെ ധാരാളം കള്ള പെറ്റീഷനുകൾ യൂണിവേഴ്സിറ്റിയിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ താമസം ഉണ്ടാവുകയും ചെയ്തു. ഇനിയും വീണ്ടും പ്രതിസന്ധികൾ ഉണ്ടാകുമോ എന്നു ഞങ്ങൾക്ക് അറിയില്ല. ഉണ്ടായാലും ക്നാനായ കമ്മിറ്റിയെ സമുദായ അംഗങ്ങൾക്കിടയിൽ അപകീർത്തിപ്പെടുത്തുന്നത് തുടരുന്നതിനാൽ ഇനിയും ആ സന്തോഷവാർത്ത മൂടിവെച്ച് അപമാനം ഏൽക്കുവാൻ ഞങ്ങൾക്ക് കഴിയില്ല. അതിനാൽ ഈ സന്തോഷവാർത്ത സമുദായ അംഗങ്ങളെ അറിയിക്കണം എന്ന ഉദ്ദേശത്തിൽ ജൂൺ മാസം ഒൻപതാം തീയതി കൂടിയ അവൈലബിൾ ക്നാനായ കമ്മിറ്റി, എം.ജി. യൂണിവേഴ്സിറ്റിയുടെ അംഗീകാരം സമുദായ അംഗങ്ങളെ അറിയിക്കുവാൻ തീരുമാനിച്ചു. ആയതിനാൽ ആ സന്തോഷവാർത്ത ഇവിടെ അറിയിക്കുകയാണ്. ഈ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി പ്രയത്നിച്ച സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടും മറ്റ് എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. കാരുണ്യവാനായ ദൈവത്തിന്റെ അത്ഭുതകരമായ കരുണ മൂലം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിലാദ്യമായി ക്നാനായ സമുദായത്തിന് “സേവേറിയോസ് ക്നാനായ സയൻസ് ആൻഡ് ആർട്സ് കോളേജ്” എന്ന നാമത്തിൽ ഒരു ഉന്നത വിദ്യാലയത്തിന് അനുമതി ലഭിച്ചു എന്ന് എല്ലാ സ്നേഹനിധികളായ സമുദായ അംഗങ്ങളേയും വളരെ സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ വർഷം തന്നെ തടസ്സങ്ങൾ കൂടാതെ ക്ലാസ്സുകൾ തുടങ്ങുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. പ്രാവർത്തികമാക്കുവാൻ കഴിയുന്നത് മാത്രമേ ക്നാനായ കമ്മിറ്റി പറയുകയുള്ളു. പറയുന്നതുതന്നെ പ്രവർത്തിക്കുകയും ചെയ്യും. ഞങ്ങളെ വിശ്വാസത്തിൽ എടുത്തിട്ടുള്ള സമുദായ ജനത്തോട് ഞങ്ങൾ പറയുന്നു. ഞങ്ങൾ ഒരു കള്ളവും പറഞ്ഞിട്ടില്ല. സത്യം മാത്രമേ ഇതുവരെയും പറഞ്ഞിട്ടുള്ളു. അത് പിന്നീട് മനസ്സിലാകും. ഞങ്ങളെ വിശ്വസിക്കുക. എല്ലാ കാര്യങ്ങളും ഉത്തരവാദപ്പെട്ട ഒരു കമ്മിറ്റിയ്ക്ക് സോഷ്യൽ മീഡിയയിൽക്കൂടി തുറന്നു പറയുവാൻ കഴിയില്ല. അത് കുറച്ചു കഴിയുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾക്ക് ഒന്നും സോഷ്യൽ മീഡിയയിൽക്കൂടി മറുപടി ഞങ്ങളിൽ നിന്നും പ്രതീക്ഷിക്കേണ്ട. സമുദായത്തിന് ഒരു രൂപ നഷ്ടം വരുന്ന ഒരു പ്രവർത്തിയും ഇപ്പോഴത്തെ ക്നാനായ കമ്മിറ്റി പ്രവർത്തിക്കയില്ല എന്ന് ഞങ്ങൾ സമുദായത്തിന് ഉറപ്പു തരുന്നു. കുറച്ചു കഴിയുമ്പോൾ ഞങ്ങളുടെ നിശ്ചയദാർഢ്യവും പ്രവർത്തനങ്ങളും ജനങ്ങൾക്ക് മനസ്സിലാകും. 27/06/2022-ൽ കൂടിയ ക്നാനായ കമ്മിറ്റിയിൽ പുതുതായി നിർമ്മാണം തുടങ്ങുന്ന സേവേറിയോസ് ക്നാനായ സയൻസ് ആൻഡ് ആർട്സ് കോളേജ് കെട്ടിടത്തിലെ ക്ലാസ്സ്റൂമുകൾ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ദൈവാലയങ്ങളുടെയും സമുദായാംഗങ്ങളുടെയും പേരിൽ സ്പോൺസർ ചെയ്യുന്നതിനുള്ള അവസരം നൽകുവാൻ തീരുമാനിച്ചു. സിൽവർ സ്പോൺസർഷിപ്പ് 10 ലക്ഷം രൂപയും ഗോൾഡ് സ്പോൺസർഷിപ്പ് 15 ലക്ഷം രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. കോളേജിൽ ഉന്നതതല കോഴ്സുകളിൽ കുട്ടികളുടെ അഡ്മിഷൻ സമയങ്ങളിൽ സ്പോൺസർമാരുടെ ബന്ധുമിത്രാദികൾക്ക് മുൻഗണന കൊടുക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ക്നാനായ കമ്മിറ്റി കുൽപ്പമല ത്തോട്ടം സന്ദർശിച്ച് നടത്തിയ ക്രമീകരണത്തിന്റെ തുടർച്ചയായി വീണ്ടും 28-06-2022-ൽ ക്നാനായ കമ്മിറ്റി കുൽപ്പമല തോട്ടം സന്ദർശിക്കുകയുണ്ടായി. അന്നു റബർ പ്ലാന്റു ചെയ്തിരുന്ന 25 ഏക്കർ സ്ഥലവും കാടുപിടിച്ചു കിടക്കുകയായിരുന്നു. കാടു മുഴുവൻ വെട്ടിത്തെളിച്ച് റബ്ബറിന് ആവശ്യമായ വളം ഇട്ട് റബ്ബർ ടാപ്പിംഗിനു തയ്യാറാക്കി ടെണ്ടർ കൊടുത്ത് ടാപ്പിങ്ങ് ആരംഭിക്കുവാൻ സാധിച്ചു. തരിശായിക്കിടക്കുന്ന മറ്റു സ്ഥലങ്ങളിലെ കാട് വെട്ടിത്തെളിച്ചു കശുമാവിൻ തൈകൾ പ്ലാന്റു ചെയ്യുന്നതിനും സാധിച്ചു. ഈ തോട്ടം സമുദായത്തിന് സംഭാവനയായിത്തന്ന വാഴയിൽ കുടുംബം ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു എസ്റ്റേറ്റ് ബംഗ്ലാവ് അവിടെയുണ്ട്. അതു പരിപാലിക്കാതെ കിടന്ന് ജീർണ്ണിച്ച അവസ്ഥയിലാണ്. ഇപ്പോൾ അത് പുനരുദ്ധരിക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്ത ശേഷമാണ് കമ്മിറ്റി മടങ്ങിയത്. ഈ തോട്ടം ശരിക്ക് പരിപാലിച്ചു നടത്തിയാൽ സമുദായത്തിന് സ്ഥിരമായി ഒരു വലിയ വരുമാന സ്രോതസ്സ് ആയി മാറ്റുവാൻ നമുക്ക് സാധിക്കും. ഇത്രയും ദൂരം യാത്ര ചെയ്തു ത്യാഗം സഹിച്ചു സമുദായ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു. സമുദായത്തിനെതിരെ കേസുകളുടെ ബാഹുല്യം ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ക്നാനായ അസ്സോസിയേഷനിൽ ഭൂരിപക്ഷം എടുക്കുന്ന തീരുമാനങ്ങൾക്ക് എതിരായിട്ടാണ് കൂടുതൽ കേസുകളും. നമ്മുടെ കൊച്ചു സമുദായത്തിന് എതിരായി 21 ഒറിജിനൽ സ്യൂട്ടും (OS) കൂടാതെ 56 IA യും നിലവിലുണ്ട്. ഓരോ IA യും മൂന്നും നാലും ദിവസം വരെ വാദം കേട്ടതിനു ശേഷം മാറ്റിവയ്ക്കും. ചിലതിനു പിന്നീട് കോടതി ഉത്തരവ് ഇറക്കും ചില IA കൾ മാറ്റി മാറ്റി വെച്ചുകൊണ്ടിരിക്കും. ഇതു കൂടാതെ ചില IA കൾക്ക് എതിർഭാഗം ഹൈക്കോടതിയെ സമീപിക്കുന്നു. ചില ഒറിജിനൽ സ്യൂട്ടു ട്രയൽ നടത്തുന്നതിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. മൂന്നുകേസ് ഹൈക്കോടതിയിൽ പെൻഡിംഗിലാണ്. ചരിത്രത്തിൽ ഇത്രയും കേസുകൾ ഉള്ള ഒരു അവസ്ഥ ഉണ്ടായിട്ടില്ല. ഒരു OS പോലും കമ്മിറ്റിയോ അതുമായി ബന്ധപ്പെട്ടവരോ കൊടുത്തിട്ടില്ല എന്ന് നാം മനസ്സിലാക്കണം. ഈ കേസുകളിലെല്ലാം പ്രതിയായി വരുന്നത് സമുദായ മെത്രാപ്പോലീത്ത, സമുദായ സെക്രട്ടറി, സമുദായട്രസ്റ്റി, വൈദിക ട്രസ്റ്റി, അസ്സോസിയേഷൻ പ്രസിഡന്റ്, ക്നാനായ അസ്സോസിയേഷൻ തുടങ്ങിയവരാണ്. ഇങ്ങനെ എല്ലാവരും പ്രതികൾ ആകുമ്പോൾ ഓരോ കേസിന്റെയും മെറിറ്റു നോക്കി പല പല വക്കീലന്മാരെയും നിയോഗിക്കേണ്ടതായി വരുന്നു. ഓരോ അസ്സോസിയേഷൻ കൂടുന്നതിനു മുമ്പും

*(ശേഷം പേജ് 9-ൽ)*

# ക്രിയാത്മക മനോഭാവം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഒരിക്കൽ ഒരു രാജാവ് പ്രജകളുടെ ക്ഷേമത്തിനായി ഒരു പുതിയ റോഡ് നിർമ്മിച്ചു. റോഡിന്റെ ഒരു ഭാഗത്ത് ചപ്പുചവറുകളും കുറെ കരിങ്കൽ കഷണങ്ങളും കൂനയായി കിടക്കുന്നുണ്ടായിരുന്നു. അങ്ങനെയിരിക്കെ രാജാവ് ഒരു വിളംബരം ചെയ്തു. "ഈ റോഡിലൂടെ ഏറ്റവും നന്നായി യാത്ര ചെയ്യുന്ന ആളിന് ഒരു സമ്മാനം. മത്സര ദിവസമായി. ജീവിതത്തിന്റെ പല തുറകളിലുള്ള ധാരാളം ആളുകൾ എത്തിച്ചേർന്നു. ചില യുവാക്കൾ കുതിരപ്പുറത്തെത്തി. ചിലർ പുതുവസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് ആർഭാടമായി മത്സരത്തിൽ പങ്കെടുക്കാനെത്തി. എല്ലാവരും മത്സരത്തിൽ പങ്കെടുത്തു. അവരെല്ലാം റോഡിന്റെ ശുചിത്വമില്ലായ്മയെപ്പറ്റിയും മാർഗ്ഗതടസ്സമായി കിടന്ന കല്ലുകളെക്കുറിച്ചും രാജാവിനോട് പരാതിപ്പെട്ടു. കുറെക്കഴിഞ്ഞ് മുഷിഞ്ഞ വേഷം ധരിച്ച് ക്ഷീണിതനായ ഒരു യാത്രക്കാരൻ അതുവഴി വന്നു. അയാൾ റോഡിൽ ചിതറിക്കിടന്ന ചപ്പുചവറുകളും കല്ലുകളും പണിപ്പെട്ട് നീക്കം ചെയ്തു. പാറകളുടെ അടിയിൽ കണ്ട കാഴ്ച അയാളെ അത്ഭുതപ്പെടുത്തി. ഒരു വലിയ കിഴിക്കെട്ട്, അതു നിറയെ സ്വർണ്ണനാണയങ്ങൾ. യാത്രക്കാരൻ അത് രാജാവിനെ ഏൽപ്പിച്ചു. രാജാവ് സന്തുഷ്ടനായി ഇങ്ങനെ പറഞ്ഞു. എല്ലാവർക്കും യാത്ര ചെയ്യുവാൻ തക്കവണ്ണം റോഡിനെ സജ്ജമാക്കിയത് നിങ്ങളാണ്. ഞാൻ വിളംബരം ചെയ്തിരുന്ന മത്സരത്തിൽ ഏറ്റവും നല്ല യാത്രക്കാരനുള്ള സമ്മാനത്തിന് അർഹൻ നിങ്ങളാണ്. എല്ലാവരും പരസ്പരം റോഡിൽ ഓരോ കുറ്റം പറഞ്ഞപ്പോൾ ക്രിയാത്മക മനോഭാവത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തത് അയാളെ വിജയത്തിലേക്കും സമ്പത്തിലേക്കും നയിച്ചു. ക്രിയാത്മക മനോഭാവമാണ് ഒരാളെ വിജയത്തിലേക്കു നയിക്കുന്നത്. ജീവിതത്തെപ്പറ്റി വിശാലമായ വീക്ഷണം ആർജ്ജിക്കണം. ഭയത്തെയും നിഷേധാത്മക ചിന്തകളെയും മനസ്സിൽനിന്ന് കുഴിവെട്ടി മൂടണം. അവസരം പോയി മറയുമ്പോൾ മാത്രമാണ് അതൊരു അവസരമായിരുന്നല്ലോ എന്നു നാം തിരിച്ചറിയുന്നുള്ളു. ഇരുട്ടു വന്നപ്പോൾ മാത്രമേ നാം വെളിച്ചത്തിന്റെ വിലയറിയുന്നുള്ളു. നിഷേധാത്മക ചിന്തകളെ തത്സമയം ക്രിയാത്മക ചിന്തകൾകൊണ്ട് മാറ്റി സ്ഥാപിച്ചാൽ നമുക്ക് അവസരങ്ങളെ തക്കത്തിലുപയോഗിക്കാൻ സാധിക്കും.

ദലൈലാമ പറയുന്നു, സന്തോഷം ബാഹ്യഘടകങ്ങളിൽനിന്ന് എന്നതിനെക്കാൾ പ്രധാനമായും നമ്മുടെ മനോഭാവത്തിൽ നിന്നുമാണ് ലഭ്യമാകുന്നത്. Your attitude determines your altitude എന്നാണ് മനശാസ്ത്രജ്ഞർ പറയുന്നത്. ഒരാൾ ആയിരം പേരെ ആയിരം പ്രാവശ്യം യുദ്ധത്തിൽ തോൽപ്പിച്ചാലും വേറൊരാൾ സ്വന്തം മനസ്സിന്റെ മേൽ ജയം നേടുന്നുവെങ്കിൽ കൂടുതൽ ഉത്കൃഷ്ടനായ വിജയി രണ്ടാമത്തെ ആൾ തന്നെ എന്ന ശ്രീബുദ്ധവാക്യം എത്ര മഹത്തരമാണ്. ജീവിതത്തിൽ ക്രിയാത്മക മനോഭാവം പുലർത്തുന്നവർക്കു മാത്രമേ ഉന്നത വിജയങ്ങൾ നേടുവാൻ കഴിയുകയുള്ളു. ജയിലഴികളുടെ ഇടയിലൂടെ വെളിയിലേക്കു നോക്കിയ രണ്ടു തടവുകാരുടെ കഥ ഇങ്ങനെ. ഒരാൾ ജയിലിനു പുറത്തുള്ള ചെളിക്കുണ്ടിലേക്കു നോക്കി. അവിടെക്കണ്ട ദൃശ്യങ്ങൾ നോക്കി സ്വയം പറഞ്ഞു, വൃത്തികെട്ട സ്ഥലം. അപരൻ ചക്രവാളസീമയിലേക്കു നോക്കി. ഉദയസൂര്യന്റെ തങ്കരശ്മികളേറ്റ് അരുണാഭമായ ആകാശവും ചലിക്കുന്ന വൃക്ഷത്തലപ്പുകളും പറ്റം പറ്റമായി പറക്കുന്ന പക്ഷികളും എല്ലാം അയാളെ ഹർഷപുളകിതനാക്കി. അയാൾ സന്തോഷത്തോടെ പറഞ്ഞുപോയി എന്തു മനോഹരമായ കാഴ്ചകൾ. ഇതാണ് പോസിറ്റീവായ മനോഭാവത്തിന്റെ ശക്തി! അതു പുലർത്തുന്നവർക്കുമാത്രമേ ജീവിതത്തിൽ ആഹ്ളാദമുണ്ടാവുകയുള്ളു. ഒരു തൊഴിലാളിയുടെ ജോലി രസകരമോ അല്ലെങ്കിൽ വിരസമോ ആകുന്നത് നിശ്ചയിക്കുന്നത് അയാളുടെ മനോഭാവമാണ്. ഒരു അധികാരിയുടെ വിജയത്തിന് ആധാരമായ മൂന്നു ഘടകങ്ങളാണ് അറിവ് (knowledge) നൈപുണ്യം (skill) മനോഭാവം (attitude) എന്നിവ. ഇവയിൽ മനോഭാവത്തിനാണ് ഇന്ന് ഏറെ പ്രാധാന്യം കല്പിക്കപ്പെടുന്നത്. കാരണം ക്രിയാത്മക മനോഭാവമില്ലാത്ത വ്യക്തിയുടെ അറിവും കഴിവും അപ്രസക്തമായിത്തീരുന്നു. എവിടെ ഇച്ഛയുണ്ടോ അവിടെ വഴിയുമുണ്ട് എന്ന ചൊല്ല് ഇവിടെ പ്രസക്തമാണ്. നല്ല ക്രിയാത്മക മനോഭാവമുള്ളവർ ഏതു പ്രതിസന്ധിയെയും പ്രയോജനകരമായ സുവർണ്ണാവസരങ്ങളാക്കി മാറ്റുന്നു. ശക്തമായ മനോഭാവം അതിശയകരമായ ഔഷധത്തെക്കാൾ അത്ഭുതങ്ങൾ സൃഷ്ടിക്കും.

മനസ്സിനു നൽകുന്ന ഭക്ഷണമാണ് നല്ല ചിന്തകൾ. ബാറ്ററി ചാർജ്ജ് ചെയ്തില്ലെങ്കിൽ അത് ഉപയോഗ ശൂന്യമാകും. അതുപോലെ നല്ല ചിന്തകൾ കൊണ്ട് മനസ്സാകുന്ന ബാറ്ററി ചാർജ്ജ് ചെയ്ത് മനസ്സിൽ ഊർജ്ജം നിറയ്ക്കണം. നല്ല മഴയുള്ള ദിവസം രണ്ടു സുഹൃത്തുക്കളുടെ സംഭാഷണം; ഒരാൾ "എന്തൊരു നശിച്ച മഴ". അപരൻ "ഈ മഴ കൃഷിക്കു സഹായകരമാണ്". രണ്ടു വ്യത്യസ്ഥ മനോഭാവം. യാതൊരു പ്രശ്നങ്ങളുമില്ലാത്ത ജീവിതം വിരസമാണ്. പ്രശ്നം ഉണ്ടെന്നുള്ളതല്ല കാര്യം പ്രശ്നത്തോടുള്ള നമ്മുടെ മനോഭാവമാണ് പ്രധാനം. കഴിഞ്ഞ കാലത്തെ നിഷേധാത്മക ചിന്തകളാണ് നമ്മെ പരാജയങ്ങളിലേക്കു നയിക്കുന്നത്. ഒരു റോസാച്ചെടിയിലെ മുള്ളുകളെയാണ് നാം പലപ്പോഴും ശ്രദ്ധിക്കുന്നത്. എന്നാൽ മുള്ളുകൾക്കിടയിൽ സുഗന്ധം പരത്തി നിൽക്കുന്ന റോസാപുഷ്പത്തെ കാണുവാൻ നമുക്ക് സാധിക്കണം. ശുഭപ്രതീക്ഷാനിർഭരമായ ഉയർന്ന മനോഭാവവും ചിന്തകളും വിജയം ഉറപ്പാക്കുന്നു. വലിയ ക്രിയാത്മക ചിന്തകൾ നമ്മെ അസാധാരണക്കാരായി ഉയർത്തുന്നു. ലക്ഷ്യത്തെ ഉന്നതമാക്കുന്നു. പ്രതിഭയെ ഉദ്ദീപ്തമാക്കുന്നു. മികവു കാട്ടാൻ അത് നമ്മെ പ്രാപ്തനാക്കുന്നു. ഒരു യന്ത്രം ചിലപ്പോൾ അമ്പതു സാധാരണ മനുഷ്യരുടെ ജോലി ചെയ്യും. എന്നാൽ ക്രിയാത്മക മനോഭാവമുള്ള ഒരു സാധാരണ മനുഷ്യൻ ചെയ്യുന്ന ജോലി ഒരു യന്ത്രത്തിനും ചെയ്യാൻ കഴിയില്ല. ഭീമമായ പ്രതിസന്ധിയിൽനിന്നുപോലും ഒരു

കുതിച്ചു കയറ്റത്തിന്റെ ഏണിപ്പടികൾ പണിതെടുക്കാൻ ശുഭചിന്തയും ഉയർന്ന മനോഭാവവും ഒരു വ്യക്തിയെ സഹായിക്കുന്നു. ചിലർക്കു സൗന്ദര്യമില്ല എന്ന ചിന്തയാണ് അവരെ അലട്ടുന്ന പ്രശ്നം. പൊക്കമില്ല, തൊലിക്കു നല്ല നിറമില്ല ഇങ്ങനെ പോകുന്നു. സൗന്ദര്യം വിജയത്തിനു പ്രധാന ഘടകമല്ലെന്ന് അത്തരക്കാർ മനസ്സിലാക്കണം. ലോകത്തിനു വിലപ്പെട്ട സംഭാവനകൾ നൽകിയ പല പ്രതിഭാശാലികളും സൗന്ദര്യത്തിൽ ഏറെ പുറകിലായിരുന്നു. സൗന്ദര്യം കുറവുള്ള പല ഉന്നത ലോക നേതാക്കളെയും, വിജയികളായ രാജ്യാന്തര കായികതാരങ്ങളെയും നാം ഓർക്കണം. അപകർഷതാ മനോഭാവമാണ് പലരുടെയും ഭയത്തിനു കാരണം. ചെറിയ പരാജയങ്ങളിൽ തളരാത്ത മനസ്സ് ഒരു വിജയിക്കാവശ്യമാണ്. ഒരു പ്രസിദ്ധ ചിന്തകൻ ഒരിക്കൽ പറഞ്ഞു. പരാജയങ്ങളുടെ ഉള്ളിന്റെ ഉള്ളിലാണ് വിജയം ഇരിക്കുന്നത്. അതുകൊണ്ട് ക്രിയാത്മക ചിന്ത വളർത്തി നമുക്ക് ജീവിതത്തെ പരിപോഷിപ്പിക്കാൻ സാധിക്കും.

---

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

തമ്പുരാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആയതിനാൽ പൂർവ്വപിതാക്കന്മാർ നമുക്ക് നൽകിയ വിശ്വാസമാതൃക നമ്മൾ ഓരോരുത്തരിലൂടെയും പിൻതുടരുവാൻ നമുക്ക് പ്രാർത്ഥിക്കാം. അതിനായി യത്നിക്കാം.

കർത്താവിൽ അനുഗ്രഹീതരെ, ഈ കാലഘട്ടങ്ങളിൽ നവമാധ്യമങ്ങളിലൂടെ മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ധാരാളം വ്യാജവാർത്തകളും നുണപ്രചരണങ്ങളും തെറ്റായ ഉപദേശങ്ങളും വർദ്ധിച്ചിരിക്കുന്നതിനാൽ വിശ്വാസ സമൂഹം ഏറെ വിവേകമതികളും ജാഗ്രതയുള്ളവരുമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

അഭിവന്ദ്യ സഖറിയാസ് മോർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ ആകസ്മികവും, അകാലത്തിലുള്ളതുമായ വേർപാട് സഭമുഴുവനേയും പ്രത്യേകിച്ച് ക്നാനായ സമൂഹത്തേയും ഏറെ ദുഃഖത്തിലാഴ്ത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ ക്നാനായ സമുദായത്തിന്റെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നതോടൊപ്പം അഭിവന്ദ്യ പിതാവിന് ഭാഗ്യകരമായ ഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടെയുള്ള ആശ്വാസം കർത്താവ് നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
**സേവേറിയോസ് കുറിയാക്കോസ്**
സമുദായ മെത്രാപ്പോലീത്താ

---

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

3. സഭാ നിയമമോ ആചാരങ്ങളോ യാതൊന്നും പാലിക്കാത്തവർ. ഇവർ കല്യാണം കഴിക്കുന്നതിനും, ശവക്കോട്ടയിൽ കിടക്കുന്നതിനും വേണ്ടി ഇടവകാംഗമായിരിക്കുന്നവർ.

ഇതിൽ ഒന്നാമത്തെ വകുപ്പിൽ പെടുന്നവർ എവിടെയും ന്യൂനപക്ഷമായിരിക്കും. രണ്ടാമത്തെ വകുപ്പിൽ പെടുന്നവരാണ് ഏതു പള്ളിയിലും ഭൂരിപക്ഷം. അവർക്ക് സഭയും പള്ളികാര്യങ്ങളും സ്വന്തം ബഹുമാനത്തിനും പ്രശംസയ്ക്കും കാരണമായിരിക്കണമെന്ന് ഉദ്ദേശമുള്ളവരാണ്. മൂന്നാമത്തെ വകുപ്പിൽ പെട്ടവർ ഇടവകകളിൽ കുറേശ്ശയുണ്ട്. ഞായറാഴ്ച അവരെ പള്ളിയിൽ കാണുകയില്ല. ആ സമയം കളികളിലും വിനോദങ്ങളിലും സമയം പോക്കുകയും ചെയ്യും. ലോകമെങ്ങുമുള്ള ഗവണ്മെന്റുകൾപോലും ഞായറാഴ്ച ജോലിയിൽ നിന്നും വിശ്രമിക്കുന്ന ഇക്കാലത്ത് യാതൊരു മടിയും കൂടാതെ ഞായറാഴ്ച ജോലി ചെയ്യുകയും, ചെയ്യിക്കുകയും ചെയ്യുന്നവരാണ്, അവരും സുറിയാനിക്കാരാണ്. ഈ വകുപ്പിൽ പെട്ടവർ സാമ്പത്തികമായി കഴിവുള്ളവരാണെങ്കിൽ കെങ്കേമമായ ഒരു ശവമടക്കവും മെത്രാപ്പോലീത്തമാരുടെയും അച്ചന്മാരുടെയും പ്രശംസനീയമായ ചരമപ്രസംഗവും, നാല്പതു ദിവസം ഉള്ള കുർബ്ബാനയും നടത്തുന്നതിന് പിൻതലമുറക്കാർ മുൻനിരയിലാണ്. പള്ളിയേക്കാൾ വലിയ ഒരു കബറും തീർക്കും, ഇതാണ് ഇന്നത്തെ അവസ്ഥ. ജീവിച്ചിരിക്കുമ്പോൾ കുർബ്ബാന വേണ്ടാത്തവനുവേണ്ടി മരണാനന്തരം കുറേ കുർബ്ബാന ചൊല്ലിയതുകൊണ്ട് കാര്യമൊക്കെ സാധിക്കുമെന്ന് തെറ്റിദ്ധാരണ നമ്മുടെ ഇടയിൽ വർദ്ധിച്ചു വരുന്നു. ദൈവഭക്തി, സദാചാരനിഷ്ഠകൾ, മുതലായവ ഉണ്ടായിരിക്കുമെന്നുള്ളവർ പ്രതീക്ഷിക്കുന്ന സ്ഥാനങ്ങളിൽ അത് ഇല്ലാതെ വരുമ്പോൾ ഉണ്ടാകുന്ന തിരിച്ചടി വളരെ ഭയങ്കരമാണ്. ആയതുകൊണ്ട് യഥാർത്ഥ ഭക്തിയുള്ള ജനതയെ വളർത്തി എടുക്കാൻ സഭയായി പ്രവർത്തിക്കാം. അങ്ങനെ ഭൂലോകമൊക്കെയിലും സാക്ഷികളായി തീരാം.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

---

## *സമുദായ വാർത്ത*

*(പേജ് 7 തുടർച്ച)*

കൂടിക്കഴിയുമ്പോഴും പുതിയ പുതിയ കേസുകൾ വന്നുകൊണ്ടിരിക്കുന്നു. സമുദായ വികസനത്തിനും നന്മയ്ക്കും വേണ്ടി ചിലവഴിക്കേണ്ട പണം കോടതികളിൽ ചിലവഴിക്കേണ്ട അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. കേസുകളിൽക്കൂടി സമുദായത്തെ ബുദ്ധിമുട്ടിക്കുന്നവരോട് ദൈവം ക്ഷമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇന്നുവരെ സമുദായത്തിന് എതിരായിക്കൊടുത്തിരിക്കുന്ന 21 കേസുകളുടെയും ആയതിൽ കൊടുത്തിരിക്കുന്ന 56IA യുടെയും കേസ് ലിസ്റ്റ് ആവശ്യമുള്ളവർക്ക് അയച്ചുതരുന്നതാണ്. സമുദായത്തിലെ വ്യവഹാരങ്ങൾ അവസാനിപ്പിച്ച് വിട്ടുവീഴ്ചയോടും ഒത്തൊരുമയോടും കൂടി സമുദായം മുന്നോട്ടുപോകുന്നതിന് ക്നാനായ കമ്മിറ്റി എപ്പോഴും തയ്യാറാണ്. ബന്ധപ്പെട്ട ആരുമായും ചർച്ചകൾ നടത്തുന്നതിനും ഞങ്ങൾ ഒരുക്കമാണ്. അതിനുള്ള മനസ്സ് എല്ലാവർക്കും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കൊച്ചു സമുദായത്തിലെ വിഷയങ്ങൾ നമുക്ക് തന്നെ പരിഹരിക്കാവുന്നതേയുള്ളൂ. അതിന് ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു നിർത്തുന്നു.

എന്ന്
ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി,
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**

# പരോപകാരാർത്ഥം

ഏബ്രഹാം കല്ലിശ്ശേരി

ശീതീകരിച്ച മുറിയിൽ ചടഞ്ഞിരുന്ന് T.V. പ്രോഗ്രാം ആസ്വദിച്ചു കാണുമ്പോൾ, ഫ്രിഡ്ജിൽ നിന്നും ഒരു ഐസ്ക്രീമെടുത്തു നുണഞ്ഞിറക്കുമ്പോൾ, അകലെയുള്ള നഗരങ്ങളിലേക്ക് ആകാശത്തൂടെ പറന്നു ചെല്ലുമ്പോൾ ഈ സൗകര്യങ്ങളൊക്കെ നമുക്ക് പ്രാപ്യമാക്കിത്തന്ന മനുഷ്യരെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ. ഇല്ലെന്നുതന്നെ പറയാം. അതിനുള്ള കാരണം സിംപിളാണ്. ഇന്നത്തെ തിരക്കേറിയ ജീവിതത്തിനിടയിൽ ഇതൊക്കെ ഓർക്കാൻ സമയമെവിടെ നമുക്ക് മുമ്പ് ജീവിച്ച എത്രയോ പേരുടെ ത്യാഗനിർഭരമായ പ്രവർത്തികളാണ് ഇന്നത്തെ തലമുറയ്ക്ക് ഈ സുഖസൗകര്യങ്ങളൊക്കെ ഒരുക്കിത്തന്നത് എന്ന് വല്ലപ്പോഴുമെങ്കിലും ഓർക്കുന്നത് നല്ലതാണ്. പലരും മാനവരാശിയുടെ നന്മയ്ക്കു വേണ്ടി ജീവത്യാഗംവരെ ചെയ്ത ശാസ്ത്രജ്ഞരും കലാകാരന്മാരുമാണ്. അവരിൽ ചിലരെ പരിചയപ്പെടാം.

പേപ്പട്ടി വിഷത്തിനുള്ള വാക്സിൻ കണ്ടുപിടിച്ച ലൂയി പാസ്റ്റർ അതിനു സ്വീകരിച്ച മാർഗ്ഗം ഞെട്ടിക്കുന്നതാണ്. പേപ്പട്ടിയുടെ താടിയെല്ലുകളകത്തി, വായിലേക്കു ചെറുകുഴൽ കടത്തി, സ്വന്തം വായ്കൊണ്ട് ഉമിനീർ വലിച്ചെടുത്ത് പരീക്ഷണം നടത്തി ലക്ഷക്കണക്കിനു ആളുകളെ മരണത്തിൽനിന്നും രക്ഷിച്ചു. ഇന്നും രക്ഷിച്ചുകൊണ്ടിരിക്കുന്നു. ഐസക് ന്യൂട്ടൻ മൂർച്ചയേറിയ ലോഹസൂചി സ്വന്തം കണ്ണിൽ കുത്തിയിറക്കിയാണ് കണ്ണിന്റെ വർണ്ണങ്ങൾ കാണുന്നതിനുള്ള കഴിവിനെക്കുറിച്ച് പഠിച്ചത്. രണ്ടുതവണ നോബൽ സമ്മാനം നേടിയ മാഡംക്യൂറി റേഡിയേഷനെക്കുറിച്ചുള്ള പരീക്ഷണം നടത്തിയാണ് മരണത്തെ ഏറ്റുവാങ്ങിയത്. തൂങ്ങിമരിക്കുന്ന ഒരാളുടെ അന്തിമ മനോവ്യാപാരങ്ങളറിയാൻ പരീക്ഷണം നടത്തിയ ഒരാളുണ്ട്. ഇറ്റാലിയൻ ക്രിമിനോളജിസ്റ്റായിരുന്ന നിക്കോളെ മിനോവിസി. അദ്ദേഹം കയറിൽ തൂങ്ങി മരണത്തോട് അടുക്കുന്നതുവരെയുള്ള പരീക്ഷണം നടത്തി.

ഫ്രാൻസ് റെയിൽ ചെറ്റ് എന്ന ആസ്ട്രേലിയൻ തയ്യൽക്കാരൻ വിമാനാപകടത്തിൽ പെടുന്നവരെ രക്ഷിക്കാനായി ഒരു വിശേഷതരം പാരച്ച്യൂട്ട് നിർമ്മിച്ചു. അതിന്റെ കഴിവ് പരിശോധിക്കാനായി അദ്ദേഹം ഈഫൽ ഗോപുരത്തിൽനിന്നും ചാടി. പക്ഷെ ദൗത്യം പൂർത്തിയാക്കാനാവാതെ മരിച്ചുപോയി. 1960 ലെ ധ്രുവ പര്യടനത്തിനുപോയ ടീമിലെ അംഗമായ റഷ്യൻ ഡോക്ടർ ലിയോണിഡ് ഇവാനോവിച്ച് യാത്രയ്ക്കിടയിൽ തന്റെ അപകടകരമായ അപ്പെൻഡിസൈറ്റിസ് തിരിച്ചറിഞ്ഞു. രക്ഷപെടാൻ മറ്റു വഴികളൊന്നുമില്ലെന്ന് മനസ്സിലാക്കി അദ്ദേഹം യാതൊരു സൗകര്യങ്ങളൊന്നുമില്ലാതിരുന്നിട്ടും 45 മിനിറ്റുകൊണ്ട് ശസ്ത്രക്രിയ നടത്തി അത്ഭുതകരമായി രക്ഷപെട്ടതാണ് ചരിത്രത്തിലെ മറ്റൊരു സംഭവം.

കുഷ്ഠരോഗം തനിക്കു പിടിപെടുമെന്നുള്ള ഉത്തമബോധ്യത്തോടെ തന്നെയാണ് ഫാദർ ഡാമിയൻ ആഫ്രിക്കയിലെ കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ ഇറങ്ങിത്തിരിച്ചത്. അതുതന്നെ സംഭവിക്കുകയും ചെയ്തു.

1853–56 ലെ ക്രിമിയൻ യുദ്ധത്തിൽ 5 ലക്ഷം പേരാണ് കൊല്ലപ്പെട്ടത്. ഇതേ യുദ്ധത്തിൽ ആതുരസേവ ചെയ്ത



ഫ്ളോറൻസ് നൈറ്റിംഗേലാണ് കോടാനുകോടി മനുഷ്യർക്ക് രക്ഷ പകരുന്ന നേഴ്സിംഗ് സംവിധാനത്തിന്റെ അമ്മയായി ത്തീർന്നത്. പതിനേഴാമത്തെ വയസ്സിൽ തുർക്കിയിലെ പട്ടാള ആശുപത്രിയിൽ തുടങ്ങിയ ആസപര്യ രോഗിയായിത്തീർന്നിട്ടും നിർത്താതെ, മഞ്ഞും മരണവും പെയ്തിറങ്ങുന്ന യുദ്ധഭൂമിയിലെ വിളക്കേന്തിയ വനിതയായി അവർ രോഗികളെ ശുശ്രൂഷിച്ചു. ഫ്ളോറൻസ് നൈറ്റിംഗേൽ കാട്ടിത്തന്ന ആതുരസേവന വെളിച്ചം ഇന്ന് ലോകമാകെയുള്ള നേഴ്സുമാർക്ക് വഴികാട്ടിയായി മാറിയിരിക്കുന്നു. ശാസ്ത്രസത്യം തേടിപ്പോയ പലരുടെയും, സമർപ്പണ ബുദ്ധിയും ആതുരസേവനത്തിനുവേണ്ടി സ്വയം പ്രതിഷ്ഠിച്ചവരുടെ ത്യാഗസുരഭിലമായ സമീപനവും അപരന്റെ സുഖത്തിനുവേണ്ടി സ്വന്തം ജീവൻ പോലും നൽകാനുള്ള സന്നദ്ധതയും കൊണ്ടാണ് പല സുഖസൗകര്യങ്ങളും ഇന്നു നാം അനുഭവിക്കുന്നത്.

ഫിസിക്സിനും കെമിസ്ട്രിക്കുമായി രണ്ടു നോബൽ സമ്മാനം നേടിയ മാഡംക്യൂറി എന്ന മേരിക്യൂറിയെക്കുറിച്ച് നോക്കാം. നോബൽ സമ്മാനം നേടുന്ന ആദ്യ വനിത എന്ന ബഹുമതിയും അവർക്കാണ്. ഇവയൊക്കെ ഈ ശാസ്ത്രജ്ഞയെ കൂടുതൽ വിനീതയാക്കി. അവർ പാരീസിൽ റേഡിയത്തിന്റെ അണുപ്രസരത്തെക്കുറിച്ച് പഠിക്കാൻ പ്രത്യേക സ്ഥാപനം തുടങ്ങി. റേഡിയത്തിന്റെ അണുപ്രസരം അത്യന്തം അപകടകരമാണ് എന്നറിഞ്ഞുകൊണ്ടു തന്നെ അവർ പരീക്ഷണം തുടർന്നു. ഒടുവിൽ പ്രതീക്ഷിച്ചപോലെ തന്നെ അണുപ്രസരമേറ്റ് ക്യാൻസർ ബാധിച്ച് ആ മഹാപ്രതിഭ മരണത്തിന് കീഴടങ്ങി. ആണവോർജത്തിന്റെ എത്രയോ ഗുണഫലങ്ങൾ നമുക്ക് നൽകിക്കൊണ്ടായിരുന്നു ആ മടക്കം.

'മാനവ പുരോഗതി സ്വയം സംഭവിക്കുന്നതല്ല. ലക്ഷ്യത്തിലേക്കുള്ള ഓരോ ചുവടിലും സമർപ്പിത ചേതസ്സുകളുടെ ത്യാഗം, യാതന, പോരാട്ടം, അക്ഷീണയത്നം, തീക്ഷ്ണ വികാരം എന്നിവ ഉണ്ടായിരിക്കും'. ഇങ്ങനെയാണ് മാർട്ടിൻ ലൂഥർ ജൂനിയർ പറഞ്ഞിരിക്കുന്നത്. "ത്യാഗമെന്നതേ നേട്ടം" എന്നത് കവി വള്ളത്തോളിന്റെ വരികളാണ്. നാമൊക്കെ വല്ലപ്പോഴുമെങ്കിലും ചെറിയ ത്യാഗങ്ങൾക്ക് തയ്യാറായാൽ ഈ ഭൂമിയിലെ ജീവിതം എത്ര മനോഹരമാകുമായിരുന്നു.

# വിവാഹിതരായി




കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ ചിറയിൽ സാബു ജേക്കബിന്റെയും ജെസ്സി സാബുവിന്റെയും മകൻ **Rinku mon Sabu**-ഉം റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ പുതുപ്പറമ്പിൽ തെക്കേതിൽ പി.എ. സജുവിന്റെയും ജോസ്സി സജുവിന്റെയും മകൾ **Tinsu mol Saju**-ഉം തമ്മിലുള്ള വിവാഹം 2022 ജൂൺ 9-ാം തീയതി വ്യാഴാഴ്ച അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ നടത്തപ്പെട്ടു.

# വിവാഹിതരായി




കറ്റോട് സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ കണ്ണാലിൽ (Late) കെ.ഒ. ഏബ്രഹാമിന്റെയും വൽസമ്മ ഏബ്രഹാമിന്റെയും മകൻ **JUBIN ABRAHAM**-ഉം (HCL Technologies) ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ കുളങ്ങര കെ.യു. തോമസിന്റെയും ബീനാ തോമസിന്റെയും മകൾ **MEEKHA THOMAS** (RN, USA)-ഉം തമ്മിലുള്ള വിവാഹം 30-04-2022-ൽ ഫാ. ഏബ്രഹാം സഖറിയയുടെ പ്രധാന കാർമ്മികത്വത്തിൽ കറ്റോട് സെന്റ് മേരീസ് ക്നാനായപള്ളിയിൽ നടത്തപ്പെട്ടു.



## കാൻഡസിന് കാനഡയിലെ ടൊറൊന്റോ യൂണിവേഴ്സിറ്റിയുടെ ലെസ്റ്റർ ബി. പീയേഴ്സൺ ഇന്റർനാഷണൽ സ്കോളർഷിപ്പ്

ഇത് ദൈവത്തിന്റെ വലിയ കൃപയാൽ മാത്രം സാധ്യമായി. ലോക ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പഠനത്തിനായി സ്വയം സമർപ്പിച്ചിരിക്കുന്ന കാൻഡസിന് ചരിത്രം രചിക്കുന്നതും ചരിത്രം തിരുത്തുന്നതും എന്നും ഒരു അഭിനിവേശമാണ്. അബുദാബിയിലെ ജെംസ് യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ പൂർവ്വ വിദ്യാർത്ഥിനി കാൻഡസ് എന്ന തിരുവല്ലാക്കാരി ഇത്തവണ രചിക്കുന്നത് സ്വപ്നതുല്യമായൊരു പുതുചരിത്രമാണ്. കാനഡയിലെ ടൊറൊന്റോ യൂണിവേഴ്സിറ്റിയുടെ ലെസ്റ്റർ. ബി. പീയേഴ്സൺ ഇന്റർനാഷണൽ സ്കോളർഷിപ്പാണ് ലോകമൊട്ടാകെയുള്ള മത്സരാർത്ഥികൾക്കിടയിൽ നിന്നും കാൻഡസിന് ലഭിച്ചിരിക്കുന്നത്. നാലുവർഷത്തെ അണ്ടർ ഗ്രാജ്വേറ്റ് പഠനത്തിനുള്ള ഫുൾസ്കോളർഷിപ്പിനാണ് ടൊറൊന്റോ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്റ് ജോർജ് കാമ്പസ് ട്രിനിറ്റി കോളേജിലേക്ക് മിസ്. കാൻഡസ് സാറാ സിജു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

ലോകമെമ്പാടും നിന്നുള്ള ഏറ്റവും മികച്ച 2500 സ്കൂളുകളിൽ നിന്ന് വെറും 37 പേരെയാണ് ടൊറൊന്റോ യൂണിവേഴ്സിറ്റി ഈ അവാർഡിന് തിരഞ്ഞെടുത്തിരിക്കുന്നത്. ലോകത്താകമാനം 1.5 ശതമാനത്തിൽ താഴെ ആളുകൾക്കു മാത്രമേ ഈ അവാർഡ് ലഭിക്കുകയുള്ളൂ. ഈ 1.5 ശതമാനം ആകട്ടെ ഹാർവാർഡ് യൂണിവേഴ്സിറ്റിയുടേതിലും കുറവാണ്.

"ദൈവത്തിന്റെ വലിയ കൃപ" എന്നാണ് കാൻഡസിന്റെ പിതാവായ തിരുവല്ല കറ്റോട് പച്ചംകുളത്തുവീട്ടിൽ സിജുകുര്യനും (കറ്റോട് സെന്റ് മേരീസ് ക്നാനായ ഇടവകാംഗം) മാതാവായ റാന്നി കുർമ്മനക്കൽ വീട്ടിൽ റ്റിറ്റി കുര്യാക്കോസും ഒരേസ്വരത്തിൽ പറയുന്നത്. മകളുടെ നേട്ടങ്ങൾക്ക് പിന്നിൽ എപ്പോഴും ഊർജ്ജസ്രോതസ്സുകളായി പിതാവ് സിജുവും മാതാവ് റ്റിറ്റിയും ഉണ്ട്. ചേച്ചിയുടെ അവാർഡ് വിജയത്തിൽ സഹോദരി ഡെബോറ തങ്കം സിജുവും അങ്ങേയറ്റം ആവേശഭരിതയാണ്.

സമാധാനത്തിനുള്ള നോബൽസമ്മാനജേതാവും കാനഡയുടെ മുൻ പ്രധാനമന്ത്രിയും ആയ ലെസ്റ്റർ ബി. പീയേഴ്സന്റെ പേരിലുള്ളതാണ് ഈ അവാർഡ്. നാലുവർഷത്തേയ്ക്കുള്ള പഠനം, താമസം, ഭക്ഷണം, മെഡിക്കൽ ഇൻഷുറൻസ്, ഇൻസിഡന്റൽ ഫീസ്, പുസ്തകങ്ങളും സ്റ്റേഷനറിസാധനങ്ങളും, കാമ്പസ് ജോലി, അന്താരാഷ്ട്ര കോളേജ് ജീവിതാനുഭവം എന്നിവയടങ്ങുന്നതാണ് അവാർഡ്. ഒട്ടേറെ മികച്ച അവസരങ്ങൾ വേറെയും.

ലോകത്തിലെ തന്നെ മികച്ച പത്ത് യൂണിവേഴ്സിറ്റികളിൽ ഒന്നാണ് ടൊറൊന്റോ യൂണിവേഴ്സിറ്റി. അഭിമാനകരമായ ഈ അവാർഡിന് പുറമെ യു. കെ. യിലെ ഒന്നാംനമ്പർ സർവ്വകലാശാലയായ സെന്റ് ആൻഡ്രൂസ് യൂണിവേഴ്സിറ്റിയുടെയും യഥാക്രമം ഒൻപത്, പതിനാല് സ്ഥാനങ്ങളിലുള്ള വാർവിക് യൂണിവേഴ്സിറ്റി, ഷെഫീൽഡ് യൂണിവേഴ്സിറ്റി എന്നിവയുടെയും സ്കോളർഷിപ്പുകളും ഈ വർഷം തന്നെ കാൻഡസ് കരസ്ഥമാക്കിക്കഴിഞ്ഞു. പ്രതിവർഷം 5000 പൗണ്ട് വീതം ലഭിക്കുന്ന സെന്റ് ആൻഡ്രൂസ് മെരിറ്റ് അവാർഡ് 13000 പൗണ്ട് ലഭിക്കുന്ന വാർവിക് അണ്ടർഗ്രാജ്വേറ്റ് ഗ്ലോബൽ എക്സലന്റ് സ്കോളർഷിപ്പ് എന്നിവയാണ് ലഭിച്ച അംഗീകാരങ്ങൾ.

അക്കാദമിക് മികവിന് പുറമെ വ്യക്തിഗതനേട്ടങ്ങളും നേതൃപാടവവുമൊക്കെയായിരുന്നു അവാർഡിന് മാനദണ്ഡം. സ്കൂളിന്റെ ചരിത്രത്തിലും ആദ്യമാണ് ഈ നേട്ടം. ഇത് വഴി കാൻഡസ് ഇന്ത്യയിലും യു. എ. ഇ യിലുമുള്ള ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രചോദനമായിരിക്കുന്നു.

പേരക്കുട്ടിയുടെ നേട്ടങ്ങളിൽ അഭിമാനപുളകിതരാണ് സിജുവിന്റെ മാതാപിതാക്കളായ കറ്റോട് പച്ചംകുളത്ത് പി. ഐ. കുര്യനും സാലമ്മ കുര്യനും ഒപ്പം റ്റിറ്റിയുടെ മാതാപിതാക്കളായ റാന്നി കുറുമ്മനയ്ക്കൽ തോമസ് കുര്യാക്കോസും തങ്കമ്മ കുര്യാക്കോസും (റാന്നി സെന്റ് തോമസ് വലിയപള്ളി).

ചരിത്രത്തിന്റെ പുതുവഴികളിലെ നിരന്തരമായ അന്വേഷണവുമായി കാൻഡസ് ഇനി മുതൽ ട്രിനിറ്റി കോളേജിലെ കാമ്പസിലുണ്ടാവും.

**ദൈവതിരുനാമം മാത്രം മഹത്വപ്പെടുമാറാകട്ടെ.**

*Click the below link or scan the QR code to meet the 2022 Pearson Scholars:*
*https://future.utoronto.ca/pearson/meet-the-2022-pearson-scholars/*

You will find Candace 5th in the link.

Advt -O

# വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ തേവരുഴത്തിൽ Abraham Kuruvilla (Kochumon)-യുടെയും Heeno Abraham-ന്റെയും മകൻ **Amal Abraham**-ഉം വള്ളംകുളം സെന്റ് മേരീസ് ബെഥേൽ ക്നാനായപള്ളി ഇടവകയിൽ താനുവേലിൽ മഠത്തിൽ Saji Abraham-ന്റെയും Sybi Saji-യുടെയും മകൾ **Leelu Abraham**-ഉം തമ്മിലുള്ള വിവാഹം 18-04-2022-ൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ നടത്തപ്പെട്ടു.

Advt -0




Advt -O

# സപ്തതി നിറവിൽ

26-07-2022



**P.T. THOMAS**
Onattu Pattasseril (H)
Chengalam South P.O., Kottayam

*Loving Family Members*

Advt -O

## മലങ്കര കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് ക്ലീമീസ് പിതാവും വൈദിക ശ്രേഷ്ഠരും മോർ അപ്രേം സെമിനാരി സന്ദർശിച്ചപ്പോൾ



# പൗരോഹിത്യ രജത ജൂബിലി



പൗരോഹിത്യരജതജൂബിലി ആഘോഷിക്കുന്ന ക്നാനായദീപം മാനേജിംഗ് എഡിറ്റർ ബഹു. ജേക്കബ്കുട്ടി കല്ലുകുളം അച്ചനെ അനുമോദിക്കുന്നതിന്റെ ഭാഗമായി ക്നാനായ ദീപം & ക്ലീമിസ് പ്രസ്സ് ഗവേണിംഗ് ബോർഡ് അംഗങ്ങൾ, സെമിനാരി ജീവനക്കാർ എന്നിവർ സംയുക്തമായി ബഹു. ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് ഇളവൻകുളം, സെമിനാരി മാനേജർ ഫാ. ജിതിൻ സഖറിയ പനവേലിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ സമ്മേളനം സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. കമ്മിറ്റി അംഗങ്ങൾ ആശംസകൾ അറിയിച്ചു സംസാരിക്കുകയും, ബഹു. കല്ലുകുളം അച്ചൻ മറുപടി പ്രസംഗം നടത്തുകയും ചെയ്തു.

# ST.PETER'S KNANAYA CHURCH, KUWAIT

## MANAGING COMMITTEE 2022-2023

**TRUSTEE**



**SAJU UTHUPPAN**
Mepurathu, Ranni

**VICAR**



**Fr. THOMAS JACOB**
Anjilimoottil, Anaprampal

**SECRETARY**



**RAIJU A. THOMAS**
Areekara, Vallamkulam



**AJU V. K.**
Valayil House
Vakathanam



**AMAL ABRAHAM**
Maliyil
Vadaserikara



**ELBIN ABRAHAM**
Puthuchira
Ranni



**JACOB MATHEW**
Ayiramthickal
Vakathanam



**JOSEPH MATHEW**
Plamkoottathil
Kottayam



**JIJO THOMAS**
Inchanthuruthil
Mampuzhakary



**JOSEPH CHACKO**
Thompumannil
Edakulam



**JOSH RAJAN**
Malathusseril
Chingavanam



**NITHIN SABU**
Thekkemuriyil
Ranni



**RINO ABRAHAM**
Puthenparambil
Vakathanam



**SAJAN MATHEW**
Kochupurackal
Mannar



**SURESH ABRAHAM**
Attiyil
Kurichy

**AUDITORS**



**BINSON THOMAS**
Mavelil
Kattodu



**MAJO MATHEW**
Melel
Ranni



**NIJU ABRAHAM**
Mundukottackal
Nilambur

Advt -O

*Hearty congratulations to*

**Dr. Rohit Punnoose** for securing Doctor of Philosophy (Ph.D) in Data Science from XLRI Jamshedpur




S/o K. T. Punnoose & Rema Punnoose,
Koiekalodathu house, Kuttoor.
Member St Mary's Knanaya Church,
Hennur, Bangalore



പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ, ഡയറക്ടർ ബോർഡ് മെമ്പറായി നിയമിതനായിരിക്കുന്ന **ആലിച്ചൻ ആറൊന്നിൽ**
(ക്നാനായ കമ്മിറ്റി അംഗം)

**T. I. Kurian Kunnathil**
President
Ramavarma Union Club, Kottayam.
Member of
St. Mary's Knanaya Church, Chengalam.



# കോട്ടയം വലിയപള്ളിയിൽ ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 95-ാമത് ശ്രാദ്ധപെരുന്നാൾ



കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 95 – ാം ശ്രാദ്ധപരുന്നാളിന് അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, ഫാ. ഷാജൻ കുര്യൻ കാരുവള്ളിൽ, ഫാ. ജേക്കബ് കല്ലുകുളം, വികാരി ഫാ. ഡോ. തോമസ് എബ്രഹാം മലേശ്ശേരിൽ തുടങ്ങിയവർ സമീപം.



ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 95 – ാം ശ്രാദ്ധപെരുന്നാളിനോടനുബന്ധിച്ച് അനുസ്മരണ സമ്മേളനം ബഹു. തോമസ് ചാഴിക്കാടൻ MP ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, കല്ലിശ്ശേരി, മലബാർ മേഖലയുടെ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനി, മലങ്കര യാക്കോബായ കോട്ടയം ഭദ്രാസനാധിപൻ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, മുനിസിപ്പൽ കൗൺസിലർ ഷേബാ മാർക്കോസ്, വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ട്രസ്റ്റി കെ. ടി. സൈമൺ ഓണാട്ട്, സെക്രട്ടറി ജെനുമോൻ ജോസഫ് പ്ലാംകൂട്ടത്തിൽ, സുനിൽ എബ്രഹാം കല്ലുവെട്ടാംകുഴി, ജേക്കബ് പണിക്കർ പണിക്കരോടത്ത് എന്നിവർ സമീപം.

## ക്നാനായ സമുദായത്തിന്റെ പുതിയ സംരംഭമായ സേവേറിയോസ് ക്നാനായ ഹൗസിംഗ് പ്രോജക്ട്



സമുദായ സെക്രട്ടറി റ്റി.ഒ ഏബ്രഹാം, ആക്ടിംഗ് ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, മനേജിംഗ് കമ്മിറ്റിയംഗം ആലിച്ചൻ ആറൊന്നിൽ, അസ്സോസിയേഷൻ അംഗം സണ്ണിക്കുട്ടി, റിറ്റു കാലായിൽ സ്ഥലം സമുദായത്തിനു സംഭാവന നൽകിയ തോമസ് മാമ്മൻ പുത്തൻപുരയ്ക്കൽ എന്നിവർ സ്ഥലം സന്ദർശിക്കുന്നു



കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ക്നാനായ കമ്മിറ്റി കുൽപ്പമല തോട്ടം സന്ദർശിച്ച് നടത്തിയ ക്രമീകരണത്തിന്റെ തുടർച്ചയായി വീണ്ടും സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി ജേക്കബ് തോമസ് മറ്റക്കാട്ട്, റവ. ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, ഉതുപ്പാൻ ജോസഫ് ചെരിവുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴയിൽ എന്നി ക്നാനായ കമ്മിറ്റി അംഗങ്ങൾ 28 /6 /2022 – ൽ കുൽപ്പമല തോട്ടം സന്ദർശിക്കുന്നു.


**5 – ാം ചരമവാർഷികം**

18 – 07 – 2022



**എം.സി. ചാക്കോ**

(Retd. Post Master)

**4 – ാം ചരമവാർഷികം**

01 – 11 – 2022



**കുഞ്ഞൂഞ്ഞമ്മ ചാക്കോ**

**മൂലേത്തറയിൽ, വൻമഴി, പാണ്ടനാട്, ചെങ്ങന്നൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



40 – ാം ചരമദിനം
10 – 07 – 2022

# മറിയക്കുട്ടി ചെറിയാൻ
# &
# ചെറിയാൻ ഏബ്രഹാം

ഊരാക്കമണ്ണിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ "

## ഒന്നാം ചരമവാർഷികം

03 – 07 – 2022 08 – 07 – 2022



എം. കെ. കുഞ്ഞുമോൻ  അമ്മിണി കുഞ്ഞുമോൻ

പാലപ്പുരയ്ക്കൽ, മള്ളൂശ്ശേരി, കോട്ടയം

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# സറുഗിലെ മാർ യാക്കോബ്

ലീലാമ്മ ഏബ്രഹാം പാലക്കുടിയിൽ

ദൈവതിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ

**ആമുഖം**

എ. ഡി. 451-521 കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഒരു സഭാ പിതാവാണിദ്ദേഹം. പരിശുദ്ധാത്മാവിന്റെ കിന്നരം എന്ന് സഭ വിശേഷിപ്പിക്കുന്ന മാർ അപ്രേമിനു ശേഷം സുറിയാനിസഭ കണ്ട ഏറ്റവും വലിയ കവിയാണ് ഇദ്ദേഹം. ദൈവശാസ്ത്ര ജ്ഞന്മാരുടെ ഇടയിലെ കവി, കവികളുടെ ഇടയിലെ ദൈവ ശാസ്ത്രജ്ഞൻ എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്. ഒരു ദൈവശാസ്ത്രജ്ഞനും പുല്ലാംകുഴൽ എന്ന് സ്വയം വിശേ ഷിപ്പിക്കുന്നവനും ബത്നാവിലെ മെത്രാപ്പോലീത്തയുമായി രുന്ന മാർ യാക്കോബിന്റെ 1500-ാമത് ദുഖ്റോനോ പരി. സഭ 2021 നവംബർ 29 ന് ഭക്ത്യാദരപൂർവ്വം കൊണ്ടാടുകയുണ്ടാ യല്ലോ.

**ജീവിതം**

എ.ഡി.451 ൽ യൂഫ്രട്ടീസ് നദീതീരത്തുള്ള ഖ്മുർത്താ എന്ന കൊച്ചുഗ്രാമത്തിൽ ജനിച്ച ഇദ്ദേഹം എഡേസയിലെ ഒരു പേർഷ്യൻ സ്കൂളിലാണ് വിദ്യാഭ്യാസം ചെയ്തത്. ഈ സമയത്താണ് കാൽസിഡോൺ സുന്നഹദോസ് നടക്കു ന്നതും സഭയിൽ പിരിച്ചിലുകൾ ഉണ്ടാകുന്നതും. കാൽസി ഡോൺ വിശ്വാസത്തിന് വിപരീതമായി നിന്നതുകൊണ്ട് റോമാ സാമ്രാജ്യത്തിൽ നിന്ന് അനേകം പീഡനങ്ങൾ സഹി ക്കേണ്ടി വന്നു. ഇപ്രകാരമുള്ള കലുഷിത സഭാജീവിതം നയി ക്കുമ്പോഴും ദൈവത്തോടുള്ള അചഞ്ചലമായ ബന്ധത്തിൽ എപ്രകാരമാണ് ഒരു വിശ്വാസി തന്റെ സഭാജീവിതത്തിലൂടെ ദൈവരാജ്യത്തിലേക്കുള്ള വഴി തുറക്കേണ്ടതെന്ന് അദ്ദേഹം രേഖപ്പെടുത്തിയിരുന്നു. ഈ കലുഷിതമായ ജീവിതത്തിൽ എപ്രകാരമാണ് ദൈവത്തോട് ചേർന്നു നിൽക്കേണ്ടതെന്നും എങ്ങനെയാണ് ഒരു ഏകാന്ത ജീവിതം നയിക്കാൻ സാധി ക്കുക എന്നും അദ്ദേഹം പറയുന്നു.

അന്ത്യോഖ്യയിലെ മാർ സേവേറിയോസും മാബുഗിലെ മാർ പീലക്സിനോസും ഇദ്ദേഹത്തിന്റെ സമകാലികരായി രുന്നു. ഇദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രധാനഭാഗവും സറുഗിലെ ഒരു എപ്പിസ്ക്കോപ്പയായും, ഒരു സന്യാസിയാ യും, നാസീർ വ്രതക്കാരനായും, ഒരു കശീശ്ശയായും നിയമി ക്കപ്പെട്ടു. വളരെ സൗമ്യനും വേദപുസ്തകം മനപാഠമാക്കി യവനുമായ ഇദ്ദേഹം സിറിയയിലെ ഉൾപ്രദേശങ്ങളിൽ സഞ്ച രിച്ച് ആയിരക്കണക്കിന് സന്യാസിമാരെ തന്റെ ജ്ഞാന ത്തിലും ഭക്തിയിലും ആകൃഷ്ടരാക്കി. 519 ൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 521 ൽ ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

**പഠിപ്പിക്കലുകൾ**

സുറിയാനി സഭയുടെ ആരാധനക്രമങ്ങളിലൊക്കെ സറുഗിലെ മാർ യാക്കോബിനെ കൂടാതെ ഒരു പുസ്തകം ഉണ്ടെന്നു തോന്നുന്നില്ല. സ്ലീബാ രാത്രി പ്രാർത്ഥനയിൽ - വാഴ്വുമമ്മെ നിന്നുടെ പ്രാർത്ഥന ഞങ്ങളോടൊപ്പം, പ്രഭാതം - മാതൃവിശുദ്ധരുടോർമ്മയിൽ, വിവാഹകൂദാശ -- കർത്താവേ നിൻ ആർദ്രത നിറയും വാതിൽ തുറന്നീ, ശവ സംസ്കാരം 1-ാം ശുശ്രൂഷ - ദൈവാത്മജനെ ശാശ്വതരാ ജ്യ, ആണ്ടു തക്സാ - പാടിൻ പാടിൻ പാടിൻ ഹല്ലേലുയ്യ, ഹാശാ-സ്ലീബാ-മൃതി കഷ്ടതകൾക്കായ് വന്നോനെ- ഇതെല്ലാം മാർ യാക്കോബിന്റെ ബോവൂസകളും പാട്ടുക ളുമാണ്. മാർ യാക്കോബിനെയും മാർ അപ്രേമിനെയും കൂടാതെ സുറിയാനി സഭയ്ക്ക് ഒരു ആരാധനയില്ല. വേദപു സ്തകത്തിലുള്ള പാണ്ഡിത്യവും വ്യാഖ്യാനവും വളരെ ആഴ മേറിയ ചിന്തകളുമാണ് നമുക്ക് ലളിതമായ ഭാഷയിൽ തന്നി രിക്കുന്നത്. ചരിത്രപരമായ വാച്യാർത്ഥവും അതോടൊപ്പം വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ആത്മീയ അർത്ഥ വും. ഇതു രണ്ടും കോർത്തിണക്കിയ ഒരു വേദപുസ്തക ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. വേദപുസ്തകം ഒരു സമുദ്രം പോലെയും അതിന്റെ വ്യാഖ്യാതാവ് എന്നു പറയു ന്നത് സമുദ്രത്തിന്റെ അടിയിലെ മുത്തുതേടുന്ന മുങ്ങൽ വിദ ഗ്ധർപോലെയുമെന്നാണ് അദ്ദേഹം പറയുന്നത്. പഴയനിയ മവും പുതിയനിയമവും മ്ശിഹായിലേയ്ക്ക് വിരൽ ചൂണ്ടുന്നു എന്നും അത് മ്ശിഹായുടെ 2 കരങ്ങളാണെന്നും അദ്ദേഹം പഠിപ്പിക്കുന്നു. പരി. സുറിയാനി സഭയുടെ വി. കുർബ്ബാ നയ്ക്കുപയോഗിക്കുന്ന ദീർഘവും അതിമനോഹരവും നമ്മുടെ കാതുകൾക്ക് കുളിർമ്മ കിട്ടുന്ന മനോഹരമായ ഒരു ക്രമം ഈ പിതാവിന്റേതായി കുർബ്ബാന തക്സായിൽ ചേർത്തിട്ടുണ്ട്.

പ്രകൃതിയിൽ മറഞ്ഞിരിക്കുന്ന ദൈവീക സാന്നിദ്ധ്യം അദ്ദേഹത്തിന്റെ മറ്റൊരു കാഴ്ചപ്പാടായിരുന്നു. അതിൽ സൃഷ്ടികൾ, ദൈവത്തെ സ്തുതിക്കുന്ന ആ മനോഹരമായ പ്രതീകങ്ങൾ പാടിനോക്കുമ്പോൾ മനസ്സിലാകുന്നത് പ്രകൃ തിയിൽ കാണുന്ന ഓരോ ഘടകങ്ങളെയും കോർത്തിണ ക്കിക്കൊണ്ടുള്ള ഒരു ഇക്കോതിയോളജി (പരിസ്ഥിതി ദൈവ ശാസ്ത്രം) അദ്ദേഹം രൂപപ്പെടുത്തിയിരിക്കുകയാണ്. മനു ഷ്യന്റെ മാത്രം രക്ഷയല്ല, പ്രപഞ്ചത്തിന്റെ മുഴുവന്റേയുമുള്ള വീണ്ടെടുപ്പിനുവേണ്ടി സ്വയം താണിറങ്ങി ഭൂമിയെ ചുംബിച്ചു എന്നുള്ള മനോഹരമായ ശൈലിയിൽ അവതരിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയുമാണ്.

അദ്ദേഹത്തിന്റെ ആഴമേറിയ മറ്റൊരു ചിന്തയാണ് സാമൂ ഹിക പ്രതിബദ്ധത. അതായത് സാധുക്കളോടുള്ള കരുതൽ. വലിയ നോമ്പിലെ വെള്ളിയാഴ്ച സന്ധ്യയുടെ ബോവൂസ്സ യിൽ ഇപ്രകാരം കാണുന്നു. നോമ്പുനോക്കുന്നതോടൊപ്പം പാവങ്ങൾക്ക് അന്നംകൂടി കൊടുക്കുക. അവൻ വരുന്നതും നോക്കി നിൽക്കാതെ അങ്ങോട്ടു കൊണ്ടുകൊടുക്കുക. ഇങ്ങനെ അദ്ദേഹം സ്പർശിക്കാത്ത മേഖലകളില്ല. അതു കൊണ്ടുതന്നെ ഇത് സുറിയാനി സഭയ്ക്കുമാത്രമല്ല. ക്രൈസ്തവ സഭകളെ സംബന്ധിച്ചിടത്തോളം ദൈവശാ സ്ത്രമേഖലകളിലും അദ്ധ്യാത്മിക മേഖലയിലും മാർ യാക്കോബിന്റെ ധാരാളം സംഭാവനകൾ ഉണ്ട്. ഇനിയും കണ്ടെത്താതെ ചാരം കൊണ്ടു മൂടപ്പെട്ടുകിടക്കുന്ന അനേകം നിധികൾ, നിക്ഷേപങ്ങൾ, ആ പുണ്യപ്പെട്ട പിതാവിന്റെ രച നകളിലുണ്ട്.

ഇനിയും ധാരാളം പഠിപ്പിക്കലുകൾ, 760 മെമ്രകളിൽ



ചിലതു മാത്രമേ കണ്ടുള്ളൂ. മെമ്രകളെല്ലാം തന്നെ കാവ്യരൂപത്തിലും പ്രതീകങ്ങളിലൂടെയുമാണ് പഠിപ്പിക്കുന്നത്. പ്രതീകങ്ങളിൽക്കൂടി വ്യാഖ്യാനിക്കുമ്പോൾ സാധാരണ ജനത്തിനുപോലും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. മെമ്രകളിൽ 12 പുള്ളികൾ കാണുന്നുണ്ട്. 12 ന് വളരെ പ്രാധാന്യം ഉണ്ട്. 12 അപ്പോസ്തലന്മാർ, 12 ഗോത്രപിതാക്കന്മാർ, 12 മാസം 1 വർഷം, 12 എണ്ണം 1 ഡസൻ, 12–ാം വയസ്സിൽ യേശു ദൈവാലയത്തിൽ പോയി, 5 അപ്പം വാഴ്ത്തി കൊടുത്തതിൽ 12 കുട്ട മിച്ചം എടുത്തു. ഇങ്ങനെ ഒത്തിരി.....

**ക്രിസ്തു ശാസ്ത്രം**

നഷ്ടപ്പെട്ടുപോയ ആദമിനെ വീണ്ടെടുക്കാൻ യേശു മനുഷ്യാവതാരം ചെയ്തു. യേശുവിന്റെ പാതാളപ്രവേശനം ഒരു പ്രധാനപ്പെട്ടതാണ്. തടവിൽക്കിടന്ന ആത്മാക്കളെ പറുദീസയിൽ ആക്കി എന്ന് പത്രോസിന്റെ ലേഖനത്തിൽ കാണുന്നു. ക്രിസ്തു പൗരോഹിത്യത്തിൻെറ തുടർച്ചയാകുന്നു എന്ന് മാർ അപ്രേം പഠിപ്പിക്കുമ്പോൾ, ക്രിസ്തു മഹാപുരോഹിതനും രാജാവുമാകുന്നു എന്ന് മാർ യാക്കോബ് പഠിപ്പിക്കുന്നു. ആദ്യാചാരത്വം കൈക്കൊണ്ട് അഹറോൻ മൂശയോടൊന്നിച്ച് എന്ന പാട്ട് സ്നാനസമയത്ത് പഴയനിയമ പൗരോഹിത്വം ലയിച്ചു ചേർന്നു എന്നു പഠിപ്പിക്കുന്നു. ദൈവത്വവും മനുഷ്യത്വവും ക്രിസ്തുവിൽ സംയോജിച്ചിരിക്കുന്നു. പിതാവാം ദൈവം മനുഷ്യനെ തന്റെ ഛായയിലും സ്വരൂപത്തിലും സൃഷ്ടിച്ചു എന്നു പറയുമ്പോൾ ക്രിസ്തുവിൻെറ ഛായയിൽ സൃഷ്ടിച്ചു എന്ന് യാക്കോബ് മാത്രം പറയുന്നു. വചനമാം ദൈവം സൃഷ്ടിയിലും രഹസ്യമായിരുന്നു, മനുഷ്യത്വത്തിൽ ദൈവത്വം മറഞ്ഞിരുന്നതുകൊണ്ട് യേശുവിനെ പലർക്കും മനസ്സിലാക്കാൻ സാധിച്ചില്ല. അതുകൊണ്ടാണ് പലരും കല്ലെറിയാനും ഉന്തി ഇടാനുമൊക്കെ ശ്രമിച്ചത്.

**വി. കുർബ്ബാനയെപ്പറ്റി മാർ യാക്കോബിന്റെ കാഴ്ചപ്പാട്**

എല്ലാ കൂദാശകളുടെയും അനുഗ്രഹങ്ങൾ വി. കുർബ്ബാനയിൽക്കൂടി ലഭിക്കുന്നതുകൊണ്ട് കൂദാശകളുടെ റാണി എന്ന് വി. കുർബ്ബാനയെ വിളിക്കുന്നു. വി. കുർബ്ബാന ഒരു സമ്പൂർണ്ണ ആരാധനയാണ്. ഇതിൽ സ്തുതി, സ്തോത്രം, അനുതാപം, അപേക്ഷ, സമർപ്പണം എല്ലാം അടങ്ങിയിരിക്കുന്നു. യേശുവിന്റെ ജനനം, മാമ്മോദീസ, പരസ്യശുശ്രൂഷ, കഷ്ടാനുഭവം, മരണം, കബറടക്കം, ഉയർപ്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി, രണ്ടാമത്തെ വരവ് വരെയുള്ള സംഭവങ്ങൾ കാണുന്നു. വി.കുർബ്ബാന ജീവനോടിരിക്കുന്നവർക്കും വാങ്ങിപ്പോയവർക്കും വേണ്ടി അനുഷ്ഠിക്കുന്നു. വി. കുർബ്ബാനയിൽ രഹസ്യഒരുക്കശുശ്രൂഷ, പരസ്യശുശ്രൂഷ എന്നീ ഭാഗങ്ങളുണ്ട്. രഹസ്യഒരുക്കശുശ്രൂഷയിൽ മൽക്കീസദ്ദേക്കിന്റെ ക്രമവും, അഹറോന്യക്രമവും ഉണ്ട്. ആറ് തൂബദേനുകളുണ്ട്. പരി. മാതാവ്, പരിശുദ്ധൻ, കൊഹനെ, പരേതർ, സ്ലീബ ഇങ്ങനെ അഞ്ചു കുക്കിലിയോനുകളുണ്ട്. ഓരോ കുക്കിലിയോനിലും എക്ബോ, കോലോകൾ, ബോവൂസോ എന്നിവയും ഉണ്ട്. 2006 ൽ ജോർജ്ജിയൻ പ്രസ്സിൽ നിന്ന് പ്രസിദ്ധം ചെയ്ത മാർ യാക്കോബിന്റെ ബോവൂസയുടെ ഒന്നാമത്തെ വോളിയം സമാഹരിച്ചത് 'ഡേവിഡ് ഐഡിൻ' എന്ന മഹാനായിരുന്നു.


മരിച്ചവർക്കുവേണ്ടിയുള്ള കുർബ്ബാന, ബലി എന്നൊക്കെയല്ലാതെ കുർബ്ബാനയെക്കുറിച്ച് പ്രത്യേകം ഒരു ദൈവശാസ്ത്രം ഒന്നും യാക്കോബിന്റെ മെമ്രകളിൽ കാണുന്നില്ല. പഴയനിയമത്തിലെ എല്ലാ മെമ്രകളിലും വി. കുർബ്ബാനയെക്കുറിച്ചുള്ള പരാമർശം കാണുന്നുണ്ട്. പുതിയനിയമത്തിൽ ഒരു കാര്യം പ്രതിപാദിക്കുമ്പോൾ പഴയനിയമത്തിൽ നിന്ന് കൂട്ടിച്ചേർത്ത് രചിക്കുന്ന ഒരു മഹാനായിരുന്നു സറുഗിലെ മാർ യാക്കോബ്. മൽക്കിസദേക്കിനെപ്പറ്റിയുള്ള രണ്ട് മെമ്രാകൾ ഉണ്ട്. അതിൽ ബലി അർപ്പണത്തെക്കുറിച്ചും, വി. കുർബ്ബാനയെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ യിപ്താഹ് –തന്റെ മകളെ ബലി കഴിച്ചതായി കാണുന്നു. ഇത് യേശുവിന്റെ ബലിയുടെ മുൻകുറിയായിരുന്നു. ഉല്പത്തി 3– ൽ കാണുന്ന ജീവവൃക്ഷം കർത്താവും, അതിന്റെ ഫലം തന്റെ തിരുശരീരരക്തങ്ങളുമാണ്. പഴയനിയമത്തിലെ ആദ്യത്തെ രക്തം ചിന്തിയ ബലി ഹാബേലിന്റെ ബലിയാകുന്നു. കർത്താവിന്റെ ബലിയും രക്തം ചിന്തിയ ബലി ആയിരുന്നു. കർത്താവിന്റെ മുന്നോടിയായ മൽക്കിസദേക്ക് എവിടെനിന്ന് വന്നു എന്നോ എവിടേയ്ക്ക് പോയി എന്നോ ആർക്കും അറിയില്ല. അദ്ദേഹം മഹാപുരോഹിതനും രാജാവും ആയിരുന്നു. നമ്മുടെ കർത്താവ് മഹാപുരോഹിതനും രാജാവുമായിരുന്നു. മൽക്കിസദേക്ക് അപ്പവും വീഞ്ഞും വച്ച് കുർബ്ബാന അർപ്പിച്ചു. കർത്താവും അപ്പവും വീഞ്ഞും വച്ച് കുർബ്ബാന അർപ്പിച്ചു.

അബ്രഹാമിന്റെ ബലിയെക്കുറിച്ച് ഒരു മെമ്ര ഉണ്ട്. അതിൽ മൂന്നു ദിവസം അവർ യാത്ര ചെയ്ത് യിസഹാക്ക് തന്നെ വിറകും എടുക്കുന്നു. അബ്രഹാം കത്തി ഉയർത്തുന്നു. പിതാവായ ദൈവം തന്റെ പുത്രനെയും ബലിയായി അർപ്പിച്ചു. ഒരു കൽത്തൂൺ നാട്ടി അതിൽ എണ്ണ ഒഴിച്ച് യാക്കോബ് ബലി കഴിച്ചു. ക്രിസ്തു ക്രൂശിൽ കഴിക്കാൻ പോകുന്ന പീഡകളെ മുമ്പിൽ കണ്ടുകൊണ്ടാണ് യാക്കോബ് റാഹേലിനെ കണ്ടപ്പോൾ കരഞ്ഞതെന്ന് പറഞ്ഞിരിക്കുന്നു. യിസ്രായേൽ ജനത്തിന്റെ ബലിയിൽ കൂടി യിസ്രായേൽ മാത്രം രക്ഷപെട്ടെങ്കിൽ കർത്താവിന്റെ ബലിയിൽ ലോകം മുഴുവൻ രക്ഷപെട്ടു. പഴയനിയമത്തിലെ മന്ന യിസ്രായേൽക്കാരുടെ വിശപ്പ് മാറ്റിയെങ്കിൽ പുതിയനിയമത്തിലെ ക്രിസ്തുവാകുന്ന മന്ന എല്ലാവർക്കും നിത്യജീവൻ തരുന്നു. പിച്ചള സർപ്പത്തെ നോക്കിയ ജനം രക്ഷപെട്ടതുപോലെ വി. കുർബ്ബാന അനുഭവിക്കുന്നവരും രക്ഷപെടുന്നു. ഇത് അമർത്യതയുടെ ദിവ്യ ഔഷധമായാണ് മാർ യാക്കോബ് വിശേഷിപ്പിക്കുന്നത്. പഴയനിയമത്തിലെ എല്ലാ ബലികളും കർത്താവിന്റെ ബലിയുടെ മുൻകുറിയാണ്. വിധവയുടെ തീർന്നുപോകാത്ത മാവ് ഒരിക്കലും അവസാനിക്കാത്ത വി.കുർബ്ബാനയാകുന്നു.

(തുടരും)

# ജോലിയില്ലാത്ത എഞ്ചിനീയറും രോഗിയായ ഡോക്ടറും!



സുനിൽ ഡി. കുരുവിള

കുട്ടികളുടെ പഠന- ജീവിത മികവ് വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്.ഇന്ന് മിക്ക മാതാപിതാക്കളും കുട്ടികളുടെ മാർക്കും ഗ്രേഡും റാങ്കും മാത്രമേ ശ്രദ്ധിക്കുന്നുള്ളു. കുട്ടികളെ സ്കൂൾ നോക്കിക്കോളും എന്ന് ചിന്തിക്കുന്നവരും കുറവല്ല. എന്നാൽ നല്ല വിദ്യാഭ്യാസം ഭവനങ്ങളിൽ ആണ് ആരംഭിക്കേണ്ടത്.

മൂന്നു വയസ്സിലേ സ്കൂളിൽ ചേർത്ത് എല്ലാവരേം 'പണക്കാരാക്കാനുള്ള' പരിപാടിയാണ് നമ്മുടെ വിദ്യാഭ്യാസം. പറ്റുമെങ്കിൽ LKG യിൽ തന്നെ ട്യൂഷനും തുടങ്ങും. ഇത് കുട്ടികളുടെ സുസ്ഥിര ഭാവി ഉറപ്പുവരുത്തുവാൻ സഹായിക്കുകയില്ല. അവരുടെ ശാരീരിക ആരോഗ്യം, മാനസിക നില, വൈകാരിക ബുദ്ധി ശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങൾക്ക് സന്തോഷമായും സമഗ്രമായും വളർന്നുവരാൻ സഹായകരമായ ഒരു ഭവന അന്തരീക്ഷം വളരെ പ്രധാനമാണ്.

പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികളുടെ വളർച്ചയ്ക്ക് അതിപ്രധാനം!

നല്ല ആഹാരം നല്ല സംസ്ക്കാരം കൂടിയാണ്, ഓർക്കാം! ഒരു നേരമെങ്കിലും വീട്ടിലുള്ള എല്ലാവരുംകൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നത് കുട്ടികൾക്ക് വലിയ ഗുണം ചെയ്യും. ഭക്ഷണ സമയത്തു പഠന വിഷയങ്ങളൊന്നും 'പൊക്കി' ചർച്ചയ്ക്ക് കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

കുട്ടികളെ ചെറിയ പ്രായത്തിലെ ശുചിത്വവും മറ്റും ശീലിപ്പിക്കാം. കുട്ടികൾ നന്നായി ഉറങ്ങേണ്ടത് അവരുടെ സമഗ്ര വളർച്ചക്ക് അനിവാര്യമാണ്. കുട്ടികളുടെ ബുദ്ധി വളർച്ച എട്ടു-പത്തു വയസ്സുവരെയാണ് പ്രധാനമായും നടക്കുന്നത്. ഈ പ്രായത്തിൽ അവരെ നന്നായി കരുതിയാൽ അവരുടെ ഭാവി നന്നാവും. കുട്ടികളുടെ വൈകാരിക പ്രതിഫലനങ്ങൾ ശ്രദ്ധിക്കണം. ആവശ്യമെങ്കിൽ മെച്ചപ്പെടുത്തണം. മാനസിക ആരോഗ്യവും കൂടുതൽ പരിപോഷിപ്പിക്കണം. കുട്ടികൾ നന്നായി ഓടിച്ചാടി സമപ്രായക്കാരോടൊത്തു കളിക്കണം. കളികൾ ശാരീരിക ആരോഗ്യത്തിനു മാത്രമല്ല വൈകാരിക മാനസിക ആരോഗ്യത്തിനും വളരെ ആവശ്യമാണ്. കൂട്ടുകൂടാനും, വഴക്കു കൂടാനും വീഴാനും, തോൽക്കാനും, തർക്കിക്കാനും ഒക്കെ പഠിക്കാൻ വേറെ എവിടെയാണ് അവസരം കിട്ടുക?

സ്കൂൾ വിട്ടുവരുന്ന കുട്ടികളെ 'ട്യൂഷൻ' സെന്ററിൽവെച്ച് പുഴുങ്ങി ഉണക്കിക്കളയരുത്. അവർ ഓടിച്ചാടി കളിക്കട്ടെ! കുട്ടികൾ ഹാപ്പിയാണെന്നും active ആണെന്നും കുട്ടിക്കാലത്തുതന്നെ ഉറപ്പാക്കാം.

അവരുടെ കഴിവുകളും അഭിരുചിയും ഒക്കെ ചെറിയ പ്രായത്തിൽ കണ്ടെത്താം, പ്രോത്സാഹിപ്പിക്കാം. മാതാപിതാക്കളുടെ സ്വപ്നങ്ങൾ അവരുടെ മേൽവച്ച് കെട്ടാതിരിക്കാം! അവരെ ആരുമായും compare ചെയ്യാതിരിക്കാം. അവർ different ആണ് unique ആണ്. ഫോട്ടോകോപ്പി ആക്കാൻ ശ്രമിക്കാതിരിക്കാം. അനാവശ്യ മത്സരതൃഷ്ണ അവരിൽ വളർത്താതിരിക്കാം. അവർ ആദ്യം സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും പഠിക്കട്ടെ. തോൽക്കാനും പഠിക്കേണ്ടതുണ്ട്. അമിത വാശിയും നിർബന്ധവും ഒന്നും സാധിച്ചുകൊടുക്കേണ്ടതില്ല. വിനയവും എളിമയും ശീലിപ്പിക്കാം.

ഉപദേശമല്ല സ്വയം മാതൃകയാവുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. ബഹുമാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ അവർ പഠിക്കുന്നത് ഭവന അന്തരീക്ഷത്തിൽനിന്നു തന്നെയാണ്. അതിനുള്ള ധാരാളം മുഹൂർത്തങ്ങൾ കുഞ്ഞുങ്ങൾക്കായി സൃഷ്ടിക്കാം.

കുട്ടികൾക്കായി മാതാപിതാക്കൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം സമയമാണ്. ഗുണമേന്മയുള്ള സമയം. കഥ പറയാനും ആശയങ്ങൾ പങ്കുവെക്കാനും വിജ്ഞാനം നൽകാനും ലക്ഷ്യബോധം സൃഷ്ടിക്കാനും പഠന താല്പര്യം വർദ്ധിപ്പിക്കാനും ഒക്കെ ഈ സമയം ഉപയോഗപ്പെടുത്താം. കെട്ടിപ്പിടിക്കാനും ഉമ്മകൊടുക്കാനും അവരോടൊത്തു കളിക്കാനും തമാശ പങ്കിടാനും ഒന്നും ഒട്ടും പിശുക്കു കാട്ടേണ്ട.

മാതാപിതാക്കൾ ക്ഷമയും തൃപ്തിയുമുള്ളവരായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളുടെ കാര്യത്തിൽ അമിതമായി ധൃതി കാട്ടരുത്. കുട്ടികളുടെ താളവും തലവും മനസ്സിലാക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. അവരെ അംഗീകരിക്കാനും support ചെയ്യാനും മറക്കേണ്ട. മിടുക്കു കുറവുള്ള കുട്ടികളെ കൂടുതൽ കരുതുകയും സ്നേഹിക്കുകയും വേണം. കൂടെയുണ്ട് എന്നുള്ള വിശ്വാസം അവരിൽ സൃഷ്ടിക്കണം. ആത്മവിശ്വാസം നൽകി അവരെ മെച്ചപ്പെടുത്താം. ചെറിയ പ്രായത്തിൽ അവരിൽ ആത്മാഭിമാനം വളർത്തണം. അവരെ എന്തിനെല്ലാം കൊള്ളാമെന്നും, അവരുടെ ശക്തിയും മികവും എവിടെയാണെന്നും കുട്ടികളെ ബോധ്യപ്പെടുത്തണം! കുറവുകളെ ഒരുപാടു 'project' ചെയ്യേണ്ട. സന്തോഷമുള്ള ബാല്യവും, ആത്മവിശ്വാസമുള്ള കൗമാരവും അവരിൽ ഉറപ്പാക്കുക. അവരെ കണ്ടെത്താൻ അവരെ സഹായിക്കുക.

"താനാരെന്നറിയണം
തന്നെത്താൻ അറിയണം"- (കുഞ്ഞുണ്ണി മാഷ്)

വിദ്യാഭ്യാസം വെറും സാക്ഷരതയല്ല. അത് വെറും എഴുത്തും വായനയും ശാസ്ത്രവും കണക്കും മാത്രമല്ല. അതൊരു വ്യക്തിയുടെ സാംസ്കാരിക രൂപാന്തരമാകണം. നല്ല നൈപുണ്യവും മാനോഭാവവും സ്വഭാവവും അച്ചടക്കവും നല്ല വിദ്യാഭ്യാസം ഉറപ്പാക്കും. ഉയർന്ന മൂല്യങ്ങളും ലക്ഷ്യവും നല്ല വിദ്യാഭ്യാസം അവരിൽ ഉറപ്പിക്കും!

ദുരഭിമാനം വെടിയാം, കുട്ടികൾ അവർക്കു യോജിക്കുന്ന മേഖലകളിൽ വിദ്യ അഭ്യസിക്കട്ടെ. എല്ലാവരും ഡോക്ടർ ആയാൽ വൃത്തികേടായിരിക്കും! എല്ലാവരേയും engineer

ആക്കേണ്ട. ഒരു നല്ല mechanic ആണ് തോറ്റ engineer നേക്കാൾ നല്ലത്. കഴിവില്ലാത്ത ഡോക്ടറിനേക്കാൾ എത്രയോ വലുതാണ് മികച്ച ഒരു തയ്യൽക്കാരൻ. കളിയും കലയും സാംസ്കാരിക പ്രവർത്തനവും ഒക്കെ അവർ പഠനത്തോടൊപ്പം ശീലിക്കട്ടെ. അവർ അവരെ കണ്ടെത്തട്ടെ. അതിനവരെ സഹായിക്കുക.

കൗൺസിലിംഗും മാർഗ്ഗ നിർദ്ദേശവും ഒക്കെ സമയത്തു നൽകാം. സ്കൂളിലും പള്ളിയിലും ഒക്കെ ഇത് ഉറപ്പു വരുത്താം. കുടുംബമായിത്തന്നെ guidance ഒക്കെ എടുക്കുന്നത് വലിയ ഗുണം ചെയ്യും. സന്തോഷവും ക്ഷമയുമുള്ള മാതാപിതാക്കൾ കുട്ടികളെ വളരെ ഉയരത്തിൽ എത്തിക്കും. നിരന്തരമായി പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ കുട്ടികൾക്ക് വലിയ inspiration ആയിരിക്കും. സംശയമില്ല. അവർ നിരാശരാവുകയുമില്ല!

കുഞ്ഞുങ്ങൾക്കായി നല്ല അദ്ധ്യാപകരെ കണ്ടെത്താം. അവരെ തിരുത്താനും ക്രമീകരിക്കാനും മോട്ടിവേറ്റ് ചെയ്യാനും ഒക്കെ കഴിയുന്നവർ... അവരുടെ കണ്ണുകളിൽ അവർക്കുള്ള സിലബസ് കണ്ടെത്താൻ കഴിയുന്നവർ. ഒരു ഭാഗ്യമാണ്!! അങ്ങനെയുള്ളവരെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ബഹുമാനിക്കാനും കഴിയട്ടെ.

കുട്ടികളെ പഠിക്കാൻ പഠിപ്പിക്കേണം. അടുക്കും ചിട്ടയും സ്ഥിരതയും discipline ഉം respect ഉം ആണ് അതിന്റെ അടിസ്ഥാനമാകേണ്ടത്. പഠനം അഭിമാനമാക്കണം! പഠനത്തെ സ്നേഹിക്കാനും ഉയർന്ന ലക്ഷ്യങ്ങൾ രൂപീകരിക്കാനും അവരെ പ്രാപ്തമാക്കാം. വിദ്യാഭ്യാസത്തിന്റെ ആധുനിക ലോകത്തെ പ്രാധാന്യവും അതിലൂടെ ലഭിക്കുന്ന സാധ്യതകളും ഒക്കെ അവർ നേരത്തെ മനസ്സിലാക്കട്ടെ.

Career Guidance:

കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സു മുതൽ ഉള്ളവർക്ക് Career മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം.. അതിലേക്കുള്ള വഴിയെന്ത്... എവിടെ പഠിക്കണം.. develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം... തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ശരിയായ Career അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും.

കച്ചവട താല്പര്യം മാത്രം മുൻനിർത്തി നടത്തുന്ന 'ഉപരിപഠന സെമിനാർ' exhibition ഒക്കെ വലിയ ചതിക്കുഴികളായേക്കാം. സൂക്ഷിക്കുക. 'വിദഗ്ധ' മാർഗ്ഗ നിർദ്ദേശം എല്ലാം അത്ര വിദഗ്ധമല്ല. ഫ്രീ ഒന്നും സ്വീകരിക്കാതിരിക്കുന്നത് നന്ന്.

ഡിഗ്രികൾ മാത്രം പോരാ, ഉയർന്ന മനോഭാവവും നൈപുണ്യവും തിരിച്ചറിവും കൂടി ഒന്നിച്ചു ചേരുമ്പോഴാണ് സാധ്യതകൾ പിറക്കുന്നത്.

പറന്നുയരട്ടെ നമ്മുടെ യുവത, അർത്ഥവത്താകട്ടെ അവരുടെ ജീവിതം!

*(സുനിൽ ഡി. കുരുവിള, പ്രമുഖ കരിയർ, പാരന്റിങ് കൗൺസിലറും അദ്ധ്യാപക പരിശീലകനുമാണ്. മാനവവിഭവശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം. സെൽഫോൺ നമ്പർ +91 9656144712/9847400712 'Sunil Kuruvilla' എന്ന `You Tube ചാനലിലൂടെ ലഭ്യമാണ്.)*

---

കവിത

# നോമ്പ്

**ജെയിനമ്മ മർക്കോസ്**
നടുവിലേപറമ്പിൽ, കുഴിമറ്റം

സർവ്വതും ഈശന് കാഴ്ചവെച്ച്
ഈശനെ സാദരം സ്വീകരിക്കാൻ
രാജാധിരാജാവേ, കർത്താധികർത്താവേ
ഹൃദയത്തിൻ വാതിൽ തുറന്നു തരൂ!
ശിശുക്കളെ ചേർത്തു പിടിച്ചുകൊണ്ട്
നാവിൽ, ഈശനെ തൊട്ടുകൊടുത്താൽ
ഈശൻ, മക്കളെ ചേർത്തു പിടിച്ച്
തലമുറ, സന്തുഷ്ടമാക്കിടുന്നു.
നമ്മിലെ, നാം ഇല്ലാതാകാൻ
ഈശനൊടൊത്തു വസിച്ചിടുവാൻ
പൂർണ്ണ വിശുദ്ധരായിടുവാൻ
നോമ്പു കാലം വന്നണഞ്ഞു.
കുറ്റങ്ങളൊക്കെ ഏറ്റുപറഞ്ഞ്
സോദരനെ ചേർത്തണച്ചുകൊണ്ട്
കാപട്യമില്ലാതെ നിന്നെ സ്തുതിപ്പാൻ
കർത്തനെ നിൻ കൃപ തന്നിടുക.
ദുഷ്ടന്റെ വേലി പൊളിച്ചിടുവാൻ
കർത്തന്റെ രക്തം തളിച്ചുകൊണ്ട്
നിൻവേലിക്കുള്ളിൽ മറച്ചുകൊണ്ട്
അന്ത്യംവരെയും കാത്തിടുക
ജീവിതം തിരക്കിലായിടുമ്പോൾ
ദൈവത്തിൽ നിന്നകന്നിടുന്നു
അവസരം തെല്ലും പാഴാക്കാതെ
സാത്താൻ ഹൃത്തിൽ കൂടുകൂട്ടും
പാപബോധം തന്നുകൊണ്ട്
നിർമ്മല സ്നേഹത്തിനുടമയായി
നിഷ്ക്കളങ്ക സ്നേഹം പങ്കുവെയ്ക്കാൻ
കാൽവറി നാഥാ കടന്നു വരൂ! (2)
ഭക്ഷണം, ഉറക്കം, സുഖത്തിലേയ്ക്കു
ശരീരം കുതിച്ചു ഓടിടുമ്പോൾ
ശരീര താളം ക്രമത്തിലാക്കാൻ
നോമ്പുകാലം നല്ലതല്ലോ.
കർത്തനും, മോശയും, ദാനിയേലും
ഉപവാസപ്രാർത്ഥന ഏറ്റെടുത്ത്
ദുഷ്ടനെ ചവുട്ടി തകർത്തുകൊണ്ട്
പൂർണ്ണ വിജയത്തിൽ എത്തിയല്ലോ.
ആത്മശരീരം ശക്തമാക്കാൻ
ആധിയും വ്യാധിയും മാറിടുവാൻ
ദാനവും പരിഹാരവും ഏറ്റെടുത്ത്
നോമ്പുകാലം സന്തോഷിപ്പീൻ
അഹങ്കാരവും അസൂയയും മാറിടുവാൻ
നിത്യജീവനിലെത്തിടുവാൻ
വിശ്വാസത്തേരിൽ യാത്ര ചെയ്യാൻ
സ്വർഗ്ഗീയ നാഥാ ശക്തി തരൂ!
നിന്നുടെ രക്തത്താൽ വാങ്ങിയ മക്കളെ
ലോകയിമ്പത്തിനടിമയാക്കി
സാത്താന്റെ പിടിയിൽ വലയുന്ന മക്കളെ
ഒരിക്കലും നാഥാ കൈവിടല്ലേ.
നിന്നുടെ രക്തത്താൽ എന്നെ കഴുകി
ക്രൂശിൽ മറച്ചു മാറോടുചേർത്ത്
നിന്നുടെ കാന്തയായി തീർന്നിടുവാൻ
ഗോൽഗോഥ നാഥ കനിഞ്ഞിടുക.

# ഒന്നുകൊണ്ടാലേ പഠിക്കൂ

ലിഷ സിജോ വിലങ്ങൻപാറ

നമ്മളെല്ലാവരും ദൈനംദിന ജീവിതത്തിൽ എപ്പോഴും പ്രയോഗിക്കുന്ന ഒരു വാചകമാണിത്. എത്ര അർത്ഥവത്തായ ശൈലിയാണിതെന്ന് നമ്മുടെ ജീവിതത്തിൽ ഓരോ അനുഭവങ്ങൾ നേരിടുമ്പോഴാണ് നാം മനസ്സിലാക്കുന്നത്. ഉള്ളതിലൊന്നും സംതൃപ്തി കണ്ടെത്താനാകാതെ ഇല്ലാത്തതിനെക്കുറിച്ചോർത്ത് നിരാശയിൽ ഓടി നടക്കുകയാണ് നമ്മളിൽ പലരും. എന്നാൽ നമ്മളെ പിടിച്ചിരുത്തുന്ന എന്തെങ്കിലും ഒരു അനുഭവമുണ്ടായാൽ നാം മനസ്സിലാക്കും ദൈവം നമുക്ക് എത്രയോ നന്മകൾ ആണ് നൽകിയിരിക്കുന്നതെന്ന്. എന്തെങ്കിലും സാരമായ ഒരു രോഗമോ, വേറെ എന്തെങ്കിലും തരത്തിലുള്ള വേദനാജനകമായ അനുഭവങ്ങളോ നമുക്കുണ്ടാകുമ്പോഴാണ് പലരേയും, പലതിനേയും ആഴത്തിൽ നാം മനസ്സിലാക്കുന്നത്. നമ്മുടെ ചുറ്റുപാടുമുള്ളവരുടെ സ്നേഹത്തെ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത് ഇത്തരത്തിലുള്ള ഓരോ അനുഭവങ്ങളാണ്. മറ്റുള്ളവരുടെ സ്നേഹത്തെ സംശയത്തോടെയും സ്നേഹമില്ലെന്നുള്ള പരാതിയോടെയുമൊക്കെ നോക്കിക്കാണുമ്പോൾ ചെറിയ എന്തെങ്കിലും ഒരു തട്ട് നമുക്കുണ്ടായാൽ മതി സ്നേഹം സത്യമാണോ മിഥ്യയാണോ എന്ന് നമുക്ക് തിരിച്ചറിയാൻ പറ്റും. യഥാർത്ഥ സ്നേഹമാണെങ്കിൽ നമുക്ക് ഒരു തളർച്ച വരുമ്പോൾ, എത്ര പിണക്കത്തിലാണെങ്കിലും നമ്മെ താങ്ങി നിർത്തും. അതായിരിക്കണം യഥാർത്ഥ സ്നേഹം. എല്ലാത്തിലും ഉപരിയായി നമ്മുടെ ആത്മീയ ജീവിതത്തെ ഒന്ന് പൊടി തട്ടി എടുക്കുവാൻ ഇത്തരം ചില തട്ടുകൾക്കും മുട്ടുകൾക്കുമൊക്കെ കഴിയുമെന്ന് തോന്നുന്നു. വേറെ ദുഃഖമോ പ്രയാസമോ ഒന്നുമില്ലെങ്കിൽ നമ്മുടെ കുടുംബ പ്രാർത്ഥനകളും വി. കുർബ്ബാനയിൽ പങ്കുചേരലുമൊക്കെ വെറും യാന്ത്രികവും ജല്പനവുമായിരിക്കും. അർത്ഥം മനസ്സിലാക്കാതെ എന്തൊക്കെയോ നാം വെറുതെ വായിച്ചും ഉരുവിട്ടും കൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ മനസ്സൊന്ന് വേദനിച്ച് നാം ബൈബിൾ വായിക്കുകയും പാട്ടു പാടുകയും പ്രാർത്ഥിക്കുകയുമൊക്കെ ചെയ്യുമ്പോൾ അതിലെ ഓരോ വരിയും എത്ര അർത്ഥവത്താണെന്ന് മനസ്സിലാക്കി നാം ചൊല്ലുന്നു.

വിശുദ്ധ വേദപുസ്തകത്തിൽ സഹനങ്ങൾ അനുഗ്രഹങ്ങളാണെന്ന് വ്യക്തമാക്കി പറയുന്ന ഒരു വേദഭാഗമാണ് എബ്രായ ലേഖനം 12:6-10 വരെയുള്ള വാക്യങ്ങൾ. അതിൽ ഇപ്രകാരം പറയുന്നു. "എന്റെ മകനേ, കർത്താവിന്റെ ശിക്ഷയെ നീ നിരസിക്കരുത്. അവനാൽ നീ ശാസിക്കപ്പെടുമ്പോൾ നിന്റെ മനസ്സ് ക്ഷീണിക്കുകയുമരുത്. എന്തെന്നാൽ കർത്താവ് സ്നേഹിക്കുന്നവനെ ശിക്ഷിക്കും. തനിക്ക് പ്രിയമുള്ള മക്കളെ അടിക്കുകയും ചെയ്യും. ആകയാൽ ദൈവം മക്കളോടെന്നതുപോലെ നിങ്ങളോട് പ്രവർത്തിക്കുന്നതുകൊണ്ട് ശിക്ഷയെ സഹിക്കുവിൻ. പിതാവ് ശിക്ഷിച്ചിട്ടില്ലാത്ത മകനുണ്ടോ? എല്ലാവരും അനുഭവിക്കുന്ന ശിക്ഷ ഇല്ലാത്തവരാകുന്നു നിങ്ങൾ എങ്കിൽ നിങ്ങൾ മക്കളല്ല, അന്യന്മാരാകുന്നു. ദൈവമാകട്ടെ നാം തന്റെ വിശുദ്ധിയോട് ബന്ധമുള്ളവരാകുവാൻ നമ്മുടെ ഗുണത്തിനായിട്ട് നമ്മെ ശിക്ഷിക്കുന്നു. എതൊരു ശിക്ഷയും തൽസമയത്ത് നമുക്ക് സന്തോഷമായി തോന്നുന്നില്ല. പിന്നെയോ ദു:ഖമായിട്ടത്രേ. എന്നാൽ അവസാനമോ, അതിന് പരിശീലിച്ചവർക്ക്, അത് സമാധാനത്തിന്റെയും നീതിയുടെയും ഫലങ്ങൾ പ്രദാനം ചെയ്യുന്നു.

അപ്പോൾ പറഞ്ഞു വന്നത്, നമ്മുടെയൊക്കെ ജീവിതത്തിൽ ചെറിയ ചെറിയ സഹനങ്ങൾ ഉണ്ടാകുന്നത് നല്ലതെന്നാണ്. വി. അൽഫോൻസാമ്മയെപോലുള്ള വിശുദ്ധരൊക്കെ ദൈവത്തോട് സഹനങ്ങൾ ചോദിച്ചു വാങ്ങുമായിരുന്നു. നമ്മളെക്കൊണ്ട് അത്രയും ഒന്നും പറ്റില്ലായിരിക്കും. പക്ഷേ, 'ഉറുമ്പിന് അരി ഭാരം, ആനയ്ക്ക് തടി ഭാരം' എന്ന ചൊല്ലുപോലെ നമുക്ക് താങ്ങാൻ പറ്റുന്ന സഹനങ്ങൾ നേരിടുമ്പോൾ അതിനെതിരെ പിറുപിറുക്കാതെ സന്തോഷത്തോടെ ഏറ്റുവാങ്ങാൻ ശ്രമിക്കുക. എങ്കിലേ, നമുക്ക് നമ്മളേയും, നമ്മുടെ ചുറ്റുമുള്ളവരേയും, സർവ്വോപരി നമ്മുടെ ദൈവത്തിന്റെ അളവില്ലാത്ത സ്നേഹത്തേയും തിരിച്ചറിയാൻ സാധിക്കൂ. അതുപോലെ നമ്മുടെ ഉള്ളിലുള്ള അഹം എന്ന ഭാവത്തെ തിരിച്ചറിയാനും, നമ്മുടെ അതൃപ്തികളെ തൃപ്തിപ്പെടുത്താനുമൊക്കെ ചെറിയ കൊട്ടുകളും, തട്ടുകളും ഇടയ്ക്ക് കിട്ടുന്നത് നല്ലതാണ്. അത് നമുക്ക് താങ്ങാവുന്നതും നമ്മെ ബലപ്പെടുത്തുന്നതും ആയിരിക്കണമേയെന്ന് എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കാം. ആയതിനുള്ള ശക്തിയും ബലവും ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.


## ആവശ്യം ഉണ്ട്

ഓതറ നസ്രേത്ത് ആശ്രമത്തിലേക്ക് താമസിച്ചു ജോലി ചെയ്യുന്നതിന് ഒരു Cook- നെ ആവശ്യം ഉണ്ട്. പ്രായം 60 വയസ്സിനു താഴെ.

**The Secretary,**
**Nazareth Asramam**
**Othera- 6238718215**

## വസ്തു വില്പനയ്ക്ക്

**മൂലംകുളത്ത്**
**15 സെന്റ് സ്ഥലവും**
**വീടും വില്പനയ്ക്ക്**

**Contact - 8714310730**



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**9. മനഃശക്തി**

കുട്ടികളുടെ മാതൃകയാകുന്ന മാതാപിതാക്കൾ കുട്ടികളുടെ മനഃശക്തി വർദ്ധിപ്പിക്കുവാൻ പ്രയത്നിക്കണം. എന്തിനെയും നേരിടുവാനുള്ള മനഃശക്തി അവരിൽ വളർത്തിയെടുക്കേണ്ടത് മാതാപിതാക്കളാണ്.

വേണ്ടതു ചെയ്യുവാനുള്ള നിശ്ചയദാർഢ്യവും വേണ്ടാത്തത് ചെയ്യാതിരിക്കുവാനുള്ള ആത്മനിയന്ത്രണവും മനഃശക്തിയുള്ളവർക്ക് സ്വന്തമാണ്. അങ്ങനെയുള്ളവർ ആത്മസംയമനത്തോടെ പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യും. മനോധൈര്യം അവലംബിച്ചുകൊണ്ട് ഏത് വിഷയങ്ങളെയും നേരിടുവാൻ അങ്ങനെയുള്ളവർക്ക് സാധിക്കും. മനഃശക്തി പെട്ടെന്ന് ആർജ്ജിച്ചെടുക്കുന്ന സ്വഭാവഗുണമല്ല. അനേകനാളിലെ കഠിനാദ്ധ്വാനം കൊണ്ട് നേടിയെടുക്കുന്നതാണ് മനഃശക്തി.

കുട്ടികളുടെ വ്യക്തിത്വരൂപീകരണ കാലത്ത് അവരിൽ മനഃശക്തി വളർത്തിയെടുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. പ്രതിസന്ധികളുടെ മുൻപിൽ തളരാൻ കുട്ടികളെ അനുവദിക്കരുത്. അവരുടെ കൈപിടിച്ച് മുന്നോട്ട് നടത്തണം.

ഒരിക്കൽ സ്കൂളിൽ പോയ റോഷൻ തോട്ടിൽ വീണ് ആകെ നനഞ്ഞ് പരിഭ്രമത്തോടെ വീട്ടിലേക്കു മടങ്ങി വന്നു. നനഞ്ഞ വസ്ത്രത്തോടെ കടന്നുവരുന്ന റോഷനെ നോക്കി അവന്റെ പപ്പ ചോദിച്ചു:

"എന്തു പറ്റിയെടാ റോഷൻ, നീ ആകെ നനഞ്ഞ് കുളിച്ചല്ലോടാ. പുസ്തകങ്ങളും നനഞ്ഞിരിക്കുന്നല്ലോ. എന്തു പറ്റിയതാ"?

റോഷൻ പരിഭ്രമത്തോടെ മറുപടി പറഞ്ഞു:

"അത് പിന്നെ പപ്പ, സ്കൂളിലേക്കുള്ള വഴിയിലെ തോട് ചാടിക്കടക്കാൻ ശ്രമിച്ചപ്പോൾ തോട്ടിൽ പോയതാണ്".

"അതെന്തിനാ ചാടിക്കടന്നത്. ആ തോടിന് കുറുകെ തെങ്ങുംതടി വച്ചിട്ടുണ്ടല്ലോ. പിന്നെന്തിനാണ് ചാടിയത്".

പപ്പയുടെ ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടി. പരിഭ്രമത്തോടെയാണെങ്കിലും റോഷൻ പറഞ്ഞു:

"ചാടിക്കടക്കാൻ പറ്റുമെന്നാണ് കരുതിയത്. പക്ഷെ കഴിഞ്ഞില്ല. ഇനിയും ആവർത്തിക്കില്ല".

റോഷനിലെ കായികതാരത്തെ തിരിച്ചറിയാൻ പപ്പയ്ക്ക് അധികം സമയം വേണ്ടി വന്നില്ല. പപ്പ ഉറച്ച ശബ്ദത്തോടെ പറഞ്ഞു:

"ആവർത്തിക്കണം. ഇനിയും ചാടിക്കടക്കുവാൻ ശ്രമിക്കണം. നിനക്കു ആത്മവിശ്വാസമുണ്ടെങ്കിൽ ആ തോട് നീ ചാടിക്കടക്കും".

പപ്പ റോഷനെ നനഞ്ഞ വസ്ത്രത്തോടെ കൈക്ക് പിടിച്ചുകൊണ്ട് ആ തോടിന്നരികിലേയ്ക്ക് നടന്നു. എല്ലാ പിന്തുണയും നൽകി ചാടുവാൻ പ്രോത്സാഹിപ്പിച്ചു. പലപ്രാവശ്യം തോട്ടിൽ വീണു. എങ്കിലും അവസാനം നനഞ്ഞ വസ്ത്രത്തോടെ തോട് ചാടിക്കടന്നു. പപ്പയുടെ വഴക്കു ഭയന്ന് വന്ന റോഷനിലെ കായികതാരത്തെ പപ്പയുടെ പരിശ്രമത്താൽ പുറത്ത് കൊണ്ടു വന്നു. പിന്നീട് റോഷനെ പട്ടണത്തിലുള്ള ഒരു കായികാദ്ധ്യാപകന്റെ ശിക്ഷണത്തിൽ പപ്പ പരിശീലനത്തിന് അയച്ചു. അങ്ങനെ റോഷൻ സ്കൂളിലും പിന്നീട് കോളേജിലും Long Jump Champian ആയി. ഇപ്പോൾ റെയിൽവേയിലെ ഉദ്യോഗസ്ഥനാണ്.

കഠിനാദ്ധ്വാനത്തിലൂടെയാണ് മനഃശക്തി വർദ്ധിപ്പിക്കുന്നത്. റോഷന്റെ പപ്പ റോഷന്റെ മനഃശക്തി വർദ്ധിപ്പിക്കുവാൻ നിശ്ചയദാർഢ്യ (determination) വും കഠിനാദ്ധ്വാനവും ആവശ്യമാണെന്ന് പഠിപ്പിച്ചു. ഇതുപോലെ മാതാപിതാക്കളുടെ ധർമ്മമാണ് മക്കളുടെ മനഃശക്തിയെ വർദ്ധിപ്പിക്കുന്നത്. പല മാതാപിതാക്കളും മക്കളുടെ മനഃശക്തിയെ തളർത്തിക്കളയുന്നവരാണ്.

"നിന്നെക്കൊണ്ട് ഇതിനൊന്നും പറ്റില്ല. നമുക്ക് ഇതിനൊക്കെയുള്ള കഴിവൊന്നും കാണുകയില്ല. ഇതൊന്നും നമുക്ക് പറഞ്ഞിട്ടുള്ളതല്ല. അത് വലിയവലിയ ആളുകളുടെ മക്കൾക്കു പറഞ്ഞിട്ടുള്ളതാണ്. എന്റെ കുഞ്ഞിന് അതിനുള്ള യോഗമില്ല" എന്നൊക്കെയാണ് പല മാതാപിതാക്കളും പറയുന്നത്.

"നിശ്ചയദാർഢ്യത്തോടെ ഏതെങ്കിലും കാര്യങ്ങൾ ആഗ്രഹിക്കുകയും അതിനുവേണ്ടി കഠിനപ്രയത്നം ചെയ്യുകയും ചെയ്താൽ ആ കാര്യം സാധിക്കുവാൻ പ്രകൃതിയും ചുറ്റു

പാടുകളും സഹായിക്കും. മനഃശക്തിയുടെ ഫലമാണിത്. കഴിവുള്ള മക്കളുടെ കഴിവുകളെ തല്ലിക്കെടുത്താതെ അവരെ മനോബലം നൽകി ശക്തീകരിക്കുന്നതാണ് ശരിയായ പേരന്റിംഗ്. കൂടുതൽ ഉയരങ്ങളിലേയ്ക്ക് പറക്കുവാനും മക്കളെ പ്രോത്സാഹിപ്പിക്കണം. അവരുടെ മുൻപിലെ അനന്തസാദ്ധ്യതകളിലേയ്ക്ക് മക്കളുടെ കൈപിടിച്ചു നടത്തണം.

ഒരിക്കൽ ഒരു തള്ളക്കോഴിയ്ക്ക് ഒരു പരുന്തിൻകുഞ്ഞിനെ കിട്ടി. തന്റെ കുഞ്ഞുങ്ങളോടൊപ്പം പരുന്തിൻ കുഞ്ഞിനെയും തള്ളക്കോഴി വളർത്തി. കോഴിക്കുഞ്ഞുങ്ങൾ വളർന്നതിനോടൊപ്പം പരുന്തുംകുഞ്ഞും വളർന്നു. കോഴിക്കുഞ്ഞുങ്ങൾക്ക് പ്രായപൂർത്തിയായപ്പോൾ തള്ളക്കോഴി അവയെ കൊത്തിപ്പിരിച്ചപ്പോൾ പരുന്തിനെയും പിരിച്ചയച്ചു. മറ്റ് കോഴികളോടൊപ്പം തീറ്റകണ്ടെത്താനും ചികയാനും ഒക്കെ മാത്രമെ പരുന്തിനും അറിയാമായിരുന്നുള്ളു. പ്രായപൂർത്തിയായ കോഴികളോടൊപ്പം പരുന്തും തീറ്റതേടി നടന്നു. തനിക്ക് ഉയരത്തിൽ പറക്കാനും അകലെ നിന്ന് തീറ്റ കണ്ടെത്താനും സാധിക്കുമെന്ന് പരുന്തിന് അറിയില്ലായിരുന്നു. ഒരു നാളിൽ ഉയരത്തിൽ പറന്നുകൊണ്ടിരുന്ന മറ്റൊരു പരുന്ത് താഴെ ചികഞ്ഞു നടക്കുന്ന ഈ പരുന്തിനെ കണ്ടു. അത് സാവധാനം താഴെ ഒരു മരക്കൊമ്പിലിരുന്നു കൊണ്ട് ഈ പരുന്തിനെ വിളിച്ചു. അപ്പോൾ മാത്രമാണ് ആദ്യമായി തന്റെ വർഗ്ഗത്തിൽപെട്ട മറ്റൊരു പരുന്തിനെ കാണുന്നത്. ആ പരുന്തിന്റെ ക്ഷണപ്രകാരം ആദ്യമായി ഈ പരുന്ത് പറന്ന് അതിനോടൊപ്പം ആ മരക്കൊമ്പിലിരുന്നു. തനിക്ക് ഇത്രയും ഉയരത്തിൽ പറക്കാൻ കഴിയുമെന്ന് അതിശയത്തോടെ തിരിച്ചറിഞ്ഞു. പറന്നുവന്ന പരുന്ത് ഈ പരുന്തിനോട് പറഞ്ഞു.

"നിനക്ക് ഇനിയും വളരെ ഉയരങ്ങളിൽ പറക്കാൻ കഴിയും. നീ കോഴികളുടെ ഇടയിൽ വളർന്നതുകൊണ്ടാണ് നിനക്കു പറക്കുവാനുള്ള സാദ്ധ്യത നഷ്ടപ്പെട്ടത്. നമ്മൾ കോഴികളെപ്പോലെ ചികഞ്ഞു തീറ്റ കണ്ടെത്തുകയല്ല. മറിച്ച് ഉയരെ പറന്ന് താഴെയുള്ള തീറ്റ കണ്ടെത്തി റാഞ്ചിയെടുക്കുകയാണ് വേണ്ടത്".

പരുന്തിന്റെ ഉപദേശം കിട്ടി മുകളിലേയ്ക്ക് വളരെ ഉയരങ്ങളിലേയ്ക്ക് പറക്കുന്ന തങ്ങളുടെ കൂട്ടുകാരൻ പരുന്തിനെ കണ്ട് താഴെ കോഴികൾ അതിശയത്തോടെ നോക്കിനിന്നു.

ഈ പരുന്തിന്റെ അവസ്ഥയാണ് ഇന്നത്തെ മാതാപിതാക്കൾ വളർത്തുന്ന പല കുട്ടികൾക്കും. മുൻ രാഷ്ട്രപതിയായിരുന്ന അന്തരിച്ച എ. പി. ജെ. അബ്ദുൽകലാം പറഞ്ഞു.

"കുട്ടികളെ വലിയ സ്വപ്നങ്ങൾ കാണാൻ പഠിപ്പിക്കണം. Dream great things".

വലിയ നേട്ടങ്ങൾ ഉണ്ടാകാൻ കൂടുതൽ കഠിന പ്രയത്നം ചെയ്യണം. ഒരു ശില്പി തന്റെ ആയുധം കൊണ്ട് പലപ്രാവശ്യം ഒരു ശിലയെ ചെത്തി മിനുക്കിയാലെ താൻ ഉദ്ദേശിക്കുന്ന രൂപം അതിന് ലഭിക്കൂ. കൂടുതൽ മുറിക്കപ്പെടുകയും നൊമ്പരപ്പെടുകയും ചെയ്യുമ്പോൾ ഏറ്റവും ശ്രേഷ്ഠമായത് ലഭിക്കും. ഉയർന്ന ബിരുദങ്ങൾ സമ്പാദിക്കുവാനും ഉന്നതമായ സ്ഥാനത്തെത്തുവാനും കൂടുതൽ മനോബലവും നിശ്ചയദാർഢ്യവും കഠിനാധ്വാനവും ആവശ്യമാണ്. ഉദാഹരണത്തിന് ഒരു നല്ല മെക്കാനിക്ക് ആകുവാൻ ITI യിൽ പഠിച്ചാൽ രണ്ടുവർഷം മതി. പോളി ടെക്നിക്കിൽ പഠിക്കണമെങ്കിൽ മൂന്നു വർഷവും B.Tech പഠിക്കണമെങ്കിൽ നാലു വർഷവും ആവശ്യമാണ്. മൂന്നും ഒരുവനെ ഒരു നല്ല മെക്കാനിക്ക് ആക്കും. പക്ഷെ പഠിച്ച കോഴ്സും ലഭിക്കുന്ന ജോലിയും വ്യത്യസ്ഥമാണ്.

എന്റെ ഇടവകയിലെ ഭവനസന്ദർശനത്തിലുണ്ടായ ഒരു അനുഭവം പറയാം.

"പോരട്ടെ, പോരട്ടെ. കേൾക്കുവാൻ interest ഉള്ള കാര്യങ്ങൾ പോരട്ടെ" ടോണി കമന്റടിച്ചു.

"അങ്ങനെ ആയിക്കോട്ടെ". അച്ചൻ പുഞ്ചിരിയോടെ തുടർന്നു.

ഭവനസന്ദർശനത്തിന് പോയപ്പോൾ മിടുക്കിയായ ഒരു പെൺകുട്ടിയെ പരിചയപ്പെട്ടു. സാധാരണക്കാരായ ആളുകൾ. പഠനത്തിൽ അതിസമർത്ഥയാണ്. S.S.L.C. യ്ക്കും Pre-Degree യ്ക്കും High first class വാങ്ങിയ ഈ കുട്ടി B.Sc Nursing -നു പോകാൻ തയ്യാറെടുക്കുന്നു. Medical Entrance ന് ശ്രമിച്ചുകൂടെ എന്ന എന്റെ ചോദ്യത്തിന് ശ്രമിച്ചിട്ട് കിട്ടിയില്ല എന്ന മറുപടിയാണ് തന്നത്. ഒരു വർഷത്തെ കോച്ചിംഗിന് പോയി repeat ചെയ്യുവാൻ പറഞ്ഞപ്പോൾ കുട്ടിയുടെ അമ്മ പറഞ്ഞു:

"അച്ചോ പെൺകുട്ടിയല്ലെ. വെറുതെ ഒരു വർഷം കളയണോ? മാത്രമല്ല repeat ചെയ്തിട്ടും കിട്ടിയില്ലെങ്കിൽ അതൊരു നഷ്ടമാകില്ലെ"?

അവസാനം എന്റെ നിർബന്ധത്തിന് വഴങ്ങി repeat ചെയ്യാൻ തീരുമാനിച്ചു. ആ കുട്ടിയുടെ കഠിനാധ്വാനവും നിശ്ചയദാർഢ്യവും കൊണ്ട് അവൾക്ക് ആലപ്പുഴ മെഡിക്കൽ കോളജിൽ M.B.B.S ന് അഡ്മിഷൻ ലഭിച്ചു. പിന്നീട് അവൾ M.D. യും കഴിഞ്ഞ് ഇപ്പോൾ ഗൈനക്കോളജിസ്റ്റായി പ്രാക്ടീസ് ചെയ്യുന്നു.

ഇങ്ങനെ അനേകരെ ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹിപ്പിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. Diploma യ്ക്കു പോകുവാൻ താൽപര്യപ്പെട്ടിരുന്ന പലരെയും പ്രോത്സാഹിപ്പിച്ച് Graudation ന് അയക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കുട്ടികളെ അവരുടെ സാധ്യതകൾ കാട്ടിക്കൊടുക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. പ്രതിസന്ധികളിൽ തളരാത്ത മനോവീര്യം നമ്മുടെ മക്കൾക്ക് പകർന്നു നൽകണം.

ജിവിത യാഥാർത്ഥ്യങ്ങളെ നേരിടുവാനുള്ള മനഃശക്തി (will power) കുട്ടികളിലുണ്ടാകാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അസാദ്ധ്യതകളുടെ നടുവിൽ സാധ്യതകൾ കണ്ടെത്തുവാനുള്ള മനഃശക്തി മക്കൾക്കുണ്ടാകണം. എന്നെക്കൊണ്ട് ഇതിനു കഴിയുമോ എന്നു സംശയത്തോടെ ചോദിക്കുന്ന മക്കളോട് 'yes you can' എന്നു പറയുന്ന മാതാപിതാക്കളാകണം നാം. പരാജയങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടിയാണെന്ന ബോധ്യം കുഞ്ഞുങ്ങളിലുണ്ടാകണം.

ഒരു പരാജയം കൊണ്ട് അവസാനിക്കേണ്ടതല്ല തന്റെ ജീവിതമെന്ന് മക്കളെ പഠിപ്പിക്കണം. കഠിനമായ പരിശീലനങ്ങൾ വിജയിക്കാനുള്ള തൃഷ്ണ ജനിപ്പിക്കും. പരാജയങ്ങളെ പതറാതെ അംഗീകരിക്കുവാനും നേരിടുവാനും കഴിയണമെങ്കിൽ മനഃശക്തി ഉണ്ടാകണം. ശക്തമായ നിലപാടുകൾ ഏത് വിഷയത്തിലും വികസിപ്പിച്ചെടുക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. പരാജയങ്ങളിൽ തളരാത്ത മനസ്സാണ് വിജയിക്കുവാനുള്ള വഴി ഒരുക്കുന്നത്. വിജയത്തിന്റെ സോപാനത്തിലെത്തുന്ന ഏതൊരു വിജയിയും പെട്ടെന്നുണ്ടാക്കിയെടുത്ത വിജയമല്ല; പ്രത്യുത കഠിനാദ്ധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും പ്രതിഫലമാണ്.

കുറുക്കുവഴിയിലൂടെ വിജയം കണ്ടെത്തുവാൻ ശ്രമിക്കരുത്. മക്കളെ അതിനുവേണ്ടി പ്രേരിപ്പിക്കരുത്. തുടക്കത്തിൽ അവരെ അലസരാക്കുകയും പിന്നീട് അധാർമ്മികമായി നേടിയ വിജയം അധാർമ്മികതയിലേയ്ക്കു നയിക്കുകയും ചെയ്യും. തികഞ്ഞ മനഃശക്തിയിൽ കഠിനാദ്ധ്വാനം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കയാണ് വേണ്ടത്. കഠിനാദ്ധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും പ്രതിഫലമാണ് വിജയം.

കഠിനാദ്ധ്വാനി തോൽക്കുകയില്ലെന്ന് മക്കൾക്ക് മനസ്സിലാക്കിക്കൊടുക്കണം. നിരന്തര പരിശ്രമത്തിനായി അവരുടെ

ഹൃദയത്തെ സജ്ജമാക്കണം.

നമ്മുടെ മക്കളുടെ തുടക്കകാലത്ത് മാത്രമായിരിക്കും നാം അവരോടൊപ്പം ഉണ്ടാവുക. പിന്നീട് അവരുടെ ജീവിതത്തിലുണ്ടാകുന്ന സമ്മർദ്ദങ്ങളിൽ അവർ തളരാതിരിപ്പാൻ അവർക്കു മനഃശക്തിയുണ്ടാകണം. പരീക്ഷണങ്ങളും പ്രതിസന്ധികളും അവരുടെ ജീവിതകാലത്ത് ഉടനീളം കാണാം. ആ അവസരത്തിൽ സമചിത്തതയോടെ അവയെ അഭിമുഖീകരിക്കുവാൻ അവർക്കു കഴിയണം.

എന്റെ വ്യക്തിപരമായ അനുഭവം പറയാം. ബാംഗ്ലൂരിൽ U.T.C. ൽ നാലു വർഷത്തെ B.D. Degree യ്ക്കു പഠിക്കുമ്പോൾ ഉറക്കമില്ലാത്ത രാത്രികൾ ഉണ്ടായിരുന്നു. സ്‌ക്കോളർഷിപ്പ് നിലനിർത്തണമെങ്കിൽ 55% മാർക്ക് ഉണ്ടായിരിക്കണം. അല്ലെങ്കിൽ താങ്ങാൻ പറ്റാത്ത ഫീസ് കൊടുക്കേണ്ടിവരും. എത്രയോ പരീക്ഷകൾക്ക് രാത്രിയിൽ ഉറങ്ങാതെ പഠിക്കേണ്ടിവന്നിട്ടുള്ളതിന്റെ റിസൾട്ട് ആണ് എന്റെ B.D. Degree.

Study leave ന്റെ സമയത്ത് First floor ൽ താമസിക്കുമ്പോൾ പഠനബാഹുല്യത്താൽ ചില ദിവസങ്ങളിൽ ഭൂമിയെ സ്പർശിക്കാത്ത ദിവസങ്ങളുണ്ടായിരുന്നുവെന്ന് അതിശയോക്തിയില്ലാതെ പറയാം. Assignment നെക്കുറിച്ച് ഡിഗ്രിയ്ക്കു പഠിക്കുമ്പോൾ കേട്ടിട്ടുപോലുമില്ല. Assignments, reviews, book reports അങ്ങനെ എത്രമാത്രം കഠിനപ്രയത്നം നടത്തിയാണ് സെമിനാരി പഠനം പൂർത്തീകരിച്ചത്. നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും ഒപ്പം കൊണ്ടുപോയാലെ ഏതു പഠനവും പൂർത്തീകരിക്കുവാൻ കഴിയൂ. അന്നത്തെ പഠനത്തിന്റെ മഹത്വം ഇന്നത്തെ ശുശ്രൂഷയിൽ എനിക്കു അനുഭവപ്പെടുന്നുണ്ട്. B.D. യ്ക്ക് പഠിച്ചപ്പോൾ ലഭിച്ച ബോധ്യങ്ങളാണ് പിന്നീട് M.T.H. നും Ph.D യ്ക്കും എനിക്ക് തുണയായത്.

ആയതിനാൽ മാതാപിതാക്കൾ ഉറച്ചബോധ്യത്തോടും ദിശാബോധത്തോടും മക്കളെ മുന്നിൽ നിന്നു നയിക്കണം. തോൽവികളെ ഭയപ്പെടാതെ സധൈര്യം മുന്നോട്ട് പോകാൻ മക്കൾക്കൊപ്പം നിൽക്കണം. അങ്ങനെ നിങ്ങളുടെ മക്കളുടെ മനഃശക്തി വർദ്ധിപ്പിക്കുവാനും അവരെ ലക്ഷ്യബോധത്തോടെ നയിക്കുവാനും നിങ്ങൾക്ക് കഴിയും.

"സമയം 5 മണി കഴിഞ്ഞു. സെമിനാർ ഇനിയും തുടരും. മറ്റൊരു അവധി ദിവസം നമുക്കു വീണ്ടും കണ്ടുമുട്ടാം".

അച്ചൻ പ്രാർത്ഥിച്ച് ആശീർവദിച്ചു.

എല്ലാവരും സന്തോഷത്തോടെ പരസ്പരം ആശംസകൾ പറഞ്ഞ് പിരിഞ്ഞു. (തുടരും)

## ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നാട്ടകം വില്ലേജിൽപ്പെട്ട കരികുന്നം കാടത്തറ പാടശേഖരത്തിലെ ഏഴ് ഏക്കർ പുഞ്ചനിലത്തും വെളിയനാട് വില്ലേജിൽ കുന്നങ്കരി മുറിയിൽപ്പെട്ട കരിമീൻതട പാടശേഖരത്തിലെ രണ്ട് ഏക്കർ എഴുപത് സെന്റ് പുഞ്ചനിലത്തും 2022-23 വർഷം നെൽകൃഷി ചെയ്ത് ആദായം എടുക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകമായുള്ള ക്വട്ടേഷൻ 20-07-2022 ബുധനാഴ്ച രാവിലെ 11 മണിക്ക് മുമ്പായി സമുദായ ഓഫീസിൽ കിട്ടത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ഓരോ ക്വട്ടേഷനോടുകൂടിയും 5000 രൂപയുടെ നിരതദ്രവ്യം പണമായോ, ഡി.ഡി യായോ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് പാടശേഖരത്തിന്റെ പേര് വ്യക്തമായി കാണിച്ചിരിക്കണം. ക്നാനായ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി അവകാശമുറപ്പിക്കുന്നതാണ്. അംഗീകരിക്കപ്പെടുന്ന തുക മുഴുവനും ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അവകാശം ക്നാനായ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയുള്ള സമയത്ത് സമുദായ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

Ph: 0481-2430327, 2432544

**ജേക്കബ് തോമസ് മറ്റയ്ക്കാട്ട്**

**ആക്ടിംഗ് ട്രസ്റ്റി**

## ക്വട്ടേഷൻ നോട്ടീസ്

മാർ അപ്രേം സെമിനാരി കോമ്പൗണ്ടിൽ നിൽക്കുന്ന 1 തേക്ക് മരവും 1 പ്ലാവും, സമുദായം വക നെല്ലിക്കൽ തോട്ടത്തിൽ നിൽക്കുന്ന 2 ആഞ്ഞിലിമരവും 1 തേക്ക് മരവും വിൽക്കുന്നതിലേയ്ക്ക് 2022 ജൂലൈ 20- ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി സെമിനാരി ഓഫീസിൽ കിട്ടത്തക്കവണ്ണം ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനോടുകൂടി 1000/- രൂപയുടെ നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ സമുദായ ആഫീസുമായി ബന്ധപ്പെടുക.

Ph: 0481-2430327, 2432544

**ജേക്കബ് തോമസ് മറ്റയ്ക്കാട്ട്**

ആക്ടിംഗ് ട്രസ്റ്റി

**NAZARETH COLLEGE OF PHARMACY**

OTHERA,THIRUVALLA- 689546,

PH:04692657586,9495237292

**QUOTATION**

Inviting quotation for constructing buildings (**classrooms& other allied rooms**). Approx.5000sqft. Documents related to the quotations will available from college office **20th July 2022 onwards**.

EMD of Rs. 25000/-(Demand Draft should be drawn in the name of "Manager Nazareth College of Pharmacy, Othera"

***Last date of Submission 5th August 2022, 12 .00 pm***

***Sd/***

***Manager***




ഫാ. ജിനു മാത്യു മേലേൽ, ബാംഗ്ലൂർ

## ജൂലൈ 17 പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായറാഴ്ച (വി. മത്താ. 15:32 – 39)

ഇന്നത്തെ ഏവൻഗേലിയോൻ ചിന്തയിലൂടെ യേശു തമ്പുരാൻ നമ്മെ പഠിപ്പിക്കുന്ന കാര്യങ്ങൾ.

1. മനുഷ്യന്റെ അനുദിന കാര്യങ്ങൾ ശ്രദ്ധിക്കുന്ന, അവ മനസ്സിലാക്കി ജനത്തെ കരുതുന്ന ദൈവം. മൂന്നു ദിവസമായി തന്നോടു ചേർന്നിരുന്ന ജനസമൂഹത്തിന്റെ മേൽ മനസ്സലിയുന്ന യേശുനാഥൻ. ഈ ജനസമൂഹം തുടർച്ചയായി മൂന്നുനാൾ തങ്ങളുടെ ബാഹ്യമായ എല്ലാ കാര്യങ്ങളും മാറ്റിവച്ച് തങ്ങളുടെ വീടും, ജീവിത സംരംഭങ്ങളും വിട്ട് യേശുവോടു ചേർന്നിരുന്ന് ദൈവവചനം ശ്രവിക്കുന്നു. അങ്ങനെ തന്നോടു പറ്റിച്ചേർന്നിരിക്കുന്ന ജനസാഗരത്തിന്റെ ദൈനംദിന ആവശ്യകതകൾ മനസ്സിലാക്കി കരുണ തോന്നുന്ന ദൈവം.

2. അല്പമായിട്ടുള്ളതിനെ അധികമായി വർദ്ധിപ്പിക്കാൻ യേശുവിനു കഴിയും എന്നുള്ള ശിഷ്യന്മാരുടെ വിശ്വാസം.

യേശുവോടു ചേർന്നിരിക്കുന്ന ജനസമൂഹത്തിൽനിന്നും ലഭിക്കുന്നത് 7 അപ്പവും കുറെ ചെറുമീനും. ഒരാൾക്ക് കഴിക്കാൻ മാത്രം ഉള്ള ചെറിയ ഒരു പൊതി ഭക്ഷണം. എന്നാൽ അതിനെ ശിഷ്യന്മാർ നിസ്സാരമായി എണ്ണാതെ, അവഗണിക്കാതെ മറച്ചു വച്ചില്ല. ഇത്രമാത്രം ജനസമൂഹത്തെ തീറ്റി തൃപ്തിപ്പെടുത്താൻ ഈ ചെറിയ ആഹാരത്തിനു കഴിയുകയില്ല എന്നു ശിഷ്യന്മാർ ചിന്തിക്കാതെ ഇത് യേശുവിന്റെ കരങ്ങളിൽ എത്തിയാൽ, അല്പമായിട്ടുള്ള ഈ ആഹാരത്തെ അധികമായി വർദ്ധിപ്പിക്കുവാൻ യേശുവിനു സാധിക്കും എന്നു ശിഷ്യന്മാർ വിശ്വസിച്ചു യേശുവിനെ ഏല്പിക്കുന്നു. ആ വിശ്വാസത്തിലൂടെ യേശു അത്ഭുതം പ്രവർത്തിക്കുന്നു.

**3. അനുസരണം അനുഗ്രഹത്തിനു കാരണമാകുന്നു**

ഭക്ഷണത്തിനായി പുരുഷാരത്തോടു നിലത്തിരിക്കാൻ ആവശ്യപ്പെടുമ്പോൾ അവർ അവിശ്വസിക്കാതെ വിശ്വാസത്തോടെ അനുസരിക്കുന്നു. അനുസരണം അനുഗ്രഹത്തിനു വഴി മാറുന്നു. നമ്മുടെ ജീവിതത്തിലും മറുത്തു ചിന്തിക്കാതെ ദൈവത്തെയും ദൈവിക കല്പനകളെയും അനുസരിക്കുമ്പോൾ അനുസരണം നമ്മുടെ ജീവിതത്തിൽ അനുഗ്രഹമായി മാറുന്നു.

**4. ഉള്ളതിനെ മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്ന അനുഭവം**

നിലത്ത് ഭക്ഷണത്തിനിരിക്കുന്ന ജനസമൂഹം ഏകദേശം പുരുഷന്മാർ മാത്രം അയ്യായിരം ആകുമ്പോൾ സ്ത്രീകളും കുട്ടികളും ചേർന്നാൽ കുറഞ്ഞത് 15000–20000 ജനസാഗരം ഉണ്ടാകും. ഇത്ര അധികം ജനങ്ങൾക്ക് 12 ശിഷ്യന്മാർ വിളമ്പിക്കൊടുക്കുമ്പോൾ ധാരാളം സമയം വേണ്ടിവരും. എന്നാൽ അവിടെ ഒരാൾക്കു ലഭിക്കുന്ന ആഹാരം തന്റെ അടുത്തിരിക്കുന്ന ആളിന് നൽകി പരസ്പരം ആഹാരം കൈമാറി പങ്കു വയ്ക്കുമ്പോൾ അത് സ്നേഹവും കരുതലും ഊട്ടി ഉറപ്പിക്കുന്ന ഒരു അനുഭവമായി മാറാം. അതും ആ ജനസമൂഹത്തെ തൃപ്തിയുടെ അനുഭവത്തിലേക്ക് വഴി നയിക്കുന്നു.

മൂന്നു ദിവസമായി തങ്ങളുടെ വീടും, മറ്റു ലൗകികമായ എല്ലാ ആവശ്യങ്ങളും, ആഗ്രഹങ്ങളും മാറ്റിവച്ച് യേശുവിനോടു ചേർന്നിരിക്കുകയും അപ്പമായിട്ടുള്ളതിനെ അധികമായി വർദ്ധിപ്പിക്കാൻ എന്റെ യേശുവിനു സാധിക്കും എന്നുള്ള വിശ്വാസവും, അനുസരണത്തോടെ യേശുവിന്റെ വാക്കിനു വില കല്പിക്കുകയും പങ്കു വയ്ക്കലിലൂടെ മറ്റുള്ളവരെ കരുതുകയും ചെയ്തപ്പോൾ ജനസമൂഹം തൃപ്തി പ്രാപിക്കുന്നു. ഈ തൃപ്തിയുടെ അനുഭവം നമ്മുടെ ജീവിതത്തിലും ഉടലെടുക്കുവാൻ ഈ വേദഭാഗം നമുക്ക് മുഖാന്തരമായി തീരട്ടെ.

## പെന്തിക്കോസ്തിക്കുശേഷം 7 – ാം ഞായർ (വി. മർക്കോസ് 3:20 – 30) ജൂലൈ 24

വി. മർക്കോസിന്റെ സുവിശേഷം 3–ാം അദ്ധ്യായം ആരംഭിക്കുന്നതുതന്നെ ശാബതിൽ ഒരു രോഗിയെ സുഖപ്പെടുത്തിക്കൊണ്ടാണ്. പരീശപ്രമാണിമാർക്ക് അത് ഒരിക്കലും അംഗീകരിക്കാനാകാത്ത കാര്യമായിരുന്നു. കാരണം ശാബതിൽ അനേക നിയമങ്ങൾ ഉണ്ടാക്കി. അത് സാധാരണക്കാരിൽ അടിച്ചേല്പിച്ച് നിയമത്തിന്റെ ഊരാക്കുടുക്കിൽ ജനങ്ങളെ നിർത്തി അവരുടെമേൽ അധികാരം സ്ഥാപിച്ച്, തങ്ങൾ വലിയവരാണെന്നുള്ള ഗർവ്വിൽ പരീശന്മാർ നടക്കുമ്പോൾ അവരുടെ നിയമങ്ങളെയും ആചാരങ്ങളെയും മാറ്റിപ്പറത്തി മത സാംസ്ക്കാരിക സാമൂഹിക ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞ് സാധാരണ ജനസമൂഹത്തെ സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിൻെറയും പുത്തൻമേച്ചിൽപ്പുറങ്ങളിലൂടെ നയിക്കുന്നത് പരീശന്മാർക്ക് സഹിക്കാവുന്നതിനും അപ്പുറമായിരുന്നു. അങ്ങനെ അവർ യേശുവിൽ കുറ്റം ആരോപിച്ച് യേശുവിനെ ജനഹൃദയങ്ങളിൽ നിന്നും പടിയിറക്കാൻ ശ്രമിച്ചു. ഏതുവിധേനയും യേശുവിന്റെ മേൽ കുറ്റം ആരോപിച്ച് യേശുവിൽ നീരസപ്പെടുവാൻ തുടങ്ങി.

യേശുവിനെ കായികമായി തോല്പിക്കുവാനല്ല മറിച്ച് മാനസികമായി തകർക്കുവാനുള്ള ശ്രമമാണ് അവൻ നടത്തിയത്. അതിനുവേണ്ടി അവർ പറഞ്ഞുനടന്നത്. 1 അവനു ബോധം നഷ്ടപ്പെട്ടു എന്നും 2 അവനിൽ പിശാചുണ്ട്. പിശാചിനെക്കൊണ്ട് ഇവൻ ഈ അത്ഭുതങ്ങൾ ഒക്കെ ചെയ്യുന്നു എന്നും ആണ്.

യേശുവിന്റെ സുബോധം നഷ്ടപ്പെട്ടു എന്നു പരീശന്മാർ പറഞ്ഞുപരത്തുമ്പോൾ അതുകേട്ട് അവന്റെ ചാർച്ചക്കാരും വീട്ടുകാരും അവനെ പിടിച്ചുകൊണ്ടുപോകാൻ ശ്രമിക്കുന്നു. അതിൽ ചാർച്ചക്കാരെ കുറ്റം പറയാൻ സാധിക്കില്ല. കാരണം സുബോധം പോയ ഒരാളെ സംരക്ഷിക്കുക എന്നുള്ളത് വീട്ടുകാരുടെ ഉത്തരവാദിത്വമാണ്. ഏതു വിധേനയും യേശുവിന്റെ മനോവീര്യം തകർക്കുക എന്നുള്ളതാണ് പരീശ സംഘങ്ങളുടെ ലക്ഷ്യം. മാനസികനില നഷ്ടപ്പെട്ട ഒരാളെ ബന്ധു

ക്കൾ സംരക്ഷിച്ചില്ല എങ്കിൽ പരീശ മതപ്രമാണിമാർ ഒരു പക്ഷേ ചാർച്ചക്കാരുടെ മേൽ കുറ്റമാരോപിക്കും അതായിരിക്കും യേശുവിന്റെ ബന്ധുക്കൾ അവനെ പിടിച്ചുകൊണ്ടു പോകാൻ ശ്രമിക്കുന്നത്.

ഒരു മനുഷ്യനിൽ പ്രവർത്തിക്കുന്നത് രണ്ടു ശക്തികളിൽ ഒന്നാണ്. അതിൽ ഒരു ശക്തി ദൈവികവും മറ്റേത് പൈശാചിക ശക്തിയും ആണ്. ഒരുവനിൽ ദൈവിക ശക്തിയാണ് നിറഞ്ഞു നിൽക്കുന്നതെങ്കിൽ അവനിലൂടെ ഒഴുകുന്നത് നന്മപ്രവർത്തികളും സാന്ത്വന വചനങ്ങളും നീതിയും സമാധാനവും ആയിരിക്കും. അതിലൂടെ ഒരു സമൂഹത്തെ മുഴുവനും സത്യത്തിലേക്കു തിരിക്കാൻ സാധിക്കും. എന്നാൽ ഒരുവനിൽ പ്രവർത്തിക്കുന്നത് തിന്മയുടെ പൈശാചിക ശക്തി ആണെങ്കിൽ ഒരു ജനതതിയെ മുഴുവൻ പാപത്തിന്റെ പടുകുഴിയിൽ തള്ളിയിടാൻ സാധിക്കും. എന്നാൽ യേശുവിൽ നിന്നുള്ള എല്ലാ പ്രവൃത്തികളും ദൈവാത്മനിറവിൽ ആയതിനാൽ അവയെല്ലാം വിശുദ്ധമായിരുന്നു. യേശുവിൽ ഉള്ള ദൈവീകതയെ ബോധപൂർവ്വം അവഗണിച്ച്, അവന്റെ നന്മ പ്രവർത്തിയെ തള്ളിക്കളഞ്ഞ് അവയ്ക്ക് എതിരെ സംസാരിക്കുന്നതാണ് പരിശുദ്ധാത്മാവിന് എതിരായിട്ടുള്ള പാപം എന്നു പറയുന്നത്.

ശാസ്ത്രി–പരീശ മതപ്രമാണിമാരുടെ അടിസ്ഥാനരഹിതമായ ആരോപണത്തിൽ സങ്കടപ്പെട്ടിട്ടായിരിക്കും യേശുതമ്പുരാൻ പറയുന്നത് "മനുഷ്യരുടെ സകലപാപങ്ങളും ക്ഷമിക്കും, പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമകിട്ടാതെ നിത്യശിക്ഷയ്ക്കു യോഗ്യനാകും" . തനിക്കെതിരെ ദുരാരോപണം ഉന്നയിക്കുന്നവരോട് ഒരു ഉപമയിലൂടെ യേശുതമ്പുരാൻ പ്രതികരിക്കുന്നുണ്ട്. ഒരു ഭവനത്തിനും ഒരു രാജ്യത്തിനും തന്നിൽ തന്നെ ഛിദ്രിച്ചാൽ നിലനിൽപ്പാൻ കഴിയില്ല എന്ന്.

നാം അധിവസിക്കുന്ന ഈ രാജ്യത്ത് നന്മയുടെ പ്രവൃത്തികളിൽ പങ്കാളികളായി ദേശത്തു നന്മ ചെയ്തു ജീവിക്കാൻ നമുക്ക് സാധിക്കണം. ഇതാണ് ദൈവികം, മറിച്ച് പരീശ-ശാസ്ത്രി മനോഭാവത്തോടെ നന്മയ്ക്കെതിരെ, ദൈവിക പ്രവർത്തനങ്ങൾക്ക് വിരോധമായി സംസാരിച്ച്, പ്രവർത്തിച്ച് ജനങ്ങളെ ഭിന്നിപ്പിച്ച് അവരിലുള്ള നന്മയുടെ തീനാളങ്ങൾ തല്ലിക്കെടുത്തി അനുസരണക്കേടു പ്രവർത്തിച്ചാൽ അവയെ പരിശുദ്ധാത്മാവിനു എതിരെയുള്ള പാപമായി യേശുനാഥൻ ഗണിക്കുകയും നിത്യാഗ്നിക്ക് ഇരയായിത്തീരുകയും ചെയ്യും. അതിനിടയാകാതെ നന്മപ്രവർത്തിപ്പാനും, അത് ചെയ്യുന്നവരെ കരുതുവാനും, അവരെ സഹായിക്കാനും, അതിനു സഹായം ചെയ്യാനും നന്മയുടെ വന്മരമായി തീർന്നു ദേശത്തു നന്മചെയ്യാനും ഇടയാകട്ടെ.

## പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായറാഴ്ച (മർക്കോ. 8:1 – 10) ജൂലൈ 31

ഏഴപ്പംകൊണ്ട് 4000 പേരെ പോഷിപ്പിക്കുന്ന സംഭവമാണ് ഇന്നത്തെ ചിന്താവിഷയം. മത്തായിയുടെ സുവിശേഷത്തിലും മർക്കോസിന്റെ സുവിശേഷത്തിലുമാണ് ഈ അത്ഭുതം രേഖപ്പെടുത്തിയിട്ടുള്ളത്. ഏഴപ്പം ഏകദേശം നാലായിരം പേരെ പോഷിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും അതിനുശേഷം ഏഴ് വൻകുട്ടകൾ നിറയ്ക്കുകയും ചെയ്തു. ഏഴ് എന്ന സംഖ്യയ്ക്കുള്ള പ്രാധാന്യം പഴയനിയമ പുസ്തകങ്ങൾ, യഹൂദ ചരിത്രം എന്നിവ നാം പഠിക്കുമ്പോൾ മനസ്സിലാകും. ആവർത്തന പുസ്തകത്തിൽ ഏഴ് പുറജാതി വിഭാഗത്തെ അവിടെനിന്നും നീക്കിയിട്ടാണ് ഇസ്രായേൽ ജനത്തിന് വാഗ്ദത്തനാട് കൈവശം കൊടുക്കുന്നത്.

മൂന്നു ദിനങ്ങൾ തന്നോടു പറ്റിച്ചേർന്നിരുന്ന ജനത്തെ വെറും കൈയ്യോടെ പറഞ്ഞയക്കാൻ മനസ്സില്ലാതെ, മനസ്സലിവു തോന്നിയ കരുണാമയൻ. നമ്മുടെ നിത്യജീവിതത്തിലെ ഓരോ ചെറിയ ആവശ്യങ്ങളെപ്പോലും മനസ്സിലാക്കുന്ന നമ്മുടെ ദൈവത്തിന്റെ അനുകമ്പയും, കരുണയും തിരിച്ചറിയാൻ ഈ ഒരു ചെറിയ വേദഭാഗം മാത്രം മതിയാകും.

**ഈ വേദഭാഗത്തിൽനിന്നും നാം പഠിക്കേണ്ട ചില കാര്യങ്ങൾ.**

രോഗസൗഖ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് യേശുവിനോട് ചേർന്നിരുന്നവർ മാത്രമല്ല ഈ ജനസമൂഹം. മറിച്ച് തങ്ങളുടെ വിശപ്പും, ദാഹവും, വീടും, ആടുമാടുകളെയും ഒക്കെ മാറ്റി നിർത്തി ദൈവിക മർമ്മങ്ങളെ പഠിക്കുവാനുള്ള ആത്മീയദാഹം യേശു തിരിച്ചറിയുന്നു. അവർ ആത്മീയ ദാഹത്തോടെ അവിടെ മൂന്നു ദിവസമായി പാർക്കുകയും ദൈവ വചനത്തിന്റെ മർമ്മങ്ങളും രഹസ്യങ്ങളും തിരിച്ചറിയുകയും ആത്മീയ ആനന്ദത്തിൽ പരിസരംപോലും മറന്ന് ലൗകിക ചിന്തകളിൽനിന്നും വിട്ടുമാറി യേശുവിൻ തൃപ്പാദത്തിൽ ഇരുന്നു സന്തോഷിക്കുന്നു. ഒരു പക്ഷേ യേശുക്രിസ്തുവും ഏറ്റവും അധികം സന്തോഷിച്ച നിമിഷമായിരിക്കാം. അങ്ങനെ സ്നേഹത്തിന്റെയും ആത്മീയ കൂട്ടായ്മയുടെയും അനുഭവത്തിൽ നിന്നും അവർ പിരിഞ്ഞ് തങ്ങളുടെ ഭവനത്തിലേക്ക് മടങ്ങിപ്പോകാൻ തുടങ്ങുമ്പോൾ അവരുടെ അപ്പോഴത്തെ ആവശ്യങ്ങൾ മനസ്സിലാക്കി അവരിൽ അനുകമ്പ തോന്നുന്ന ക്രിസ്തു.

പലപ്പോഴും നമ്മുടെ ആത്മീയ തീക്ഷ്ണതയുടെ കുറവായിരിക്കാം നമ്മിൽ ദൈവീക അനുഗ്രഹങ്ങൾ വരാത്തത്. ആത്മീയ വളർച്ച ആവശ്യമായ എല്ലാ അനുകൂല സാഹചര്യങ്ങളും നമുക്കുണ്ട്. എന്നാൽ യേശുവിനോട് കൂടെ മൂന്നു ദിനങ്ങൾ തങ്ങിയ ജനസമൂഹത്തിന് ഇന്നത്തെപ്പോലെ നമുക്കു ലഭിക്കുന്ന സാഹചര്യങ്ങൾ ഇല്ലായിരുന്നു. എന്നിട്ടും അവരുടെ ആത്മീയ തീക്ഷ്ണതയുടെ ആഴം എത്ര മാത്രം ഉണ്ടായിരുന്നു എന്നു നാം തിരിച്ചറിയണം.

ഇന്ന് നമുക്ക് ലഭിച്ചിരിക്കുന്ന ധാരാളം സമയങ്ങൾ ബോധപൂർവ്വം നഷ്ടപ്പെടുത്തിക്കളയാതെ യേശുക്രിസ്തു വസിക്കുന്ന ആലയത്തിൽ കടന്നുവന്ന് യേശുവിനോട് ചേർന്നിരുന്ന് ആത്മീയ ദാഹത്തോടെ ദൈവാലയ ശുശ്രൂഷകളിൽ പങ്കു ചേരുമ്പോൾ നമ്മുടെ ദൈനംദിന ആവശ്യങ്ങളെ യേശുതമ്പുരാൻ മനസ്സിലാക്കി, നമ്മെ വെറും കൈയ്യോടെ പറഞ്ഞയക്കാതെ നമ്മെ അനുഗ്രഹിച്ച് ആശിർവദിച്ച് തൃപ്തിയുടെ അനുഭവത്തിലൂടെ നയിക്കും. അതിന് ഈ വേദഭാഗം ഇടയായിത്തീരട്ടെ.

## കൂടാര പെരുന്നാളിനുശേഷം 1 – ാം ഞായർ (മത്തായി 21 :28 – 32) ആഗസ്റ്റ് 7

കൂടാര പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ചയിൽ പിതാക്കന്മാർ നമുക്ക് ഏവൻഗേലിയോൻ ധ്യാനത്തിനായി തന്നിരിക്കുന്ന വി.വേദഭാഗം വി.മത്തായിയുടെ സുവിശേഷം 21:28–32 വേദഭാഗങ്ങളാണ്.

തന്റെ അധികാരത്തെ ചോദ്യം ചെയ്ത പരിശ ശാസ്ത്രി മതപ്രമാണിമാരോട് യേശുതമ്പുരാൻ ചില ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്തരം മുട്ടിച്ച് അവരുടെ നിലനിൽപ്പുവരെ ചോദ്യം ചെയ്യപ്പെടും എന്ന് മനസ്സിലാക്കി യേശുക്രിസ്തുവിന്റെ മുന്നിൽ വായ് തുറക്കാൻ കഴിയാതെ തങ്ങൾ ഒന്നും അല്ല എന്നു തിരിച്ചറിഞ്ഞ് മതപ്രമാണിമാർ നിൽക്കുന്ന പശ്ചാത്തലത്തിലാണ് യേശുതമ്പുരാൻ ഈ ഉപമ പറയുന്നത്.

ഒരു പിതാവ് തന്റെ രണ്ട് മക്കളോട് ഇന്ന് തന്റെ മുന്തിരി ത്തോട്ടത്തിൽ വേല ചെയ്ക എന്നു പറയുകയും ആദ്യം പിതാവ് ആവശ്യപ്പെട്ട മകൻ തനിക്ക് പറ്റില്ല എന്ന് വളരെ കർക്കശമായി പറയുകയും പിന്നീട് ആ മകൻ തന്റെ പിതാവിനോട് പറഞ്ഞത് തെറ്റായിപ്പോയി എന്നു തിരിച്ചറിയുകയും പശ്ചാത്തപിക്കുകയും, തന്റെ പിതാവിന്റെ വാക്കിനു വില കല്പിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. രണ്ടാമൻ പിതാവ് മുന്തിരിത്തോപ്പിൽ വേലയ്ക്ക് പോകാൻ ആവശ്യപ്പെടുമ്പോൾ പിതാവിന്റെ മുന്നിൽ വിനീതനായി നിന്ന് അദ്ദേഹത്തെ അനുസരിക്കും എന്നു പറയുകയും അനുസരണക്കേടു കാണിക്കുകയും ചെയ്യുന്നു.

വി.വേദപുസ്തകത്തിൽ പുതിയനിയമത്തിലും, പഴയനിയമത്തിലും മുന്തിരിത്തോപ്പുകളെക്കുറിച്ചുള്ള ഉപമ കാണാൻ സാധിക്കും. യേശുതമ്പുരാൻ ഈ ഉപമ പറയുമ്പോൾ തങ്ങൾ ദൈവത്തിന്റെ സ്വന്തജനമാണെന്നു സ്വയം അവകാശപ്പെടുകയും, തങ്ങൾ ദൈവത്തിന്റെ കല്പനകൾ വള്ളിപുള്ളി തെറ്റാതെ അക്ഷരംപ്രതി അനുസരിക്കുന്നവരാണ് എന്ന് അവകാശപ്പെടുകയും ചെയ്യുന്ന മതപ്രമാണിമാരുടെ ഉള്ള് ഉള്ളതുപോലെ തിരിച്ചറിഞ്ഞ് പറയുന്ന ഉപമയാണിവ. ഇതിൽ മുന്തിരിത്തോപ്പിൽ വേലയ്ക്കു പോകാം എന്നു പറയുകയും എന്നാൽ പോകാതിരുന്ന മകൻ മതപ്രമാണിമാരുടെയും ശാസ്ത്രിപരീശസമൂഹത്തിന്റെയും പ്രതിനിധിയും, മുന്തിരിത്തോപ്പിൽ പോകയില്ല എന്ന് ആദ്യം പറയുകയും എന്നാൽ പിന്നീട് പശ്ചാത്തപിച്ച് വേലയ്ക്കു പോയ മകൻ, അനുതാപത്തിലൂടെയും അനുസരണത്തിലൂടെയും ദൈവരാജ്യത്തിന് അവകാശിയായവനുമാണ്.

നമ്മുടെ ദൈവം നമുക്ക് തന്നിരിക്കുന്ന സമയം തക്കത്തിൽ ഉപയോഗിക്കണം എന്നുള്ള ഒരു സന്ദേശം ഈ വേദഭാഗത്തിൽ ഒളിഞ്ഞ് കിടപ്പുണ്ട്. പിതാവ് മകനോട് പറയുന്നത് ഇന്ന് എന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്ക എന്നാണ്. ഇന്ന് ചെയ്യേണ്ട കാര്യം ഇന്നു തന്നെ ചെയ്ക. അത് അലസതയോടെ നാളത്തേയ്ക്ക് മാറ്റിയാൽ നാളെ അതുചെയ്യാൻ ഒരുപക്ഷേ അവസരം ലഭിക്കാതെ വന്നേക്കാം.

ഈ ഉപമയിൽ വാക്കും പ്രവർത്തിയും തമ്മിൽ പൊരുത്തപ്പെടാതെകിടക്കുന്നു. ഒരുവൻ വാക്കുകൊണ്ട് അനുസരിക്കുന്നു പ്രവർത്തിക്കുന്നില്ല. മറ്റവൻ വാക്കുകൊണ്ട് അനുസരിക്കുന്നില്ല എന്നാൽ പ്രവർത്തിക്കുന്നു. എന്നാൽ ഈ രണ്ടുകാര്യങ്ങളും അതായത് വാക്കുകളും പ്രവർത്തിയും ദൈവരാജ്യപ്രവർത്തനങ്ങളിൽ ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ പരസ്പരം ബന്ധപ്പെട്ടിരിക്കണം. ദൈവതിരുമുമ്പിൽ നമ്മുടെ വാക്കുകളും പ്രവർത്തികളും ദൈവിക പ്രവർത്തനങ്ങളിൽ പരസ്പരം ഒന്നു ചേർന്ന് നിൽക്കുവാൻ അതിലൂടെ ദൈവരാജ്യത്തിലേയ്ക്ക് അനേകരെ നയിക്കുവാൻ ഈ സുവിശേഷഭാഗം ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു..

## കൂടാരപെരുന്നാളിനുശേഷം 2 – ാം ഞായർ (മർക്കോസ് 12: 38 – 44) ഓഗസ്റ്റ് 14

ഈ വേദഭാഗത്തിലൂടെ രണ്ടുതരത്തിലുള്ള കാര്യങ്ങൾ യേശുതമ്പുരാൻ ചൂണ്ടിക്കാണിക്കുന്നു. ശാസ്ത്രി പരീശന്മാരുടെ മനോഭാവത്തെയും, വിധവയുടെ മനോഭാവത്തെയും. സമൂഹങ്ങളിൽ മുഖ്യസ്ഥാനവും, അങ്ങാടിയിൽ വന്ദനവും ആഗ്രഹിക്കുന്ന മതപ്രമാണിമാരെ നിങ്ങൾ സൂക്ഷിച്ചുകൊൾവീൻ എന്നു യേശു പറയുമ്പോൾ ദൈവം വെറുക്കുന്ന ചില കാര്യങ്ങൾ അവരുടെ ജീവിതത്തിൽ ഉണ്ട് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും സ്വാർത്ഥതയും ദുരാഗ്രഹങ്ങളും യേശു ചൂണ്ടിക്കാണിക്കുന്നു. താഴ്മയും വിനയവും ഇല്ലാത്ത മനോഭാവത്തോടെ ജീവിക്കുന്നവരാണ് ഈ പരീശ – ശാസ്ത്രി – മതനേതാക്കൾ. അതാണ് അവർ അങ്ങാടിയിൽ വന്ദനവും പള്ളികളിൽ മുഖ്യാസനങ്ങളും ആഗ്രഹിക്കുന്നത്.

യേശു തമ്പുരാൻ പരീശ–ശാസ്ത്രിമാരുടെ മനോഭാവങ്ങൾ കണ്ട് നമ്മോടു പറയുവാൻ ആഗ്രഹിക്കുന്നത് സ്വാർത്ഥതയുള്ള ജീവിതം ഒരുവനേയും ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കില്ല എന്നുള്ളതാണ്. അതാണ് ഇവരെ നിങ്ങൾ സൂക്ഷിച്ചുകൊൾവിൻ എന്നു പറയുന്നത്. സ്വാർത്ഥതയും ദുർമോഹങ്ങളും ജീവിതത്തിൽ നിലനിർത്തിയാൽ, അങ്ങനെയുള്ള ജീവിതശൈലിയിലൂടെ നമ്മുടെ ജീവിതത്തെ നയിച്ചാൽ ദൈവത്തോടു ചേരാൻ നമുക്ക് കഴികയില്ല എന്നു യേശുക്രിസ്തു ശക്തമായി പറയുന്നു. സമൂഹത്തിൽ മുഖ്യസ്ഥാനത്തിനുവേണ്ടി ഏതു തരത്തിലുള്ള മാർഗ്ഗം സ്വീകരിക്കാനും തയ്യാറാകുന്ന ജനസമൂഹത്തിന് യേശുക്രിസ്തു ഒരു താക്കീത് നൽകുന്നു. ക്രിസ്തുയേശുവിലുള്ള ഭാവം വെടിഞ്ഞ് മറ്റുള്ളവരുടെ പ്രീതിയും ബഹുമാനവും നേടിയെടുക്കാൻ എന്തു ക്രൂരതയും ചെയ്യാൻ തയ്യാറാകുന്നവരോടു യേശുക്രിസ്തു അരുളിചെയ്യുന്നു, അവർക്ക് ഏറ്റവും വലിയ ശിക്ഷാവിധി വരുന്നു എന്ന്. ക്രിസ്തുവിലള്ള ഭാവം എന്താണെന്ന് ഫിലിപ്യാ ലേഖനം 2–ാം അദ്ധ്യായം 4 മുതൽ 8 വരെയുള്ള വാക്യത്തിൽ പറയുന്നുണ്ട്. ക്രിസ്തുയേശുവിലുള്ള ഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ദാസരൂപമെടുത്തു. തന്നെ താഴ്ത്തി ക്രൂശിന്റെ മരണത്തോളം അനുസരണം ഉള്ളവനായിത്തീർന്നു. ഈ ഭാവം നമ്മിൽ ഉണ്ടെങ്കിൽ മാത്രമെ ദൈവവുമായി ചേർന്നിരിക്കാൻ ഒരുവനു കഴിയൂ. അല്ലാതെ പരീശ – ശാസ്ത്രി മനോഭാവത്തോടെ ജീവിച്ചാൽ ദൈവം നമ്മെ വെറുത്തു നാം ശിക്ഷാവിധിയ്ക്ക് അർഹരായിത്തീരും.

രണ്ടാമതായി നമ്മുടെ ദാനധർമ്മത്തെക്കുറിച്ച് യേശുതമ്പുരാൻ പറയുന്ന കാര്യം ചിന്തനീയമാണ്. ധനവാന്മാർ തങ്ങളുടെ സമൃദ്ധിയിൽ നിന്നും കൊടുക്കുമ്പോൾ, അവിടെ വിധവയായ സ്ത്രീ തന്റെ ഇല്ലായ്മയിൽ നിന്നും സന്തോഷത്തോടെ നൽകുന്നു. നമ്മുടെ ദാനധർമ്മത്തിൽ നമ്മെ ദൈവം അനുഗ്രഹിക്കുന്നതിന് വരവിന് തക്കവണ്ണം ധനം നൽകാൻ കഴിയണം. ദാനം നൽകുമ്പോൾ മറ്റുള്ളവർ കാണാൻ, അങ്ങാടിയിൽ വന്ദനം ലഭിക്കാൻ പരസ്യമായിട്ടല്ല നൽകേണ്ടത്, രഹസ്യമായി ദാനം നൽകാൻ കഴിയണം. വരവിനുതക്കതുപോലെ പതിവായി കൊടുക്കാൻ കഴിയണം. കൊടുക്കുന്നത് നല്ല മനസ്സോടെ സന്തോഷത്തോടെ നൽകുമ്പോഴാണ് അത് ദൈവസന്നിധിയിൽ അംഗീകാരമാകുന്നത്. അതുപോലെ മറ്റുള്ളവരുടെ പ്രേരണയിൽ നൽകാതെ ഉള്ളതിൽനിന്ന് വരവിനനുസരിച്ച് സൗജന്യമായി നൽകാൻ കഴിയണം. ഇങ്ങനെ നാം ദാനധർമ്മം നൽകുമ്പോഴാണ് നമ്മെ നോക്കി സ്വർഗ്ഗം സന്തോഷിക്കുന്നത്.

ശാസ്ത്രിപരീശമനോഭാവം വെടിഞ്ഞ് വിധവ തന്റെ ഇല്ലായ്മയിൽ നിന്ന് സന്തോഷത്തോടെ ദൈവസന്നിധിയിൽ സമർപ്പിച്ചതുപോലെ നമുക്കും പ്രവർത്തിക്കാം. ആയതിനു ക്രിസ്തു യേശുവിലുള്ള ഭാവം ഉൾക്കൊണ്ട് വിധവയുടെ ദാനധർമ്മമാതൃക പിൻപറ്റി നമുക്ക് ജീവിച്ച് സ്വർഗ്ഗരാജ്യനിർമ്മിതിയിൽ പങ്കുചേരാം. അതിനു ഈ വേദഭാഗം മുഖാന്തിരമായി തീരട്ടെ.

# കോട്ടയം വലിയപള്ളിയിൽ ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 95-ാമത് ശ്രാദ്ധപെരുന്നാൾ

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ പുണ്യശ്ലോകനായ ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 95-ാം ശ്രാദ്ധപ്പെരുന്നാൾ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളിയിൽ 2022 ജൂൺ 10,11 (വെള്ളി, ശനി) ദിവസങ്ങളിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

10-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് ചെങ്ങളം, വെള്ളുത്തുരുത്തി, ചിങ്ങവനം എന്നിവിടങ്ങളിൽ നിന്ന് എത്തിയ വിശ്വാസികളെ വികാരി ഫാ. ഡോ. തോമസ് എബ്രഹാം മലേശ്ശേരിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. സന്ധ്യാനമസ്കാരത്തിന് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്, കല്ലിശ്ശേരി, മലബാർ മേഖലയുടെ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനം ബഹു. തോമസ് ചാഴിക്കാടൻ MP ഉദ്ഘാടനം ചെയ്തു. മലങ്കര യാക്കോബായ കോട്ടയം ഭദ്രാസനാധിപൻ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത അനുസ്മരണ പ്രഭാഷണം നടത്തി. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷം വഹിച്ചു. അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, മുനിസിപ്പൽ കൗൺസിലർ ഷേബാ മാർക്കോസ്, വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ട്രസ്റ്റി കെ. ടി. സൈമൺ ഓണാട്ട്, സെക്രട്ടറി ജെനുമോൻ ജോസഫ് പ്ലാംകൂട്ടത്തിൽ, സുനിൽ എബ്രഹാം കല്ലുവെട്ടാംകുഴി, ജേക്കബ് പണിക്കർ പണിക്കരോടത്ത് തുടങ്ങിയവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി.

11-ാം തീയതി ശനിയാഴ്ച രാവിലെ പ്രഭാത നമസ്കാരത്തെ തുടർന്ന് റാന്നി, ബാഹ്യകേരള മേഖലയുടെ അഭി കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും റവ. ഫാ. ജേക്കബ് കല്ലുകുളത്തിന്റെയും റവ.ഫാ. ഷാജൻ കുര്യൻ കാരുവള്ളിലിന്റെയും സഹകാർമികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടന്നു. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥന, നേർച്ച വിളമ്പ്, പ്രദക്ഷിണം, ആശീർവാദം എന്നിവയോടെ ശ്രാദ്ധപെരുന്നാൾ സമാപിച്ചു.

# പൗരോഹിത്യ രജത ജൂബിലി



**ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളത്തിന്റെ പൗരോഹിത്യ രജത ജൂബിലി സമ്മേളനം മാതൃഇടവകയായ ചിങ്ങവനം ശാലേം പള്ളിയിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു, ക്നാനായ സമുദായമെത്രാപ്പോലീത്ത കുറിയാക്കോസ് മാർ സേവേറിയോസ്, ഫാ ജേക്കബ് കല്ലുകുളം, ഫാ. തോമസുകുട്ടി മങ്ങാട്ട്, റ്റി. ഒ.എബ്രഹാം ,ജയിംസ് പുല്ലംപറമ്പിൽ, എം. ഐ. ബാബു മടക്കുംമൂട്ടിൽ, റെജി മൂലംകുളം, റ്റി. സി. അരുൺ, അനീഷ് തകിടിയിൽ എന്നിവർ സമീപം**



**കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളിയിൽ വികാരി ഫാ. ജേക്കബ് കല്ലുകുളത്തിന്റെ പൗരോഹിത്യ രജതജൂബിലി അനുമോദന സമ്മേളനം ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. അഭിവന്ദ്യ കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, ഫാ. ജേക്കബ് കല്ലുകുളം, സുമ എബി, എ. കെ. തോമസ് പടിഞ്ഞാറേതിൽ, മോൻ കണ്ണാട്ടു പറമ്പിൽ എന്നിവർ സമീപം**

# ആകെ അല്പനേരം മാത്രം

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

ഒരിക്കൽ ഒരു രാജാവിന്റെ കൊട്ടാരത്തിൽ ഒരുയാചകന്റെ രൂപത്തിൽ ഒരു സുവിശേഷകൻ കടന്നു ചെന്നു. ഈ രാജാവിനെക്കുറിച്ച് ആർക്കും നല്ല അഭിപ്രായമില്ല. താനെന്നുള്ള ഒരു ഭാവം രാജാവിന് എപ്പോഴും ഉണ്ടായിരുന്നു. ഇതൊക്കെ ഒന്നു മാറ്റി എടുക്കുവാനാണ് യാചകന്റെ വേഷം ധരിച്ചു കയറിച്ചെല്ലുന്നത്. യാചകൻ ചെന്നപാടെ രാജാവിനോടു ചോദിച്ചു നേരം വൈകി. ഇനിയും മുമ്പോട്ടു നടക്കുവാൻ ആകുന്നില്ല, ഇതു കണ്ടിട്ടു ആൾക്കാരു കയറി ഇറങ്ങുന്ന ഒരു സത്രം പോലെ തോന്നിക്കുന്നു, ഒരു ദിവസം ഞാനും ഇവിടെ താമസിച്ചോട്ടെന്ന്. രാജാവിനു ദേഷ്യംവന്നു. ഇത്ര മനോഹരമായ ഈ കൊട്ടാരം സത്രത്തിനു തുല്യമാക്കിയതിൽ രാജാവു യാചകനോടു ചോദിച്ചു. താനെന്താണ് ഇതൊരു സത്രം പോലെയെന്നു പറഞ്ഞത്? യാചകൻ പറഞ്ഞു ഇവിടെ ആരുടെയൊക്കെയോ പ്രതിമയും പേരും ഒക്കെ കൊത്തിവച്ചിരിക്കുന്നതല്ലേ, അവരെ ആരെയും ഇവിടെ കാണുന്നുമില്ല. നേരത്തെ ഇവിടെ ആരാണ് താമസിച്ചത്? രാജാവു പറഞ്ഞു, എന്റെ പിതാവാണ്. പിന്നെയും ആരുടെയൊക്കെയോ പ്രതിമകളും പേരുകളുമൊക്കെ കാണുന്നല്ലോ, ആ യാചകൻ ചോദിച്ചു. രാജാവു മറുപടി പറഞ്ഞു പാരമ്പര്യമായി ഇവിടെ രാജാക്കന്മാർ താമസിച്ചതാണ്. അവരുടെ പേരുകളും പ്രതിമകളുമാണ്. അവരൊക്കെ എവിടെ പോയെന്ന് യാചകൻ ചോദിച്ചപ്പോൾ രാജാവു പറഞ്ഞു. അവരൊക്കെ മൺമറഞ്ഞു ഇതിപ്പോൾ എന്റെ കയ്യിലാണ്. യാചകൻ പറഞ്ഞു രാജാവിനിയും എത്രനാളും കൂടി ഇവിടെ കാണും സ്ഥിരമായി ഇവിടെ താമസിക്കുവാൻ പറ്റുമോ? രാജാവിനു മറുപടി പറയാൻ പറ്റിയില്ല. സ്ഥിരമായി താമസിക്കുവാനുള്ള അധികാരം ഇതിന്റെ ഉടമസ്ഥൻ കൊടുത്തിട്ടില്ലാന്നുള്ളത് രാജാവിനറിയാം. ഏതു രാജാവാണെങ്കിലും മന്ത്രിയാണെങ്കിലും ഒരു നിശ്ചിത സമയമുണ്ട്, ഈ വീടിനുള്ളിൽ സമയമാകുമ്പോൾ മാറിക്കൊടുത്തേ മതിയാവൂ. കയറിപ്പോകുവാനുള്ള വണ്ടി സ്റ്റാർട്ടു ചെയ്തു കിടക്കുകയാണ്.

ജീവിതം ഒരു യാത്ര മാത്രമാണ്. യാത്രയ്ക്കിടയിൽ മേടിച്ചു കൂട്ടിയതെല്ലാം വെറുതെ ആയി പോയീന്നു മനസ്സിലാകുമ്പോൾ എല്ലാം കഴിയും. നമ്മളും സമയംനോക്കി നിൽക്കും. സമയം നമ്മെ നോക്കി നിൽക്കുന്നില്ല "എന്റെ ജീവിതം എത്ര ക്ഷണികമെന്നു ഞാനറിയട്ടേ" (സങ്കി. 39:4).

റോഡിൽ കൂടെ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾ ഒന്നിനു പുറകെ ഒന്നായി പോകുമ്പോൾ ഒരെണ്ണം പെട്ടെന്നു നിന്നു പോയാൽ അവിടെ ഉണ്ടാകുന്ന ബ്ലോക്കുകൾ പിന്നെ നേരെയാവാൻ എത്ര നേരം വേണം എന്നു പറഞ്ഞതു പോലെയാണ് മരണവും. ഒന്നിനു പുറകേ ഒന്നായി ഓരോരുത്തരായി ലോകത്തിൽ നിന്നുമാറിക്കൊണ്ടിരിക്കയാണ്. ഒരാൾക്കുവേണ്ടിപോലും വെയ്റ്റു ചെയ്യുവാൻ സമയത്തിനു കഴിയുകയില്ല. ഓരോരുത്തർക്കും നിശ്ചയിച്ചിരിക്കുന്ന സമയത്തിനു മാറ്റം വന്നാൽ മൊത്തം പ്രശ്നമാണ്. നമ്മളു നടക്കുമ്പോഴും, കിടക്കുമ്പോഴും, കഴിക്കുമ്പോഴും അങ്ങനെ എല്ലാ സമയവും നമുക്കു പോകുവാനുള്ള രഥവും നമ്മുടെ തൊട്ടു പുറകിൽ തന്നെയുണ്ട്. ഇതൊന്നും ചിന്തിക്കാതെയാണ് ഈ ലോകത്തിന്റെ പോക്ക്. എവിടെയും സ്ഥാനങ്ങളും മാനങ്ങളുമാണ് ലക്ഷ്യം. അതിനുവേണ്ടി എന്തും ചെയ്യുന്ന ആത്മീയ നേതാക്കന്മാരെയാണ് ഇന്നു കാണുന്നത്. "അടിസ്ഥാനങ്ങൾ മറിഞ്ഞു പോയാൽ നീതിമാൻ എന്തു ചെയ്യും"(സങ്കീ.11:3). ആർക്കുവേണ്ടിയാണ് ഈ മൽപിടിത്തം. സഭയുടെ നിലനില്പിനുവേണ്ടിയോ അതോ അധികാരത്തിന്റെ ചെങ്കോൽ പിടിക്കാനോ? ആത്മീയ തലങ്ങൾപോലും രാഷ്ട്രീയക്കാരെപ്പോലെ ഭരണം ആഗ്രഹിക്കുന്നു. മനസ്സാക്ഷിയോടു ചോദിച്ചാൽ ദൈവത്തിനേക്കാളും സ്ഥാനം അധികാരങ്ങൾക്കാണെന്നു പറയും. ഇന്നല്ലങ്കിൽ നാളെ മാറി കൊടുക്കേണ്ടവർ. ആടുകളുടെ ഗന്ധമാകണം ഇടയന്റെ ഗന്ധം, സുഗന്ധദ്രവ്യങ്ങളുടെ വാസനയും വിയർപ്പിന്റെ മണവും ചേർന്നുപോകില്ല. സേവകർക്കുവേണ്ടത് കിരീടവും ചെങ്കോലും സിംഹാസനവുമല്ല. അധികാരത്തിന്റെയും അലങ്കാരത്തിന്റെയും വശ്യത ഇല്ലായിരുന്നു എങ്കിൽ എത്ര പേർ നേതാവിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കും? മരണത്തെക്കുറിച്ചോർത്താൽ എപ്പോഴാണെന്ന് അറിയുകയില്ലല്ലോ. ഉറങ്ങുമ്പോഴും നടക്കുമ്പോഴും എല്ലാം മരണം കൂടെ നില്ക്കുന്നു. ഇറങ്ങിയാൽ പിന്നെ മടങ്ങിവരവുമില്ല. തിരിച്ചുമടങ്ങി വരുന്നത് ഒന്നുണ്ട്, നമ്മുടെ പ്രവർത്തികൾ. അതു നമ്മുടെ കുടുംബത്തിന്, സമൂഹത്തിന്, ദേശത്തിന് വിലപിടിപ്പുള്ള സ്വത്തായിത്തീരട്ടെ.

## തുക കൈമാറി

അന്തരിച്ച ജയ്സൺ സ്കറിയ ഇളവൻകളം അച്ചന്റെ കുടുംബത്തിനുവേണ്ടി അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ നിർദ്ദേശ പ്രകാരം ക്നാനായ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഭരിച്ച എട്ടുലക്ഷം രൂപ 5/7/2022-ൽ സമുദായ മെത്രാപ്പോലീത്താ ക്നാനായ കമ്മിറ്റി അംഗങ്ങളുടെ സാന്നിധ്യത്തിൽ അച്ചന്റെ കുടുംബത്തിന് കൈമാറി.

## അറിയിപ്പ്

ബാംഗ്ലൂരിൽ പഠനത്തിനും ജോലിക്കുമായി വന്നിട്ടുള്ള വിദ്യാർത്ഥി/വിദ്യാർത്ഥിനികളും യുവതീയുവാക്കളും ബാംഗ്ലൂരിലുള്ള നമ്മുടെ ദൈവാലയങ്ങളുമായി സഹകരിച്ചു പോകണം എന്ന് അറിയിക്കുന്നു.

Contact No.
Fr. Jinu Mathew Melel - 8547528320
Fr. Jerin T Raju Tekkethil - 9745141575




മരത്തിൽ നിന്നും താഴെ വീണ ഒരു വവ്വാൽ അകപ്പെട്ടത് ഒരു കീരിയുടെ കൈകളിലാണ്. തന്നെ കൊല്ലരുതെന്ന് അവൻ കീരിയോട് കേണപേക്ഷിച്ചു. അപേക്ഷ നിരസിച്ചുകൊണ്ട് കീരി പറഞ്ഞു "എല്ലാ പക്ഷികളും എന്റെ ജന്മ ശത്രുക്കളാണ്"

അയ്യോ ഞാൻ പക്ഷിയല്ല. 'ഞാനൊരെലിയാണ്' എന്ന് വവ്വാൽ പറഞ്ഞപ്പോൾ അത് ശരിയാണെന്നു തോന്നിയ കീരി അവനെ വെറുതെവിട്ടു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അതേ വവ്വാൽ മറ്റൊരു കീരിയുടെ കൈയ്യിലകപ്പെട്ടു. വീണ്ടും ജീവനുവേണ്ടി കേണപ്പോൾ ആ കീരി പറഞ്ഞു "എലികൾ പണ്ടേ എന്റെ ജന്മ ശത്രുക്കളാണ്"

"അയ്യോ ഞാൻ എലിയല്ല, ഞാൻ കിളിയാണ്' എന്നു പറഞ്ഞു വവ്വാൽ രണ്ടാമതും രക്ഷപെട്ടു

ഗുണപാഠം: *പ്രതികൂല സാഹചര്യങ്ങൾ അനുകൂലമാക്കുന്നതിലാണ് യഥാർത്ഥ സാമർത്ഥ്യം.*

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. രാജധർമ്മം ഒരു പുസ്തകത്തിൽ എഴുതി യഹോവയുടെ സന്നിധിയിൽ വെച്ച പ്രവാചകൻ ആര്?
2. പ്രവാചകന്റെ വാക്ക് അനുസരിച്ച് അമ്പ് എടുത്തു നിലത്തടിച്ച രാജാവാര്?
3. ഉത്തമഗീതം എഴുതിയതാര്?
4. നീതിപുരം എന്നും വിശ്വസ്ത നഗരം എന്നും വിളിക്കപ്പെടുന്ന നഗരം ഏത്?
5. ഏതു നഗരത്തിനു വിരോധമായി പ്രസംഗിക്കുവാനാണ് യോനായ്ക്ക് അരുളപ്പാടുണ്ടായത്?
6. ദാര്യാവേശ് ബാബിലോണിൽ രാജ്യത്വം പ്രാപിച്ചപ്പോൾ അവന് എത്ര വയസ്സായിരുന്നു?
7. ആമോസിന്റെ ജന്മദേശം ഏത്?
8. യേശു മരുഭൂമിയിൽ ഉപവസിച്ചത് എത്ര ദിവസമാണ്?
9. ശൂശന്ന എന്ന വാക്കിന്റെ അർത്ഥം എന്ത്?
10. വി. ഗ്രന്ഥത്തിലും കത്തോലിക്കരുടെ ബൈബിളിലും ഉള്ളതും പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ സാധാരണ ഉപയോഗിക്കുന്ന ബൈബിളിൽ ഇല്ലാത്തതുമായ ഒരു വിഭാഗം പുസ്തകങ്ങൾ ഉണ്ട് അവയ്ക്കു പൊതുവെ പറയുന്ന പേരെന്ത്?

**ജൂൺ മാസത്തിലെ ഉത്തരങ്ങൾ**

1. ഗിലെയാദ് പർവ്വതത്തിൽവെച്ച് (ഉല്പ.31:23-25)
2. മിദ്യാൻ (പുറപ്പാട് 2:15)
3. സൗരഭ്യവാസനായ ദഹനയാഗത്തിൽ (ലേവ്യ 2:2)
4. ഇയ്യോബിനോട് (ഇയ്യോബ് 38:2)
5. പെരുഞ്ഞാറ (യെഹെസ്കേൽ 8:7)
6. ആമോസ് (ആമോസ് 9:1)
7. യോർദ്ദാൻ (മത്താ.3:1)
8. തിമായി (മർക്കോസ് 10:43)
9. ബെയെത്സെബൂൽ (ലൂക്കോ. 11:19)
10. അന്ത്യോഖ്യായിൽവെച്ച് (അപ്പോ.പ്ര.15:38)







## 40 – ാം ചരമദിനം

07 – 07 – 2022



Advt -O

# ജിൻസി ജോർജ് (44)

### പുത്തൻപുരയ്ക്കൽ, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

22 - 07 - 2022



Advt - O

# K.T.THOMAS (Kunjumon)

### കുന്നുംപുറത്ത്, താഴത്തങ്ങാടി, കോട്ടയം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 12 – ാം ചരമവാർഷികം

03 – 07 – 2022



Advt -O

# വാവച്ചൻ

### കറുകേലിൽ, തിരുവൻവണ്ടൂർ

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസനെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിന്നായ്

## 8th Death Anniversary

18 – 07 – 2022



# Ulahannan Cheriyan (Kunjukunju)

### Thekkeparambil, Veliyanad

Advt - R

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 8 – ാം ചരമവാർഷികം

01 – 08 – 2022



Advt -O

## തങ്കമ്മ മാത്യു

**പുല്ലാട്ട്, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 9 – ാം ചരമവാർഷികം

16 – 08 – 2022



Advt - S

## M.M. JOSEPH (ജോസ്)

**മുളമൂട്ടിൽ, കുറ്റൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 6th Birthday in Heaven

29 – 07 – 2022



Advt -S

## P. O. Kuriakose

**(Thankachen Pallical)**

**Puthuparambil, Chollanal, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 15 – ാം ചരമവാർഷികം

19 – 07 – 2022



Advt -S

## കെ. പി. ഏബ്രഹാം

**കല്ലുകുഴിയിൽ, കവിയൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 4 – ാം ചരമവാർഷികം

**24 – 07 – 2022**



Advt - S

## ഏബ്രഹാം മാണിക്യമംഗലം

**Manikamangalam, Puzhavathu**
**Changanassery, (Connecticut, USA)**

യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു
വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശവെച്ചുകൊൾവിൻ
1 Peter 1:13

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4 – ാം ചരമ വാർഷികം

**07 – 07 – 2022**



Advt - S

## M. Joseph (കറിയാകുട്ടി)

**Moolethara, Aythala, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 7th Death Anniversary

**31 – 07 – 2022**



Advt -S

## M. T. ABRAHAM


**Manimalethu, Vechoochira**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

By Sorrowing Family

## 3 – ാം ചരമവാർഷികം

**19 – 07 – 2022**




Advt - S

**ചെറുവട്ടയ്ക്കാട്ട്, ഐത്തല, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

19 – ാം ചരമവാർഷികം
